



"കുറ്റമില്ലാത്തവൻ, അവന്റെ ശത്രുക്കൾക്കും മറ്റുള്ളവരുടെ നന്മയ്ക്കായിട്ടും ജീവനെമറുവിലയായും, യാഗമായും നൽകിയതിനാൽ സർവലോകത്തിന്റെയും വിമോചകനാണ്. ഇതു പൂർണ്ണമായ സത്യവുമാണ്. യേശുക്രിസ്തു ഒരോരുത്തരുടേയും ഹൃദയങ്ങളിൽ പിറക്കണം."

**– നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി**

***Source :***

*1 ) Gandhi, Christ and Christainity, P. No. 1, Author : Pascal Alan Nazareth*
*2 ) My encounter with truth, P.No. 88, Author : Mahatma Gandhi*



"ജഡത്തിൽ യേശുവായ സത്യദൈവത്തെ മാത്രമേ നാം വണങ്ങാവൂ, ആരാധിക്കാവൂ. യേശു ഇല്ലാതെ ദൈവത്തെക്കുറിച്ചുള്ള വിചാരം നിഷ്ഫലമാണ്. യേശുക്രിസ്തുവിന്റെ കാലത്തു ഞാൻ പലസ്തീനിൽ ആയിരുന്നെങ്കിൽ, എന്റെ കണ്ണുനീരിനാൽ അല്ല ചങ്കിലെ രക്തത്താൽ അവന്റെ പാദങ്ങൾ കഴുകുമായിരുന്നു."

**– വിശ്വമാനവ സ്വാമി വിവേകാനന്ദൻ**

***Source:***

*1) The Complete Works of Swamy Vivekananda, Vol-4, P. No. 143, Author : Swamy Vivekananda*
*2) The Master As I Saw Him, P. No. 233, Author : Sister Nivedita*



"യേശുക്രിസ്തു കുരിശിൽ തൂങ്ങിയപ്പോൾ തന്നെത്തന്നെ രക്ഷിച്ചില്ല. കാരണം അവൻ ലോകത്തെ രക്ഷിപ്പാനായി ജനിച്ചു, മറിച്ച് തന്നെ രക്ഷിക്കുവാനല്ലായിരുന്നു." "എന്റെ അറിവിൽ 'ഗുരു' എന്നു വിളിക്കപ്പെടുവാൻ യോഗ്യനായി ഒരേ ഒരു വ്യക്തിയേ ഉള്ളൂ. അവൻ നസ്രായനായ യേശു അല്ലാതെ മറ്റാരും അല്ല."

**– മുൻ രാഷ്ട്രപതി ഡോ. സർവ്വേപള്ളി രാധാകൃഷ്ണൻ**

***Source :***

*1) A series of Vasan's life history, P. No. 15, Author : G.T. Ashwathnarayan*
*2) To the unknown God, Chapter 20, P. No. 161, Author : Vicki Harley Hollond*



"സ്നേഹം" "വാൾ" ഇവ ലോകത്തിലെ ദ്വിശക്തികളാണ്. സ്നേഹം എപ്പോഴും കത്തിയെ ജയിക്കുന്നു. ഉദാ: അലക്സാണ്ടർ, കൈസർ, ചാർളിമെൻ തുടങ്ങിയവർ വാളിനാൽ തങ്ങളുടെ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. എന്നാൽ ഇന്ന് അവ ഇല്ലാതെ പോയിരിക്കുന്നു. പക്ഷേ സ്നേഹത്തിന്റെ അസ്ഥിവാരത്തിന്മേൽ സ്ഥാപിക്കപ്പെട്ട യേശുക്രിസ്തുവിന്റെ സാമ്രാജ്യത്തിനായി ആയിരങ്ങൾ ബലിയർപ്പിക്കുവാൻ ഇന്നും സന്നദ്ധരാണ്.

**– നെപ്പോളിയൻ ബോണപ്പാർട്ട്**

***Source :***

*The message of Upanisad, P. No. 529, Author : Shri Swami Ranganathananda*

**Grace Brethren Assembly,**
Paper Town, Bhadravathi - 577302,
Shivamogga Dist, Karnataka State, INDIA.

# സത്യമേവ ജയതേ

(Malayalam)

***TRUTH ALONE TRIUMPHS***



*S. Giri*

# SATHYAMEVA JAYATHE

## TRUTH-ALONE TRIUMPHS

## സത്യമേവ ജയതേ

(**Malayalam**)

***S.* Giri, D C Sc & E, S A S**

**SATHYAMEVA JAYATHE**
**Post Box No:87, Shivamogga,**
**Karnataka State-577201, INDIA**
**Email:**sathyamevjayate.life@gmail.com
***Website:*** satyamevjayate.life
**Mob.: 9845417088**

**Publisher :**

*Grace Brethren Assembly*
*Paper Town, Bhadravati-577302*
*Shimogga District, Karnataka State*



**Sathyameva Jayathe –** Written by S. Giri based on Spiritual Contents collected from Various Religious Books and opinion expressed by our great leaders.

First Impression : August 2023
Pages : 88
Offering : Rs. 25 /- (For Private Circulation only)

**Translated by:**
**Rev. Joy K Peter, Tumkur,**
**Mob: 9481141616**

**Publisher:**

*Grace Brethren Assembly*
*Paper Town, Bhadravati-577302*
*Shimogga District, Karnataka State*

Most. Rev. Dr. Francis Serrao SJ
Bishop of Shimoga

Bishop's House,
Malligenahalli, Sagar Road
Shimoga - 577205, Karnataka
Cell:+91 9448355813
email:bpfrancisserraosj@gmail.com

## പൂർണ്ണമനസ്സോടെ അനുഗ്രഹത്തിന്റെ രണ്ടു വാക്കുകൾ

കിസ്തുവിൽ സഹോദരനായ ശ്രീ. എസ്. ഗിരി ക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിച്ച വ്യക്തിയാണ്. ക്രിസ്തുവിനെ പരിച്ചയപ്പെടുത്തുന്ന "സത്യമേവ ജയതേ" എന്ന ചെറുഗ്രന്ഥം ഇപ്പോൾ തന്നെ 15 ഭാഷയിലേയ്ക്കു പരിഭാഷ പ്പെടുത്തി കഴിഞ്ഞു. ഭാരതത്തിന്റെ ഓരോ മൂലയിലും യേശുക്രിസ്തുവിനെ ശരിയായ രീതിയിൽ മനസ്സിലാക്കണം. അതിനുള്ള ഈ ഉദ്യമം ശ്ളാഘനീയമാണ്. 20 അദ്ധ്യായങ്ങളുള്ള ഈ ചെറുഗ്രന്ഥത്തിൽ ഭാരത സംസ്കാരത്തെ പറ്റിയും പുരാതന വേദങ്ങളിൽ മറഞ്ഞിരിക്കുന്ന കിസ്തുവിനെ പറ്റിയും അവന്റെ പ്രബോധനത്തെ പറ്റിയും ധൈര്യമായി പ്രസാതാവിക്കുന്നു. പരിശുദ്ധ മറിയത്തെ പറ്റിയും യേശുക്രിസ്തുവിനെ കുറിച്ചും ഖുർആൻ ൽ രേഖപ്പെടുത്തിയിരിക്കുന്നത് ഈ ഗ്രന്ഥത്തിൽ കാണുവാൻ സാധിക്കും.

കിസ്തുവിലുള്ള സത്യവും കിസ്തുജീവിതവും സ്വാധീനിച്ച് ശ്രേഷ്ഠ ജീവിതം നയിച്ചവരാണ് മഹാത്മഗാന്ധിയും, മദർ തെരേസയും. ഈ രീതിയിൽ നമ്മൾ എല്ലാവരും കിസ്തു വിന്റെ സാക്ഷികൾ ആകണം. കിസ്തുവിലുള്ള സത്ഗുണങ്ങൾ നമ്മുടെ ജീവിതത്തിൽ സ്വീകരിച്ച് ആദർശമുള്ളവരായി ജീവിക്കണമെന്ന് ഗ്രന്ഥകർത്താവ് ആഗ്രഹിക്കുന്നു.



നമ്മൾ എല്ലാവരും ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക് ചുവടുകൾ വയ്ക്കണം. സ്വർഗ്ഗത്തിന്റെയും പ്രപഞ്ചത്തിന്റെയും ശ്രേഷ്ഠമായ വിളക്ക് കിസ്തുവാണ്. അവന്റെ പ്രകാശത്തിലേക്ക് ചുവടു വയ്ക്കുന്നവർ അനുഗ്രഹിക്കപ്പെട്ടവർ ആണ്. ഇരുട്ടിലുള്ളവരെ പ്രകാശത്തിലേക്ക് നടത്തുന്നത് നമ്മുടെ കർത്തവ്യമാണ്. 2000 വർഷങ്ങൾക്ക് മുമ്പ് കിസ്തു പലർക്കും നക്ഷത്ര ത്തെപ്പോലെയും സൂര്യനെപ്പോലെയും പ്രകാശം നല്കി. ഇന്നും പലരുടെയും ജീവിതത്തിൽ അവൻ പ്രകാശിക്കുന്നു എന്ന സന്ദേശം ഈ ഗ്രന്ഥത്തിൽ ഉണ്ട്. കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും, തടവുകാർക്കു വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും ദുഃഖിതർക്കു ആശ്വാസം അറിയിപ്പാനുമുള്ള കിസ്തുവിന്റെ രണ്ടാം വരവിനെ പറ്റിയും, സ്വർഗ്ഗരാജ്യം സത്യരാജ്യം, അത് ന്യായവും നീതിയും നല്കുന്ന രാജ്യം, ഓരോരുത്തർക്കു യോഗ്യതയും ബഹുമാനവും നല്കുന്ന രാജ്യം ഇതാണെന്നും ഇങ്ങനെയുള്ള രാജ്യം സ്ഥാപിക്കാൻ ഓരോരുത്തരെയും കിസ്തു ആഹ്വാനം ചെയ്യുന്നു എന്നും ഈ ഗ്രന്ഥത്തിൽ സ്പഷ്ടമായി കാണുന്നു.

സഹോദരൻ ശ്രീ. എസ്. ഗിരിയെപ്പോലെയുള്ള വ്യക്തി യെ നമുക്ക് തന്ന ദൈവത്തെ സ്തോത്രം ചെയ്യുന്നു. ഇങ്ങനെ യുള്ളവരിൽ കൂടെ കിസ്തുവിനെ കുറിച്ചുള്ള അറിവ് മറ്റുള്ളവർക്കു ലഭിക്കുന്നതിനും എല്ലാവർക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നും വന്ന ജീവൻ നല്കുന്ന അപ്പമായ ക്രിസ്തുവിൽ ജീവിക്കുവാൻ ഭാഗ്യവും അനുഗ്രഹവും ലഭിക്കട്ടെ എന്നുമാണ് എന്റെ പ്രാർത്ഥന.

എന്ന് ക്രിസ്തുവിൽ നിങ്ങളുടെ

Most. Rev. Dr. Francis Serrao SJ
Bishop of Shimoga

## മുഖവുര

യേശുക്രിസ്തുവിന്റെ ജീവിതവും മഹത് വ്യക്തികളുടെ പ്രസ്താവനകളും ഗ്രന്ഥങ്ങളും പല വേദ എഴുത്തുകളും പരിശോധിച്ചതിന് ശേഷമാണ് ''സത്യമേവ ജയതേ'' എന്ന ഈ ഗ്രന്ഥം ശ്രീ. എസ്. ഗിരി എഴുതിയിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. ഏതൊരു സത്യാന്വേഷിയായ സാധാരണക്കാരനും മനസ്സിലാക്കി കൈക്കൊള്ളാവുന്ന വിധം സരളമായ ഭാഷയിൽ ദൈവീക സത്യങ്ങൾ ഈ പുസ്തകത്തിൽ വിവരിക്കുന്നു. ഞാൻ ആരാകുന്നു? ഞാൻ ഇവിടെ എന്തിനു വന്നു? ഞാൻ എവിടേയ്ക്കു പോകുന്നു? എന്ന് മാത്രമല്ല, ജീവിതത്തിന്റെ അർത്ഥം എന്താണ്? ഇത്യാദി മനുഷ്യന്റെ നിരന്തര ചോദ്യങ്ങൾക്ക് ഈ പുസ്തകം ഉത്തരം നൽകുന്നു. പലരും ജീവിതത്തെക്കുറിച്ച് ആശയക്കുഴപ്പത്തിലാണ്. അവർ അസ്വസ്തരാണ്. കുറ്റബോധത്താൽ കഷ്ടപ്പെടുന്നു. സന്തോഷവും സമാധാനവും നഷ്ടപ്പെട്ട് അനേകർ ലക്ഷ്യബോധ മറ്റിരിക്കുന്നു. വിവിധമായ വ്യത്യസ്ഥ നിരൂപണങ്ങളാൽ അനേക ഗുരുവര്യന്മാർ ആലോചനകൾ ഉരുവിട്ടിട്ടും ആധികാരികമായി അംഗീകരിപ്പാൻ യോഗ്യമായ ആലോചന എന്ത് എന്നുള്ളതിനെ കുറിച്ചുള്ള സംവാദങ്ങൾ തുടർന്നു പോകുന്നു. ഈ ജീവിതം ക്ഷണമാത്രയിൽ കഴിഞ്ഞുപോകും.

ഈ ജീവിതത്തിൽ എടുക്കുന്ന തീരുമാനം നിത്യജീവിതത്തിലേക്കു നമ്മെ എത്തിക്കും. ഗംഭീരമായ ഈ ജീവിതദിശയിലേക്കു വിരൽ ചൂണ്ടിക്കൊണ്ട് ജീവിതത്തിന്റെ അന്ത്യലക്ഷ്യത്തിലേയ്ക്കുള്ള സത്യത്തിലേക്ക് ശ്രീ. ഗിരി നമ്മെ നയിക്കുന്നു. അതായത് സ്വർഗ്ഗം, നരകം എന്നിവയെക്കുറിച്ചും സ്വർഗ്ഗപ്രാപ്തി എങ്ങനെ സാധ്യമെന്നും ഇവിടെ വിവരിക്കുന്നു. വ്യക്തവും തുറന്നതുമായ മനസ്സുള്ള ഒരു വായനക്കാരൻ സത്യം കണ്ടെത്തുകയും അതിന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കുകയും ചെയ്യും.



ഇത് ആദ്യമായി കന്നടഭാഷയിലാണ് രചിക്കപ്പെട്ടത്. ഇതിന്റെ പ്രചാരം വളരെ വർദ്ധിച്ചതിനാൽ മലയാള ഭാഷയിലേയ്ക്കു പരിഭാഷപ്പെടുത്തി, വായനക്കാരന് അർത്ഥപൂർണ്ണമാകുവാൻ വളരെ ലളിതമായി വിവരിച്ചിരിക്കുന്നു. ഈ പുസ്തകം വായിക്കുന്ന ഏവർക്കും കൂടുതൽ അറിവും അനുഗ്രഹവും ലഭിക്കട്ടെ എന്നു ആശംസിക്കുന്നു.

**പ്രഭുദാസ് റ്റി.എസ്.**

റിട്ട. മാനേജർ (HRD) MPM ഭദ്രാവതി ശിവമോഗ്ഗ, കർണ്ണടക

## ഗ്രന്ഥകാരന്റെ രണ്ടു വാക്ക്

ഏതൊരു കാര്യത്തിലും വളരെ ആലോചിച്ചു തീരുമാനമെടുക്കുന്ന നാം ദൈവീക വിഷയത്തിൽ മാത്രം ഭയമില്ലാതെ നമ്മുടെ സ്വന്ത ഇഷ്ടപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനാൽ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയാതെ പോകുന്നു. ആയതിനാൽ സത്യാന്വേഷിയായ എന്റെ അന്വേഷണത്തിൽ ഞാൻ കണ്ടെത്തിയ സത്യങ്ങൾ എന്റെ പ്രിയപ്പെട്ട മിത്രങ്ങളെ അറിയിക്കുക എന്നത് എന്റെ കർത്തവ്യമാണ്. അതുകൊണ്ട് ഇവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നു.

ഒരു മുൻവിധിയും, പക്ഷപാദവും, വ്യക്തിപരമായ സ്വാർത്ഥലാഭവും ഇല്ലാതെ രാജ്യത്തിന്റെ നിയമസംഹിതയ്ക്കുള്ളിൽ നിന്നുകൊണ്ട് ഈ ചെറുപുസ്തകം നിങ്ങളുടെ കൈകളിൽ എത്തിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ''**സത്യം**'' മാത്രമേ ജയിക്കൂ! ആ സത്യം എല്ലാവരിലും എത്തിച്ചേരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഈ പുസ്തകത്തിന് **"സത്യമേവ ജയതേ"** എന്നു നാമകരണം ചെയ്തിരിക്കുന്നത്.

അനേകരുടെ ആവശ്യപ്രകാരം ഈ പുസ്തകം നമ്മുടെ രാജ്യത്തിന്റെ തന്നെ പതിനഞ്ചു (15) ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതിന്റെ ഉപയോഗം എല്ലാവർക്കും ഉണ്ടാകട്ടെ എന്ന ആശംസയോടെ.... **എസ്. ഗിരി**

## വിഷയവിവരം

1. മനുഷ്യജീവിതം........................................................................................ 8
2. മനുഷ്യന്റെ ആത്മാവ് ..........................................................................10
3. മോക്ഷമാർഗ്ഗം ....................................................................................... 14
4. ക്ഷമാപണം ............................................................................................... 18
5. പ്രജാപതിയും മൃഗബലിയും വേദങ്ങളിൽ.............................20
6. യേശുക്രിസ്തുവിന്റെ പുന:രുത്ഥാനവും സ്വർഗ്ഗാരോഹണവും.........................................................................25
7. യേശുക്രിസ്തുവിന്റെ മടങ്ങിവരവ്...........................................27
8. പാപപരിഹാരം (വീണ്ടെടുപ്പ്) ആർ മുഖാന്തിരം..................29
9. യേശു പറഞ്ഞത് എന്തുകൊണ്ടു നിങ്ങൾ വിശ്വസിക്കണം?.............................................................................. 30
10. വിശുദ്ധ വേദപുസ്തക ചരിത്രം.................................................33
11. ധനവാന്റെയും ദരിദ്രന്റെയും കഥ............................................35
12. ആരാണ് യേശുക്രിസ്തു ? ഇതിനെക്കുറിച്ചുള്ള നിങ്ങളുടെ തീരുമാനം?............................................................. 36

### ചില ദിനപത്രികകളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ

13. ദൈവമായ യേശു പരിശുദ്ധൻ.................................................. 38
14. യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിന്റെ സാരാംശം.......... 41
15. യേശുക്രിസ്തു ചെയ്ത 37 പ്രധാന അതിശയങ്ങൾ/ അത്ഭുതങ്ങൾ................................................................................. 46
16. വ്യഭിചാര കുറ്റത്തിൽ പിടിക്കപ്പെട്ട ഒരു വേശ്യയെ ശിക്ഷിക്കുന്നതിനായി യേശുക്രിസ്തുവിന്റെ മുമ്പിൽ കൊണ്ടുവന്നത്.......................................................................... 55
17. മരണശേഷം എന്ത്? വിശുദ്ധ വേദപുസ്തകത്തിൽ ഈ ചോദ്യത്തിന് വ്യക്തമായ മറുപടി..............................................59
18. യേശുക്രിസ്തു കുരിശിൽ പറഞ്ഞ 7 മൊഴികൾ............... 65
19. ഭൂഗോളമെല്ലാം പ്രസംഗിക്കപ്പെട്ട യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ.....................................................................................66
20. ദൈവ ജ്ഞാനം.................................. 83



## 1. മനുഷ്യജീവിതം

ഹൈന്ദവ വിശ്വാസം ലോകത്തിലെ പുരാതന വിശ്വാസങ്ങളിൽ ഒന്നാണ്. ഭാരതത്തിലേക്കു കുടിയേറിയ ആര്യന്മാർ സിന്ധു നിവാസികളായിരുന്നു. അവർ സിന്ധുനദീതീരത്തു വാസമുറപ്പിച്ചു. സിന്ധുക്കൾ എന്നറിയപ്പെട്ടിരുന്ന ഇവർ കാലക്രമേണ ഹിന്ദുക്കൾ എന്നറിയപ്പെട്ടു. ക്രിസ്തുവർഷം 3000–നു മുമ്പുതന്നെ ഇവർ ഭാരതത്തിലേക്കു കുടിയേറിയിരുന്നു എന്നുള്ള വാദമുണ്ട്. ഭാരതത്തിലേക്കു കുടിയേറിയ ഇവർ പല ഇടങ്ങളിലും രാജ്യം സ്ഥാപിച്ചു സ്ഥിരതാമസക്കാരായി തീർന്ന ശേഷം സൃഷ്ടാവായ പരബ്രഹ്മത്തെ നിരന്തരം അന്വേഷിച്ചു കൊണ്ടിരുന്നു. അശുദ്ധനായ മനുഷ്യൻ പരിശുദ്ധനായ ദൈവത്തോടു സംസർഗ്ഗത്തിൽ എത്തണമെങ്കിൽ ആദ്യമായി പരമാത്മാവിൽ നിന്നും അവന്റെ പാപത്തിന് പ്രായശ്ചിത്തം ലഭ്യമായേ തീരൂ എന്ന ബോധ്യമുണ്ടാ യിരുന്നു. എന്നാൽ ഈ പാപമോക്ഷം പ്രാപിക്കുന്നത് എങ്ങനെയെന്നുള്ള ചോദ്യത്തിന് ഒരു ശ്ലോകം ഋഗ്വേദത്തിലെ സന്ധ്യാവന്ദനത്തിൽ നിന്നും കാണാവുന്നതാണ്. ഈ ശ്ലോകം ഋഗ്വേദം: ദേവതാർച്ചന വിധിയുടെ പേജ് 62 ൽ കാണുന്നു.

***पापोऽहं पापकर्माहं पापात्मा पापसम्भवः।***
***त्राहि मां कृपया देव शरणागत वत्सल।***
***अन्यथा शरणं नास्ति त्वमेव शरणं मम॥***
***तस्मात्तकारुण्य भावेन रक्ष रक्ष जनार्दन॥***
***आ...नमः। प्रदक्षिण नमस्कारन समर्पयामि॥***

*പാപോഹം പാപകർമ്മോഹം പാവാത്മ പാപസംഭവ |*
*ത്രാഹിമാം കൃപയാ ദേവ ശരണഗതാ വത്സല |*
*അന്യഥാ ശരണം നാസ്ഥി ത്വമേവ ശരണം മമ ||*
*തസ്മാത്കാരുണ്യ ഭാവേന രക്ഷ രക്ഷ ജനാർദ്ദന ||*
*ആ... നമഃ പ്രദക്ഷിണ നമസ്ക്കാരൺ സമർപ്പയാമീ ||*

**ശ്ലോകത്തിന്റെ അർത്ഥം:** പാപം ചെയ്തു ഞാൻ പാപിയായി തീർന്നിരിക്കുന്നു. പാപാത്മനായിരിക്കുന്നതിനാൽ പാപം ചെയ്തു പോകുന്നു. ശരണം നൽകുന്ന വത്സലനേ ദൈവമേ കൃപയുണ്ടായി എന്നെ രക്ഷിക്കണേ! എനിക്കു നിന്നിൽ അല്ലാതെ വേറെ ഒരുത്തനിലും ശരണം ഇല്ല. ആകയാൽ ഞാൻ വണങ്ങുന്നു. കരുണ തോന്നി എന്നെ രക്ഷിക്കണേ ജനാർഥന. പ്രദിക്ഷണത്തിൽ അങ്ങയെ നമസ്ക്കരിക്കുന്നു.

നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ഒരു വ്യത്യാസവും ഇല്ല. എല്ലാവരും പാപം ചെയ്തു ദൈവമഹത്വം നഷ്ടപ്പെടുത്തിയിരിക്കുന്നു. നമ്മിൽ പാപം ഇല്ല എന്നു പറയുന്നു എങ്കിൽ നമ്മെത്തന്നെ നാം വഞ്ചിക്കുകയാണ്. ഈ പാപത്തിൽ നിന്നും മോചനം പ്രാപിക്കുവാൻ മനുഷ്യന്റെ സത്കർമ്മങ്ങളാൽ സാധിക്കുകയില്ല. ജപതപങ്ങളാലും സാധ്യമല്ല. കാരണം നിയമാനുഷ്ഠാനങ്ങൾ അനുസരിച്ചു നീതിമാനായ ദൈവമുമ്പാകെ ഒരു മനുഷ്യനും നീതീകരിക്കപ്പെടുവാൻ കഴിയുകിയില്ല. അങ്ങനെ എങ്കിൽ ആദിയിൽ നിന്നും പാപത്തിൽ മുങ്ങി താണു കൊണ്ടിരിക്കുന്ന നമുക്ക് പാപമോക്ഷം ലഭിക്കുകയില്ലയോ? നാം എല്ലാവരും അശുദ്ധരായിരിക്കുന്നു. നമ്മുടെ സൽപ്രവൃത്തികളെല്ലാം കറ പുരണ്ട വസ്ത്രം പോലെയായിരിക്കുന്നു എന്നു വിശുദ്ധ വേദപുസ്തകം പറയുന്നു.

### കന്നഡ മഹാകവി പുരന്ദരദാസരു പാടിയിരിക്കുന്നതു കേൾക്കൂ....

''വേപ്പിലയിൽ ശർക്കര സൂക്ഷിച്ചാൽ പ്രയോജനം എന്തു? മൂർഖൻ പാമ്പിനെ പാലൂട്ടിയാൽ പ്രയോജനം ഉണ്ടോ? തന്ത്രശാലിയായ തന്ത്രി മന്ത്രം ചൊല്ലിയാൽ മോക്ഷം പ്രാപ്യമോ? കോപിഷ്ഠൻ കോപം അടക്കാതെ ഉപവസിച്ചാൽ ഫലമുണ്ടോ? മാതാപിതാക്കളെ നാടോടികളാക്കി തീർത്ഥയാത്രകൾ



ചെയ്താൽ പുണ്യം കിട്ടുമോ? കൊലപാതകി ആയവൻ നിരന്തരം ഗീത പാരായണം ചെയ്താൽ എന്തു ഫലം? പതിയെ നിന്ദിക്കുന്ന പത്നി അനേകം ജപതപം ചെയ്താൽ എന്തു ഫലം? അതിഥികളുടെ ഇടയിൽ കലഹം ഉണ്ടാക്കിയാൽ എന്തു ഫലം? ദുഷ്ടത വിടാതെ ഗംഗയിൽ മുങ്ങി പുണ്യസ്നാനം ചെയ്താൽ എന്തു ഫലം?''

## 2. മനുഷ്യന്റെ ആത്മാവ്

ദൈവം സർവ്വ മൃഗങ്ങളെയും പക്ഷി പ്രാണികളെയും തന്റെ വായിൽ നിന്നും പുറപ്പെടുവിച്ച വചനത്താൽ ജീവനും ശരീരവും ഉള്ളവയായി സൃഷ്ടിച്ചു. അവയുടെ നാശത്തിന് ശേഷം എല്ലാം ശൂന്യമായി തീരുന്നു. അതിനു ശേഷം ദൈവം നാം നമ്മുടെ സ്വരൂപത്തിൽ, നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക എന്നു പറഞ്ഞുകൊണ്ട് നിലത്തെ പൊടികൊണ്ടു മനുഷ്യനെ ഉണ്ടാക്കി. അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. ഇങ്ങനെ മനുഷ്യൻ ജീവനും, ആത്മാവും, ശരീരവും ഉള്ളവനായിത്തീർന്നു.

മനുഷ്യന്റെ ഇഹലോക ജീവിതം താൽക്കാലികമാണ്. ഒരിക്കൽ നാം എല്ലാവരും ഈ ലോകം വിട്ടു പോകേണ്ടി വരും. ഈ ഭൂമിയിൽ ജനിച്ച ഓരോ മനുഷ്യനും അവൻ എത്ര ശ്രേഷ്ഠൻ, പരാക്രമി, പണക്കാരൻ, ബുദ്ധിമാൻ അല്ലെങ്കിൽ നല്ലവൻ ആയിരുന്നാലും മരണം വന്ന ക്ഷണ മാത്രയിൽ ഭയപ്പെട്ട് വിറങ്ങലിക്കും. ഈ ഭൂമിയിലേക്ക് നാം ഒന്നും കൊണ്ടു വന്നിട്ടില്ല. അതുകൊണ്ട് ഇവിടെ നിന്ന് ഒന്നും കൊണ്ടു പോകുവാനും കഴിയുകയില്ല. അവന്റെ സമ്പാദ്യങ്ങളെല്ലാം ഇവിടെ തന്നെ ഉപേക്ഷിച്ച് പോകണം അല്ലെങ്കിൽ കൊടുത്തിട്ട് പോകണം. മനുഷ്യന്റെ മരണം രോഗത്താലും, അപകടത്താലും,

പ്രകൃതിക്ഷോഭത്താലും വേറെ പല കാരണങ്ങളാലും സംഭവിക്കാം. അത് എപ്പോൾ, എങ്ങനെ, എവിടെ വെച്ച് സംഭവിക്കുമെന്ന് പറയുവാൻ സാധിക്കുകയില്ല. ഈ മരണത്തിൽ നിന്നും ആർക്കും ഓടി രക്ഷപെടുവാനും കഴിയുകയില്ല. കാരണം അത് ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ജഡത്തിൽ മരണം സംഭവിക്കുന്നു. ആത്മാവിനു മരണമില്ല. ശാരീരിക ജനനം ഒരിക്കൽ മാത്രം. മരണശേഷം മനുഷ്യന്റെ ആത്മാവ് നിത്യനരകത്തിൽ അല്ലെങ്കിൽ സ്വർഗ്ഗത്തിൽ ചേർക്കപ്പെടും. ഇതിന്റെ നടുവിൽ മൂന്നാമതൊരു സ്ഥലം ഇല്ല.

## നരകം

നമ്മുടെ ജീവാത്മാവ് നരകം ചേരുവാൻ നാം ഒന്നും തന്നെ ചെയ്യേണ്ടതില്ല, അവിടേക്ക് നമുക്ക് സൗജന്യ പ്രവേശനമുണ്ട്. ചിലർ ഊഹിക്കുന്നതുപോലെ നരകത്തിൽ വ്യഭിചാരമോ, മദ്യപാനമോ, അശ്ലീലങ്ങളോ മറ്റു യാതൊരു പാപപ്രവർത്തികളോ ചെയ്തു സന്തോഷിക്കാവുന്ന സ്ഥലമല്ല. അത് ഗന്ധകത്താൽ ജ്വലിക്കുന്ന തീക്കടലാണ്. അത് തീപൊയ്കയാണ്; നിത്യമായ പീഡനത്തിന്റെയും യാതനയുടെയും സ്ഥലമാണ്.

നരകത്തെക്കുറിച്ച് വി. ഖുർആൻ 22 ൽ ഹജ്ജിലും, 23 അൽ-മൂമിനൂൻ സുറാ 22:19-22 ലും, 23:104 ലും ഇപ്രകാരം എഴുതിയിരിക്കുന്നു.

### 22:Al-Hajj سُوۡرَةُ الحَجّ ٢٢

**19: یہ دو (فریق) ایک دوسرے کے دشمن اپنے پروردگار (کے بارے) میں جھگڑتے ہیں۔ تو کافر ہیں ان کے لئے آگ کے کپڑے قطع کئے جائیں گے اور ان کے سروں پرجلتا ہوا پانی ڈالا جائے گا)**

**അർത്ഥം:** അവരുടെ തലയിൽ തിളയ്ക്കുന്ന വെള്ളം ഒഴിക്കും.



**20 : اس سے ان کے پیٹ کے اندر کی چیزیں اور کھالیں گل جائیں گی**

**അർത്ഥം:** അതുകൊണ്ടു അവരുടെ തോൽ മാത്രമല്ല

**21 : اور ان )کے مارنے ٹھوکنے (کے لئ ے لوہے کے ہتھوڑے ہوں گ**

**അർത്ഥം:** പിന്നെ അവരെ ശിക്ഷിക്കുവാൻ ഇരുമ്പ് ഗദകൾ ഉണ്ട്.

**22 : جب وہ چاہیں گے کہ اس رنج (وتکلیف) کی وجہ سے دوزخ سے نکل جائیں تو پھر اسی میں لوٹا دیئےجائیں گے۔ اور (کہا جائے گا کہ) جلنے کے عذاب کا مزہ چکھتے رہو**

**അർത്ഥം:** അവർ ഭയഭ്രാന്തിയാൽ നരകത്തിൽ നിന്നും ഓടി രക്ഷപ്പെടുവാൻ ശ്രമിക്കുമ്പോൾ എല്ലാം ചുട്ടെരിക്കുന്നതിന്റെ രുചി അനുഭവിക്കുവിൻ എന്നു പറഞ്ഞുകൊണ്ടു വീണ്ടും അതിലേക്കു തള്ളപ്പെടും.

### 23: Surah Al-Muminun سورہ المؤمنون ٢٣

**104 : ڑھائے ہوں گے آگ ان کے مونہوں کو جھلس دے گی اور وہ اس میں تیوری چ**

**അർത്ഥം:** "തീ അവരുടെ മുഖത്തെ നക്കിക്കളയുകയും അവരുടെ താടിയെല്ലുകൾ പുറത്തേക്കു തള്ളിവരുകയും ചെയ്യും. അവർ എന്നേക്കും നരകത്തിൽ ആയിരിക്കും. അവർക്കു കുടൽ കണ്ടിച്ചു മുറിഞ്ഞു പോകുന്നവിധം തിളച്ച വെള്ളം കുടിപ്പാൻ കൊടുക്കും. അവർ മരിക്കുവാനായി പ്രാർത്ഥിക്കും. എന്നാൽ അതു അവരെ പരിഹസിച്ചു അപമാനിക്കും"

ഇതിനെക്കുറിച്ചു വിശുദ്ധ വേദപുസ്തകം ഇങ്ങനെ പറയുന്നു.അവിടെ അവരെ നുഴഞ്ഞു കടിക്കുന്ന ചാകാത്ത പുഴുക്കളും ഒരിക്കലും അണയാത്ത കത്തുന്ന തീയും ഉണ്ട് എന്നാണ്. എന്നാൽ ദൈവകൃപയാൽ നാം ആ നരകാഗ്നിയിൽ നിന്നും രക്ഷപ്പെടുവാൻ വഴിയുണ്ട്. കാരണം ദൈവം മനുഷ്യർക്കുവേണ്ടി നരകത്തെ ഉണ്ടാക്കിയിട്ടില്ല. പിന്നെയോ പിശാചിനെയും അവന്റെ ദൂതന്മാരെയും ശിക്ഷിക്കുവാൻ വേണ്ടിയത്രേ ഉണ്ടാക്കിയത്.

## സ്വർഗ്ഗം

ഇടുക്കു വാതിലിലൂടെ അകത്തു കടപ്പിൻ. നാശത്തിലേയ്ക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽക്കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേയ്ക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളതാകുന്നു. അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ. മനുഷ്യൻ ലോകത്തിലെ എല്ലാം സ്വന്തമാക്കിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു ലാഭമെന്ത്? അതായത് അവന്റെ ആത്മാവിന്റെ മോചനത്തിനായി പകരം എന്തുകൊടുക്കുവാൻ കഴിയും എന്ന് തിരുവചനം ചോദിക്കുന്നു.

**യേശുക്രിസ്തുവിന്റെ ശിഷ്യനായ യോഹന്നാൻ സ്വർഗ്ഗലോകം ദർശിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു:**

അവൻ എന്നെ ആത്മവിവശതയിൽ ഉയർന്നൊരു വൻമലയിൽ കൊണ്ടുപോയി. യെരുശലേമെന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്നും ദൈവ സന്നിധിയിൽ നിന്നുതന്നെ, ദൈവതേജസ്സുള്ളതായി ഇറങ്ങുന്നതു കാണിച്ചു തന്നു. അതിന്റെ ജ്യോതിസ്സ് ഏറ്റവും വിലയേറിയ രത്നത്തിനു തുല്യമായി സ്പടികസ്വഛതയുള്ള സൂര്യകാന്തം പോലെയായിരുന്നു. അതിനു പൊക്കമുള്ള വൻമതിലും 12 ഗോപുരവും ഉണ്ട്. ഗോപുരങ്ങളിൽ 12 ദൂതന്മാരും ഉണ്ട്. മതിലിന്റെ പണി സൂര്യകാന്തവും നഗരം



സ്വഛസ്പടികത്തിനൊത്ത തങ്കവും ആയിരുന്നു. നഗരത്തിന്റെ അടിസ്ഥാനങ്ങൾ സകല രത്നവും കൊണ്ടു അലങ്കരിച്ചിരിക്കുന്നു. ഒന്നാം അടിസ്ഥാനം സൂര്യകാന്തം, രണ്ടാമത്തേതു നീലരത്നം, മൂന്നാമത്തേതു മാണിക്യം, നാലാമത്തേതു മരതകം, അഞ്ചാമത്തേതു നഖവർണ്ണി, ആറാമത്തേതു ചുവപ്പുകല്ല്, ഏഴാമത്തേതു പീതരത്നം, എട്ടാമത്തേതു ഗോമേദകം, ഒൻപതാമത്തേതു പുഷ്യരാഗം, പത്താമത്തേതു വൈഡൂര്യം, പതിനൊന്നാമത്തേതു പത്മരാഗം, പന്ത്രണ്ടാമത്തേതു സുഗന്ധിരത്നം. 12 ഗോപുരവും 12 മുത്ത്. ഓരോ ഗോപുരവും ഓരോ മുത്തുകൊണ്ടുള്ളതും നഗരത്തിന്റെ വീഥി സ്വഛസ്പടികത്തിനു തുല്യമായ തങ്കവും ആയിരുന്നു. പട്ടണത്തെ ദൈവതേജസ്സു പ്രകാശിപ്പിച്ചു. യേശുക്രിസ്തു അതിന്റെ വിളക്ക്. അശുദ്ധർ ആരും അവിടേക്കു പ്രവേശിക്കുകയില്ല. യേശുക്രിസ്തുവിന്റെ ജീവന്റെ പുസ്തകത്തിൽ പേരുള്ളവർ മാത്രമേ അവിടെ പ്രവേശിക്കുകയുള്ളു. അവിടെ അവർ ദൈവത്തോടു കൂടെ എന്നേക്കും വസിക്കും. ദൈവം അവരുടെ കണ്ണിൽ നിന്നും കണ്ണുനീരെല്ലാം തുടയ്ക്കും. ഇനി മരണം ഉണ്ടാകുകയില്ല. ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഇല്ല. യേശുക്രിസ്തു തന്റെ സിംഹാസനം സ്ഥാപിക്കും. അവന്റെ ഭക്തന്മാർ അവനോടുകൂടെ വസിക്കും. അവർ യുഗായുഗങ്ങൾ അവനോടു കൂടെ വാഴും.

(വെളി. 21: 10–27)

## 3. മോക്ഷമാർഗ്ഗം

ദൂതന്മാർ പാപം ചെയ്തപ്പോൾ ദൈവം അവരെ വെറുതെ വിട്ടില്ല. അന്ത്യകാലത്തു സംഭവിപ്പാനുള്ള ന്യായവിധി വരുംവരെ അവരെ നരകത്തിലെ ഇരുട്ടറയിൽ ബന്ധിച്ചിട്ടിരിക്കുന്നു. പാപം ചെയ്ത മനുഷ്യനെ ദൈവം സ്നേഹിച്ചതിനാൽ ‘‘ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവനും നിത്യനരകം ഭവിക്കാതിരിക്കുവാൻ – നിത്യജീവൻ പ്രാപിക്കുവാൻ അവനെ നമുക്കു ദാനമായി നൽകി.”

ക്രിസ്തുവിനു 700 വർഷങ്ങൾക്കു മുൻപ് യെശയ്യാവു എന്ന പ്രവാചകൻ മുഖാന്തിരം അരുളിച്ചെയ്ത വചനമാണ് **"കന്യക ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും. അവനു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാന പ്രഭു എന്നു പേരു വിളിക്കപ്പെടും."**
(വിശുദ്ധ വേദപുസ്തകം)

''ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തിരം ഉളവായി. അവനിൽ ജീവനുണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചമായവൻ മനുഷ്യസാദൃശ്യത്തിൽ നമ്മുടെ ഇടയിൽ പിറന്നു-ജീവിച്ചു. കൃപയും സത്യവും നിറഞ്ഞവനായി ജഡത്തിൽ നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു തന്റെ ഏകജാതനായവന്റെ തേജസ്സായി കണ്ടു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനൊയ പുത്രൻ അവനെ വെളിപ്പെടു ത്തിയിരിക്കുന്നു." (യോഹ. 1:1–18)

പൂർണ്ണഗർഭിണിയായ മറിയം എന്ന കന്യക ബേത്‌ലഹേമി ലേയ്ക്കുള്ള യാത്രാമദ്ധ്യേ പ്രസവിച്ചു. അവൾ തന്റെ ആദ്യജാതനെ ശീലകൾ ചുറ്റി വഴിയമ്പലത്തിൽ സ്ഥലം ലഭിക്കാത്തതിനാൽ പശുത്തൊട്ടിയിൽ കിടത്തി. ദൂതൻ പ്രവചിച്ച പ്രകാരം അവൾ അവനു യേശു എന്നു പേരിട്ടു. **"അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കുന്നവൻ"** എന്നു അർത്ഥം. (മത്താ. 1:21)

യോഹന്നാൻ എന്ന പ്രവാചകൻ യേശുവിനെ കണ്ടപ്പോൾ **''ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്''** എന്നു വിളിച്ചു പറഞ്ഞു. മനുഷ്യരായ നാം ജഡരക്തത്തോടു കൂടിയവരാകയാൽ



യേശുവും ജഡരക്തത്തോടു കൂടിയവനായി പിറന്നു. അവൻ ജഡത്തിൽ വെളിപ്പെട്ടു. ആത്മാവിൽ നീതീകരിക്കപ്പെട്ടു. ദൂതന്മാർക്കു പ്രത്യക്ഷനായി. ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു. ലോകത്തിൽ വിശ്വസിക്കപ്പെട്ടു. തേജസ്സിൽ എടുക്കപ്പെട്ടു.

യേശുക്രിസ്തു ദൈവരൂപത്തിലായിരുന്നിട്ടും ദൈവ ത്തോടുള്ള സമത്വം മുറുകെ പിടിക്കണമെന്നു വിചാരിക്കാതെ ദാസരൂപം എടുത്തു, മനുഷ്യസാദൃശ്യത്തിലായി. കുരിശിലെ മരണം വരെയും തന്നെത്താൻ താഴ്ത്തി, തന്റെ മരണത്താൽ മരണാധികാരി യായിരുന്ന പിശാചിനെ തോൽപ്പിച്ച് ക്രൂശിലെ മരണം വരെയും താൻ അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ടു ദൈവം അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനു മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവെന്നു ഏറ്റു പറയുകയും പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യും.

ദൈവം നമുക്കു നിത്യജീവൻ (മോക്ഷം) നൽകിയിരിക്കുന്നു. ഈ ജീവൻ (രക്ഷ-മോക്ഷം) യേശുക്രിസ്തുവിനാലത്രെ പ്രാപിക്കുന്നത്. ആകയാൽ യേശുക്രിസ്തു മുഖാന്തിരം പിതാവിന്റെ അടുക്കലേയ്ക്കു വരുന്നവരെ പരിപൂർണ്ണമായി രക്ഷിക്കുവാൻ കഴിവുള്ളവനാകുന്നു. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വന്നാലും അവരുടെ നടുവിൽ ഉണ്ട് എന്ന വാഗ്ദാനം നൽകിയ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾ എന്തു യാചിച്ചാലും അതു നിങ്ങൾക്കു ലഭിക്കും. നിങ്ങൾ എന്നിലും എന്റെ വചനങ്ങളിലും നിലനിൽക്കുവിൻ. യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ള സന്ദേശം വിശ്വാസയോഗ്യവും സർവ്വരാലും.

അംഗീകരിക്കുവാൻ യോഗ്യവുമാകുന്നു. അവൻ തന്റെ ജനത്തിന്റെ പാപമെല്ലാം ക്ഷമിച്ചു രക്ഷിക്കുന്നവനാകുന്നു.

യേശു ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ടു നമുക്കു വേണ്ടി കുരിശിൽ സമർപ്പിച്ച നിഷ്കളങ്ക രക്തത്താൽ ദൈവ സന്നിധിയിൽ പ്രവേശിച്ചു. നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനഃസാക്ഷിയെ നിർജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും.

**യേശുക്രിസ്തു ദൈവപുത്രൻ എന്ന് വിശുദ്ധ വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നു:**

1. ദൈവം തന്നെ പറഞ്ഞിരിക്കുന്നു. "**ഇവൻ എന്റെ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.**" (മത്താ. 3:17)
2. യേശുക്രിസ്തുവിന്റെ ശിഷ്യനായ പത്രൊസിന്റെ സാക്ഷ്യം: "**നീ വരുവാനുള്ള ക്രിസ്തു (അഭിഷിക്തൻ) ജീവനുള്ള ദൈവത്തിന്റെ പുത്രൻ.**" (മത്താ. 16:16)
3. യേശുവിനെ ക്രൂശിപ്പിച്ച ശതാധിപൻ: "**അവൻ ദൈവപുത്രൻ ആയിരുന്നു സത്യം.**" (മത്താ. 27:54)
4. യേശുവിന്റെ 12 ശിഷ്യന്മാരിൽ ഒരുവനായ തോമസ് ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടപ്പോൾ "**എന്റെ കർത്താവും ദൈവവും ആയുള്ളോവേ.**" എന്നു പറഞ്ഞു. (യോഹ. 20:28)



5. യേശു പറഞ്ഞു: "**എന്നെ കണ്ടവൻ പിതാവിനെ (ദൈവം) കണ്ടിരിക്കുന്നു. ഞാൻ പിതാവിലും പിതാവു എന്നിലും ആകുന്നു.**" (യോഹ. 14: 8–10)
6. ദുരാത്മക്കൾ യേശുവിനെ കണ്ടപ്പോൾ അവന്റെ മുമ്പിൽ വീണു നമസ്ക്കരിച്ചു പറഞ്ഞു "**നീ ദൈവപുത്രൻ.**" (മർക്കൊ. 3:11)

## 4. ക്ഷമാപണം

ഭഗവത്ഗീത: ജ്ഞാനയോഗം 4:8–ൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

**परित्राणाय साधूनां विनाशाय च दुष्कृताम् ।**
**धर्मसंस्थापनार्थाय सम्भवामि युगे युगे ॥**

**പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃത്യാം | ധർമ്മസംസ്ഥാപനാഥായ സംഭവാമി യുഗേ യുഗേ ||**

**അർത്ഥം:**അതായത് ദുഷ്ടന്മാരെ നശിപ്പിച്ചു ശിഷ്ടന്മാരെ രക്ഷിക്കുവാൻ ഒരോ യുഗത്തിലും ധർമ്മം സ്ഥാപിക്കുവാൻ ഞാൻ വീണ്ടും വീണ്ടും അവതരിക്കുന്നു എന്നർത്ഥം.

അങ്ങനെയെങ്കിൽ ദുഷ്ടതകൾ സംഭവിക്കുമ്പോഴെല്ലാം ദൈവം പ്രപഞ്ചത്തെ നശിപ്പിച്ച് ദൈവം മാത്രം ശേഷിക്കുന്നു. എന്നാൽ ദൈവം സ്നേഹ സ്വരൂപനാണ്. വി. ഖുർആൻ തുടങ്ങുന്നത് "**പരമ ദയ ഉള്ളവൻ, കരുണാനിധിയായ അല്ലാഹുവിന്റെ നാമത്തിൽ**" എന്നാണ്. "**ദുഷ്ടന്റെ മരണത്തിലല്ല, ദുഷ്ടൻ തന്റെ വഴിവിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്കു ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്**" എന്നു ബൈബിൾ പറയുന്നു. നമ്മുടെ അകൃത്യങ്ങൾക്കു ഒത്തവണ്ണം ദൈവം നമ്മോടു പകരം ചെയ്യുന്നില്ല. ചെയ്താൽ നാം ആരും ശേഷിക്കുകയുമില്ല. നാം ജീവനോടിരിക്കുന്നത് യഹോവയുടെ

കരുണയത്രെ. നാം മുടിഞ്ഞു പോകാതിരിക്കുന്നത് അവന്റെ ദയ ഒന്നുമാത്രമാണ്. അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ. അതു രാവിലെ തോറും പുതിയതും നിന്റെ വിശ്വസ്തത വലിയതും ആകുന്നു.

ഒരിക്കൽ പ്രാർത്ഥിക്കുവാനായി രണ്ടു പേർ ദേവാലയത്തിൽ പോയി. ഒരുത്തൻ പരീശൻ. മറ്റൊരുവൻ ചുങ്കക്കാരൻ. പരീശൻ നിന്നുകൊണ്ടു തന്നോടുതന്നെ – ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ ഇവരെപ്പോലെയോ ഈ ചുങ്കക്കാരനെ പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു. ആഴ്ചയിൽ രണ്ടു വട്ടം ഉപവസിക്കുന്നു, നേടുന്നതിൽ ഒക്കെയും ദശാംശം കൊടുക്കുന്നു എന്നു പറഞ്ഞു. എന്നാൽ ചുങ്കക്കാരൻ ദൂരത്തു നിന്നുകൊണ്ട് സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു “ദൈവമേ പാപിയായ എന്നോടു കരുണ ഉണ്ടാകണമേ എന്നു പറഞ്ഞു. അവൻ നീതികരിക്കപ്പെട്ടവനായി വീട്ടിലേയ്ക്കു പോയി. മറ്റവൻ അങ്ങനെയല്ല” എന്നു വിശുദ്ധ ബൈബിൾ പറയുന്നു.

നമ്മുടെ ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 27 അനുസരിച്ച് രാഷ്ട്രപതിക്ക് ഏതൊരു കുറ്റവാളിക്കും ദയാനുഗ്രഹം (കുറ്റമോചനം) നൽകുവാൻ പരമോന്നത അധികാരമുണ്ട്.

കുറ്റമോചനത്തെക്കുറിച്ച് (ക്ഷമാപണം) മനോഹരമായ നിർവ്വചനം ഇങ്ങനെയുണ്ട്. ക്ഷമാപണം/ദയ അനുഗ്രഹമാണ്. ഇത് നമ്മുടെ അവകാശമല്ല. ക്ഷമാപണം എന്നാൽ ശിക്ഷിക്കപ്പെടുന്ന ഒരു വ്യക്തിയെ അവന്റെ എല്ലാ ശിക്ഷയിൽനിന്നും ഇളവ് നൽകി അവനെ നിരപരാധിയെപോലെ ആക്കിത്തീർക്കുന്നതാകുന്നു. അവനെ കുറ്റക്കാരനെന്നു വിധിക്കുന്നതിനു മുമ്പ് ക്ഷമാപണം നൽകിയാൽ ഒരുവനെ വിധിക്കാവുന്ന ശിക്ഷയിൽ നിന്നും അയോഗ്യനാക്കുന്നതിൽ നിന്നും അവനെ തടയുന്നു.



രാജ്യത്തെ പരമപൗരനായ, ശ്രേഷ്ഠപ്രതിനിധിയായ രാഷ്ട്രപതിക്കു ഈ അധികാരം ഉണ്ടെങ്കിൽ നമ്മുടെ സൃഷ്ടാവും, ഭൂമി–ആകാശങ്ങൾ (സ്വർഗ്ഗം) സൃഷ്ടിച്ചവനുമായ സൃഷ്ടാവിന്റെ അധികാരത്തെ കുറിച്ച് ആലോചിച്ചു നോക്കുക. അവന്റെ വിധിയെ ആർക്ക് ചോദ്യം ചെയ്യുവാൻ കഴിയും? അഥവാ തിരസ്ക്കരിക്കുവാൻ അഥവാ തള്ളിക്കളയുവാൻ കഴിയുമോ? ചിന്തിക്കുക.

“നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കൈയ്യെഴുത്ത് (chargesheet) മായിച്ചു, ക്രൂശിൽ തറച്ചു നീക്കിക്കളഞ്ഞിരിക്കയാൽ ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്കു ഒരു ശിക്ഷാവിധിയും ഇല്ല” എന്നു വിശുദ്ധ വേദപുസ്തകം പറയുന്നു.

## 5. പ്രജാപതിയും മൃഗബലിയും വേദങ്ങളിൽ

വേദങ്ങളിൽ മനുഷ്യന്റെ പാപപരിഹാരത്തിനായി മൃഗങ്ങളെ യാഗം/ബലി കഴിച്ചിരുന്നു. ഇങ്ങനെയുള്ള യാഗങ്ങളെ കുറിച്ച് ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

| **യജുർവേദത്തിലെ യാഗക്രമങ്ങൾ** | **യേശുക്രിസ്തുവിൽ നിവർത്തിച്ചു** |
|---|---|

पशुं स्नपयन्ति कूटकर्णखण्डश्लोणसप्तशफ वर्जम् ॥

| | |
|---|---|
| 1. **“പശും സ്നപയംതി കൂട്ട കർണ്ണഘംഢ ബംഢ ശ്ലോണ സപ്തശഫവർജം”**<br>ആപസ്കംബ ശൗത്ര സൂത്ര<br>(=7–12–1 പു. 421)<br><br>അർത്ഥം:യാഗമൃഗം ഊനമില്ലാത്തതും വിശുദ്ധവും ആയിരിക്കണം. | 1. അവൻ സർവ്വാംഗ സുന്ദരനാകുന്നു. (ഉ.ഗീ. 5:16)<br>2. യേശുക്രിസ്തു പുരുഷ ബീജത്താൽ ജനിച്ചില്ല. അതിനാൽ അവനിൽ പാപമില്ല. അവന്റെ ജീവിതത്തിൽ, ആലോചനയിൽ പോലും പാപം ഇല്ലാത്തവനായിരുന്നു (യോഹ. 8:46) |

धर्षा मानुषानिति नि युनक्ति धृत्या अद्भ्यस्त्वौषधीभ्यः ॥

2. **നീ യുംനതി ധൃത്യാം** (തൈത്തിരിയ സംഹിത. കാണ്ഡം 26 ചോദ്യം 3. പു.477)
**അർത്ഥം:** ബലിമൃഗത്തെ സ്തൂപത്തിൽ കെട്ടി ഇടണം.



2. യേശുവിനെ ഗോൽഗോഥാ എന്ന സ്ഥലത്ത് രാവിലെ 9 മണിക്കു കുരിശിൽ തറച്ചു.
(യോഹ. 19:18)
"നസറേത്തിലെ യേശു യഹൂദന്മാരുടെ രാജാവ്" എന്ന് എഴുതിയ ഒരു കുരിശും വച്ചു.

अमायुं कृण्वन्तं संज्ञपयत इत्युक्त्वा पराङावर्ततेऽध्वर्युः ॥

3. **അമായും കൃഷ്ണ്വതം സംജ്തപയത ഇത്യൂക്താ പരാജ്ഞാവർത്തതേദ്വര്യ:**
ആപസ്തംബ ശൗത സൂത്ര
(=7–16–6പു.433)
**അർത്ഥം:** യാഗമൃഗം മൗനമായിരിക്കേണം: മാത്രമല്ല ഹിംസിച്ചു അതിനെ എല്ലുകൾ ഒടിക്കാതെ വധിക്കണം.

3. യേശു കൊല്ലുവാൻ കൊണ്ടു പോകുന്ന ആട്ടിൻകട്ടിയെ പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു. വൈകുന്നേരം ആയപ്പോൾ അവന്റെ അടുക്കൽ വന്ന സൈനികൻ അവൻ മരിച്ചു പോയെന്നു മനസ്സിലാക്കി അവന്റെ കാലുകൾ അടിച്ചൊടിച്ചില്ല
(യെ 53:7, യോഹ. 19:33)

यत्पशुरपां पेरुरसीत्याहैष ह्यपां पाता ॥

4. **യത്വശുരപാം പേരു രസീത്യാഹൈഷ ഹൃപാം പാതാ**
തൈത്തരീയ– സംഹിത
(കാണ്ഡം 6. ചോദ്യം 3 പു. 478)
**അർത്ഥം:** യാഗമൃഗത്തിനു കുടിപ്പാൻ പാനം കൊടുക്കണം.

4.യേശു കുരിശിൽ കിടന്നു കൊണ്ടു "തിരുവെഴുത്തു നിവൃത്തിയാകും വണ്ണം, എനിക്കു ദാഹിക്കുന്നു" എന്നു പറഞ്ഞു. അവിടെ പുളിച്ച വീഞ്ഞു നിറഞ്ഞൊരു പാത്രം വച്ചിട്ടുണ്ടായിരുന്നു. അവർ ഒരു സ്പോഞ് പുളിച്ച വീഞ്ഞു നിറച്ചു ഈസോപ്പു തണ്ടിന്മേൽ ആക്കി അവന്റെവായോടു അടുപ്പിച്ചു. യേശു പുളിച്ച വീഞ്ഞു കുടിച്ച ശേഷം നിവൃത്തിയായി എന്നു പറഞ്ഞു തല ചായ്ചു ആത്മാവിനെ ഏൽപ്പിച്ചു കൊടുത്തു. (യോഹ. 19: 28,29)



दधातीडामुप ह्वयते पशवो वा इडा पशूनेवोप ह्वयते ॥

5. **ദധാതീഡാമൂപം ഹ്വയതേ**
(തൈത്തരീയ – സംഹിത.
കാണ്ഡം 6 ചോദ്യം 3 പു. 495)
**അർത്ഥം:** യാഗമൃഗത്തിന്റെ മാംസം ഭക്ഷിക്കണം

5. യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു വാങ്ങി ഭക്ഷിപ്പിൻ ഇതു എന്റെ ശരീരം എന്നു പറഞ്ഞു. (മത്താ. 26: 26,17)

वपाश्रपणी पुनरन्वारभतेऽस्मिन्नेव लोके प्रति तिष्ठति ॥

6. **വ പാശ്രപണീ പുനരന്വാ–രഭതേ സ്മിന്നേവ**
തൈത്തരീയ–സംഹിത
(കാണ്ഡം 6. ചോദ്യം 3. പു. 486)
**അർത്ഥം:** യാഗമൃഗത്തിനെ മുള്ളുകൊണ്ടു കുത്തേണം.

6. പടയാളികൾ യേശുവിന്റെ വസ്ത്രംഅഴിച്ചു ഒരുമേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞു അവന്റെ തലയിൽ വെച്ചു. വലങ്കൈയ്യിൽ ഒരു കോലും കൊടുത്തു. (മത്താ.27: 28,29)

स आत्मनो वपामुदखिदत्तामग्नौ प्रागृह्णात् ॥

7. **സ ആത്മനോ വപാ മുദഖിദത് താ അഗ്നൗ പ്രാഗൃഹ്ളാത്**
തൈത്തരീയ സംഹിതാ –
(കാണ്ഡം 2, 1–ാം അവതാരം 2–ാം വരി പു.3)
**അർത്ഥം:** യാഗമൃഗം (പ്രജാപതിയുടെ ശരീരം ദഹിപ്പക്കേണം (ഹോമിക്കണം).

7. യേശു ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ടു നമുക്കുവേണ്ടി കുരിശിൽ സമർപ്പിച്ച നിഷ്കളങ്ക രക്തത്താൽ ദൈവസന്നിധിയിൽ പ്രവേശിച്ചു നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി സമർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ളദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനഃസാക്ഷിയെ നിർജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?
(എബ്രാ. 9:12–14)

**വേദകാലത്തു പാപപരിഹാരത്തിനായി അർപ്പിച്ച മൃഗയാഗങ്ങൾക്കും യേശു കുരിശിൽ മരിച്ചു യാഗമായി തീർന്നതിനും വളരെ സാമ്യമുള്ളതായി നാം കാണുന്നു.**

## വിശുദ്ധ ഖുർആൻ ലെ ആധാരങ്ങൾ

യേശുവിന്റെ ജനനത്തെക്കുറിച്ചു കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും എന്നു വിശുദ്ധ വേദപുസ്തകത്തിലും വി. ഖുറാനിലും വെളിപ്പെടുത്തിയിരിക്കുന്നു. വി. ഖുർആൻ– 3 ആലി–ഇമ്രാൻ.

### 3. Al-i'Imran سُوۡرَةُ آل عِمرَان ٣

45: (وہ وقت بھی یاد کرنے کے لائق ہے) جب فرشتوں نے (مریم سے کہا)

کہ مریم خدا تم کو اپنی طرف سے ایک فیض کی بشارت دیتا ہے جس کا نام مسیح (اور مشہور) عیسیٰ ابن مریم ہوگا (اور) جو دنیا اور آخرت میں باآبرو اور (خدا کے) خاصوں میں سے ہوگا

**45: ദൈവത്തിന്റെ ദൂതൻ ഇങ്ങനെ പറഞ്ഞു:** ഓ മറിയമേ – അല്ലാഹു നിനക്കു ഫറമാനിന (ആജ്ഞയ) സുവാർത്ത നൽകുന്നു. അവന്റെ പേരു മറിയമ്മിന്റെ പുത്രൻ യേശു (ഈസ) എന്നിരിക്കും. അവൻ ഇഹത്തിലും പരത്തിലും പ്രതിഷ്ഠിക്കപ്പെട്ടവനാകുന്നു. മാത്രമല്ല, അവനെ സന്ദേശ വാഹകനാക്കിയിരിക്കുന്നു.

47: مریم نے کہا پروردگار میرے ہاں بچہ کیونکر ہوگا کہ کسی انسان نے مجھے ہاتھ تک تو لگایا نہیں فرمایا کہ خدا اسی طرح جو چاہتا ہے پیدا کرتا ہے جب وہ کوئی کام کرنا چاہتا ہے تو ارشاد فرما دیتا ہے کہ ہوجا تو وہ ہو جاتا ہے

**47: ഇതു കേട്ടു മറിയം പറഞ്ഞു** – എന്റെ പ്രഭുവേ, എന്നിൽ കുഞ്ഞ് പിറക്കുന്നതെങ്ങനെ? 'എന്നെ ഒരു പുരുഷനും സ്പർശിച്ചിട്ടില്ല.' ഉത്തരം കിട്ടി: 'അങ്ങനെ തന്നെ സംഭവിക്കും. അല്ലാഹു തനിക്കിഷ്ടമുള്ളതിനെ സൃഷ്ടിക്കുന്നു. അവൻ എന്തെങ്കിലും ഒരു കാര്യം ചെയ്യുവാൻ തീർച്ചപ്പെടുത്തിയാൽ – അങ്ങനെ ആകട്ടെ എന്നു പറഞ്ഞാൽ അങ്ങനെ സംഭവിക്കുന്നു'.



49 : اور (عیسیٰ) بنی اسرائیل کی طرف پیغمبر (ہو کر جائیں گے اور کہیں گے) کہ میں تمہارے پروردگار کی طرف سے نشانی لے کر آیا ہوں وہ یہ کہ تمہارے سامنے مٹی کی مورت بشکل پرند بناتا ہوں پھر اس میں پھونک مارتا ہوں تو وہ خدا کے حکم سے (سچ مچ) جانور ہو جاتا ہے اور اندھے اور ابرص کو تندرست کر دیتا ہوں اور خدا کے حکم سے مردے میں جان ڈال دیتا ہوں اور جو کچھ تم کھا کر آتے ہو اور جو اپنے گھروں میں جمع کر رکھتے ہو سب تم کو بتا دیتا ہوں اگر تم صاحب ایمان ہو تو ان باتوں میں تمہارے لیے (قدرت خدا کی) نشانی ہے

**49: ഈസ യേശു പറഞ്ഞു:** ഞാൻ നിങ്ങളുടെ പ്രഭുവിന്റെ അടുക്കൽ നിന്നും ആജ്ഞപ്രകാരം വന്നിരിക്കുന്നു. ഞാൻ നിങ്ങളുടെ മുൻപിൽ ഒരു പക്ഷിയുടെ രൂപം ഉണ്ടാക്കി അതിനു ജീവൻ ഊതി പക്ഷിയാക്കുന്നു. ഞാൻ അല്ലാഹുവിന്റെ ആജ്ഞയാൽ ജന്മനാ കുരുടനെയും, കുഷ്ഠരോഗിയെയും സുഖപ്പെടുത്തി അവന്റെ ആജ്ഞപ്രകാരം മരിച്ചവരെ ജീവിപ്പിക്കുന്നു.

55 : اس وقت خدا نے فرمایا کہ عیسیٰ! میں تمہاری دنیا میں رہنے کی مدت پوری کرکے تم کو اپنی طرف اٹھا لوں گا اور تمہیں کافروں (کی صحبت) سے پاک کر دوں گا اور جو لوگ تمہاری پیروی کریں گے ان کو کافروں پر قیامت تک فائق (وغالب) رکھوں گا پھر تم سب میر ے پاس لوٹ کر آؤ گے تو جن باتوں میں تم اختلاف کرتے تھے اس دن تم میں ان کا فیصلہ کردوں گا

55: അല്ലാഹു പറഞ്ഞു: ഓ ഈസ, ഞാൻ ഇപ്പോൾ നിന്നെ എന്റെ പക്കലേക്കു എടുക്കുന്നു. നിന്നെ തിരസ്ക്കരിച്ചവരിൽ നിന്നും നിന്നെ പരിശുദ്ധനാക്കി ഉയർപ്പിന്റെ സമയം വരെയും നിന്നെ അനുസരിക്കുന്നവരെ ശ്രേഷ്ഠതയിൽ ഇരുത്തും. നിങ്ങളെല്ലാവരും അവസാനം എന്റെ അടുക്കൽ വരേണ്ടതല്ലോ?

## 6. യേശുക്രിസ്തുവിന്റെ പുനഃരുത്ഥാനവും സ്വർഗ്ഗാരോഹണവും

ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ശിഷ്യന്മാരിൽ ചില സ്ത്രീകൾ യേശുവിന്റെ കല്ലറ കാണുവാൻ വന്നു. അപ്പോൾ ഭൂകമ്പം ഉണ്ടായി. സ്വർഗ്ഗത്തിൽ നിന്നു ദൂതൻ ഇറങ്ങി വന്നു കല്ലറയുടെ വാതിൽക്കൽ വച്ചിരുന്ന കല്ല് മാറ്റിയിരിക്കുന്നതും ദൂതൻ അതിന്മേൽ ഇരിക്കുന്നതും കണ്ടു. അപ്പോൾ ദൂതൻ അവരോട് **"ഭയപ്പെടേണ്ട, ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു. അവൻ ഇവിടെ ഇല്ല. താൻ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റു. അവൻ കിടന്നിരുന്ന സ്ഥലം വന്നു കാണ്മീൻ"** എന്നു പറഞ്ഞു. പിന്നീടു യേശു അവർക്കു പ്രത്യക്ഷനായി "നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞു. ശിഷ്യന്മാർ അവന്റെ മുമ്പിൽ വീണു അവനെ നമസ്ക്കരിച്ചു. ശേഷം അന്നുതന്നെ മറ്റു ശിഷ്യന്മാർക്കും പ്രത്യക്ഷനായി അവരുടെ മേൽ ഊതി അവരോട് "പരിശുദ്ധാത്മാവിനെ പ്രാപിച്ചു കൊൾവിൻ. നിങ്ങൾ ആരുടെ പാപങ്ങളെ ക്ഷമിക്കുന്നുവോ അവർക്കു ക്ഷമാപണം ലഭിക്കും. ആരുടെ പാപങ്ങളെ പൊറുക്കാതെ ഇരിക്കുന്നുവോ അതു അവരുടെ മേൽ തന്നെ ഇരിക്കും എന്നു പറഞ്ഞു.

അപ്പോൾ 12 ശിഷ്യന്മാരിൽ ഒരുവനായ തോമസ് ഉണ്ടായിരുന്നില്ല. അവൻ 'ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല' എന്നു പറഞ്ഞു. എട്ടു ദിവസം കഴിഞ്ഞിട്ടു ശിഷ്യന്മാർ പിന്നെയും അകത്തു കൂടിയിരിക്കുമ്പോൾ തോമസും ഉണ്ടായിരുന്നു. വാതിൽ അടച്ചിരിക്കുമ്പോൾ യേശു അവരുടെ നടുവിൽ പ്രത്യക്ഷനായിട്ടു ''നിങ്ങൾക്കു സമാധാനം" എന്നു പറഞ്ഞു. അവൻ അവരോടു നിങ്ങൾ വിഷാദിച്ചിരിക്കുന്നതു എന്ത്? അവിശ്വസിക്കുന്നതെന്ത്? എന്റെ



കൈയ്യും കാലുകളും മുട്ടി നോക്കുവിൻ. നിങ്ങൾ കാണുന്ന പ്രകാരം എനിക്കു മാംസവും എല്ലുകളും ഉണ്ട്. എന്നാൽ അതു ഭൂതത്തിനില്ല. മാത്രമല്ല, അവരോടു കൂടെ മീനും റൊട്ടിയും കഴിച്ചു. യേശു തോമസിനോടു "നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ കൈകളെ തൊട്ടു നോക്കുക. നിന്റെ കൈ നീട്ടി എന്റെ വിലാപ്പുറത്തിടുക, സംശയിക്കാതെ വിശ്വാസമുള്ളവനായിരിക്കുക" എന്നു പറഞ്ഞു. അവൻ കർത്താവിനോടു "എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ" എന്നു ഉത്തരം പറഞ്ഞു. **യേശു അവനോട്; നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്ന് പറഞ്ഞു.** ഈ ശിഷ്യൻ ഭാരതത്തിൽ വന്നു; കേരളം, തമിഴ്നാടു എന്നിവിടങ്ങളിൽ യേശുവിന്റെ സുവിശേഷം പ്രസംഗിച്ചു രക്തസാക്ഷിയായി വധിക്കപ്പെട്ടു.

ഉയിർത്തെഴുന്നേറ്റ യേശു 40 ദിവസങ്ങൾക്കകം പല ഇടങ്ങളിൽ തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ട ശേഷം ഗലീലായിൽ നിശ്ചയിക്കപ്പെട്ട സ്ഥലത്തുള്ള മലമുകളിൽ ശിഷ്യന്മാരെ അടുക്കൽ വിളിച്ചു. അവർ അവന്റെ മുമ്പിൽ കുമ്പിട്ടു നമസ്ക്കരിച്ചു. അവൻ അവരോടു "സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുക. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും. എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും. പുതുഭാഷകളിൽ സംസാരിക്കും. സർപ്പങ്ങളെ പിടിച്ചെടുക്കും. മരണകരമായ യാതൊന്നും കുടിച്ചാലും അവർക്കു ഹാനി വരികയില്ല. രോഗികളുടെ മേൽ കൈ വച്ചാൽ അവർക്കു സൗഖ്യം വരും എന്നു പറഞ്ഞു. അതിനു ശേഷം ഏകദേശം 500 – ലധികം പേരുടെ മുമ്പിൽ വെച്ചു അവൻ സ്വർഗ്ഗാരോഹണം ചെയ്തു ദൈവത്തിന്റെ വലത്തു ഭാഗത്തു

ആസനാരൂഢനായി. അവന്റെ ശിഷ്യന്മാർ പുറപ്പെട്ടു എല്ലായിടങ്ങളിലും അവനെക്കുറിച്ചു ഉപദേശിച്ചു.

യേശുക്രിസ്തു ഉയർത്തെഴുന്നേറ്റു. അവന്റെ മൃതുശരീരം സമാധിയിൽ ഇല്ല. ആകയാൽ അവന്റെ ഉത്ഥാനത്തെക്കുറിച്ചു യാതൊരു തർക്കവും നിലവിൽ ഇല്ല. അതുകൊണ്ട് ലോകം ഇന്നു മരിച്ചുപോയ യേശുവിനെയല്ല പിന്നെയോ, മരിച്ചു ഉയിർത്തെ ഴുന്നേറ്റ് എന്നേയ്ക്കും ജീവിച്ചിരിക്കുന്ന യേശുക്രിസ്തുവിനെ അത്രെ ആരാധിക്കുന്നത്.

## 7. യേശുക്രിസ്തുവിന്റെ മടങ്ങിവരവ്

### യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്ത സമയത്ത് ദൂതന്മാർ ശിഷ്യന്മാരോടു പറഞ്ഞതു:

"ഗലീലക്കാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നതെന്ത്? നിങ്ങളുടെ മുമ്പിൽ വെച്ച് സ്വർഗ്ഗാരോഹണം ചെയ്യുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടു വരും" എന്നു പറഞ്ഞു. (അ. പ്ര്യ. 1: 9–11)

യേശു ദൈവത്തിന്റെ മഹാതേജസ്സോടെ ദൂതന്മാരോടു കൂടെ വേഗം വരും. (1 തെസ്സ. 4:16,17)

അപ്പോൾ ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കു തക്ക പ്രതിഫലം കൊടുക്കും. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ അവന്റെ കൈവശമുണ്ട്. (മത്താ. 16:27, വെളി. 22:12)

യേശു ക്രിസ്തുവിന്റെ വചനങ്ങളെ കൈക്കൊള്ളുന്നവൻ ഭാഗ്യവാൻ. അവനു ജീവ വൃക്ഷത്തിന്റെ (മോക്ഷം) അവകാശം ലഭിക്കും. അവർ സ്വർഗ്ഗം പൂകും.
(വെളി. 22:14)



ആകയാൽ നിങ്ങൾ ഒരുങ്ങിയിരിപ്പിൻ. നിനയാത്ത നാഴികയിൽ യേശു ക്രിസ്തു മടങ്ങിവരും. അതിഭോജനത്താൽ മത്തന്മാരായി ലോക മോഹങ്ങളാലും നിങ്ങളുടെ ഹൃദയം ഭാരപ്പെടു ന്നതിനാൽ ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കെണി പോലെ വരാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ.
(ലൂക്കോ. 21:34–36)

### യേശുക്രിസ്തുവിനെക്കുറിച്ചു പ്രവാചകൻ മുഹമ്മദ് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

ഈസാ (യേശു) യെ അള്ളാഹുവിന്റെ സന്ദേശ വാഹകൻ എന്നു വിശ്വസിക്കാത്തവൻ മുസ്ലീം അല്ല. അവനെ പ്രവാചകനെന്നു സമ്മതിക്കാത്തവൻ ഇസ്ലാമിൽ നിന്നും ഭ്രഷ്ടനത്രെ!



വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ഏക സ്ത്രീ യേശുവിന്റെ അമ്മയായ മറിയ – മരിയം മാത്രമാണ്. അവരുടെ ചാരിത്രത്തെ ലോകത്തിനു ഉത്തമ മാതൃകയായി വിശുദ്ധ ഖുർആനിൽ വെളിപ്പെടുത്തുന്നു. "എന്റെ പ്രാണൻ ആരുടെ പക്കൽ ഇരിക്കുന്നുവോ അവിടുന്നത്തെ മരിയാമ്മിന്റെ പുത്രൻ തീർച്ചയായും നിങ്ങളുടെ നടുവിൽ ന്യായം വിധിപ്പാനായിട്ടു ഇറങ്ങിവരും. ഈസായുടെ വീണ്ടും വരവുവരെ പുനഃരുത്ഥാന– ന്യായവിധി സമയം വരികയില്ല."

## 8. പാപപരിഹാരം (വീണ്ടെടുപ്പ്) ആര് മുഖാന്തിരം

പുരാതന കാലം മുതൽ നമ്മുടെ ഭാരതം സംസ്ക്കാരത്തിനു പേരു കേട്ട ദേശമാണ്. നമ്മുടെ ഋഷി വൈര്യന്മാർ, പണ്ഡിതന്മാർ പ്രസിദ്ധരാണ്. ഇതിനു നല്ല ഉദാഹരണമാണ് ബൃഹദാരണ്യകോപിഷത് 3:1–ൽ കാണുന്ന അർത്ഥവത്തായ ഈ പ്രാർത്ഥനാ ശ്ലോകം.

**असतो मा सद्गमय ।**
**तमसो मा ज्योतिर्गमय ।**
**मृत्योर्मा अमृतं गमय ।**
**ॐ शान्तिः शान्तिः शान्तिः ॥**

| | |
|---|---|
| അസതോ മാ സത്ഗമയാ \| | സത്യത്തിലേയ്ക്കും |
| തമസോ മാ ജ്യോതിർഗമയ \| | ഇരുളിൽ നിന്നും വെളിച്ചത്തിലേയ്ക്കും |
| മൃത്യോർമ്മ അമൃതം ഗമയ \| | മരണത്തിൽ നിന്നും ജീവങ്കലേയ്ക്കും |
| ഓം ശാന്തി: ശാന്തി: ശാന്തി \|\| | അസമാധാനത്തിൽ നിന്നും സമാധാനത്തിലേയ്ക്കും നയിക്കേണമേ. |

യേശുക്രിസ്തു പറഞ്ഞു; **"ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തിരം അല്ലാതെ ആരും പിതാവിങ്കൽ എത്തുന്നില്ല"**
(യോഹ. 14:6)

യേശുക്രിസ്തു "ഞാൻ തന്നെ" എന്നു പറഞ്ഞിരിക്കുന്നു. അവൻ ഇങ്ങനെ പ്രസ്താവിക്കണമെങ്കിൽ, വഞ്ചകനോ, ചിത്തഭ്രമം ഉള്ളവനോ അല്ലെങ്കിൽ സത്യം മാത്രം പറയുന്നവനോ എന്നുള്ളത് അടുത്തുള്ള പേജുകൾ വായിച്ചശേഷം നിങ്ങൾ തന്നെ തീർച്ചപ്പെടുത്തുക.



## 9. വിശുദ്ധവേദപുസ്തക ചരിത്രം

ബൈബിൾ എന്ന പദം ബിബ്ലിയോസ് (ബിബ്ലോസ്) എന്ന ഗ്രീക്കു പദത്തിൽ നിന്നും വന്നിരിക്കുന്നു. ബിബ്ലോസ് എന്നതിന് പുസ്തകങ്ങൾ അഥവാ ചുരുളുകൾ എന്നർത്ഥം. അനേകം പുസ്തകങ്ങളുടെ/ചുരുളുകളുടെ കൂട്ടമത്രേ ബൈബിൾ/വിശുദ്ധ വേദപുസ്തകം. വിവിധ തുറകളിലായി ജീവിച്ചിരുന്ന 40–ലധികം എഴുത്തുകാരാൽ ഏകദേശം 1500 വർഷം കൊണ്ട് എഴുതപ്പെട്ട അനേകായിരം ചുരുളുകളുടെ ക്രമമായിട്ടുള്ള കൂട്ടിച്ചേർക്കലാണ് വിശുദ്ധ വേദപുസ്തകം. ബൈബിളിലെ ചില ഭാഗങ്ങൾ ഒരാൾ മറ്റൊരാളോട് പറഞ്ഞപ്പോൾ എഴുതപ്പെട്ടതാണ്. അവർ വിവിധ വസ്തുക്കളിൽ അത് എഴുതി വെച്ചു. അതായത് മൃദുവാക്കിയെടുത്ത മൃഗങ്ങളുടെ ചർമ്മത്തിന്മേൽ ചതച്ചു ഉണക്കിയ പുല്ലിന്റെ ചുരുൾ, തോലിന്റെ പാളികളിൽ, കല്പലകകളിൽ എബ്രായ, അരമായ, ഗ്രീക്കു ഭാഷകളിൽ എഴുതപ്പെട്ടിരുന്നു. ഈ ചുരുളുകൾ പുസ്തക രൂപത്തിൽ കൂട്ടിചേർത്തിരുന്നില്ല. കാരണം ഇവയുടെ വ്യാസം, വലിപ്പം സമമായിരുന്നില്ല. മാത്രമല്ല ഗ്രീക്കു ഭാഷ ഇടത്തു നിന്നും വലത്തോട്ടാണെങ്കിൽ എബ്രായ ഭാഷ വലത്തു നിന്നും ഇടത്തോട്ടാണ് എഴുതുന്ന വിധം. ലോക ചരിത്രത്തിൽ 1456–ൽ ലത്തീൻ (Latin) ഭാഷയിൽ അച്ചടിക്കപ്പെട്ട ആദ്യഗ്രന്ഥം വിശുദ്ധ വേദപുസ്തകം ആണ്.

ഇന്ത്യയിൽ ആദ്യമായി അച്ചടിക്കപ്പെട്ട വേദപുസ്തകം 1727–ൽ തമിഴ് ഭാഷയിലുള്ളതാണ്. വില്യം കേറി വിവർത്തനം ചെയ്ത കന്നഡ വേദപുസ്തകം 1869–ൽ ജോൺഹാഫ്വ എന്ന ബ്രിട്ടീഷ് പണ്ഡിതൻ പൂർത്തിയാക്കി. 1811–ൽ ബോംബെയിലെ കൊറിയാർ പ്രസ്സിൽ മുദ്രണം (സിറിയൻ/സുറിയാനി ഭാഷയിൽ നിന്നും) ചെയ്തതാണ്. ആദ്യത്തെ മലയാളം ബൈബിൾ (Kerala Tourism) ബൈബിളിലെ എല്ലാ

പുസ്തകങ്ങളും അവയുടെ അദ്ധ്യായങ്ങളും ഒന്നോടൊന്നു യോജിക്കുന്നു; വിയോജിക്കുന്നില്ല. ലോകസൃഷ്ടി മുതൽ അവസാനം വരെയുള്ള സംഭവങ്ങളുടെ രത്നചുരുക്കം ഇതിന്റെ ഉള്ളടക്കമാണ്. ശാസ്ത്രീയമായും ബുദ്ധിപരമായും ഇതിന്റെ ഉള്ളടക്കത്തെ തള്ളിക്കളയാൻ സാധിക്കയില്ല. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയ സംഗതികൾ സർവ്വ ദേശ, ജാതി, കുല സംസ്ക്കാരങ്ങളെയും സ്വാധീനിക്കുന്നുവെന്നു മാത്രമല്ല മനുഷ്യജീവിതത്തെ പരിപൂർണ്ണ മായി രൂപാന്തരപ്പെടുത്തി പുതിയ മനുഷ്യനാക്കി തീർക്കുന്നു. ഇത് ജീവനുള്ള ദൈവത്തിന്റെ തിരുവചനം എന്നുള്ളതിനു വേറെ കാരണങ്ങൾ ഒന്നും വേണ്ട. ഗ്രന്ഥകർത്താവു ദൈവം തന്നെ. ഇത് ലോകത്തിലെ 3000 ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടതും ലോകജനസംഖ്യയിൽ 95% ആളുകൾക്കു തങ്ങളുടെ മാതൃഭാഷയിൽ തന്നെ വായിച്ചു മനസിലാക്കാവുന്നതുമാകുന്നു. ഓരോ ക്രിസ്തീയ ഭവനത്തിലും ഒന്നിലധികം വേദപുസ്തക പ്രതികൾ ഉണ്ട്. മാത്രമല്ല ഓരോ വർഷവും കോടിക്കണക്കിനു വേദപുസ്തക പ്രതികൾ പ്രിന്റു ചെയ്തു വിൽക്കപ്പെടുന്നു. ഈ പുസ്തകം സത്യമായതിനാൽ സത്യാന്വേഷികൾ വായിച്ചറിയുന്നു.

നമ്മുടെ രൂപയുടെ മുകളിലുള്ള അശോകസ്തംഭത്തിന്റെ അടിയിലായി (ക്രി.മു.400–അശോക ചക്രവർത്തി) അഥർമ്മവേദം – മണ്ഡകോപനിഷത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ള **"സത്യമേവ ജയതേ" (Truth Alone will prevail or Triumph)** എന്നു കാണുവാൻ സാധിക്കും. ശരിയാണ്. യേശുക്രിസ്തു വഞ്ചകനായിരുന്നുവെങ്കിൽ, അവന്റെ വാക്കുകൾ, ഉപദേശങ്ങൾ പൊള്ളയായിരുന്നുവെങ്കിൽ അവ ഇന്നു വരെ നിലനില്ക്കുക യില്ലായിരുന്നു. എന്നാൽ അവന്റെ ഉപദേശങ്ങൾ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിയെന്നു മാത്രമല്ല ജനകോടികളുടെ ജീവിതത്തെ മാറ്റി മറിച്ചിരിക്കുന്നു.




ക്രിസ്തുവിനെപ്പോലെ ചരിത്രത്തിൽ സ്ഥാനം പിടിച്ച മറ്റൊരാൾ ലോക ചരിത്രത്തിലില്ല. ഇന്നും ലോകജനതയിൽ ഭൂരിഭാഗവും അവനെ പിൻപറ്റുന്നവരാണ്. ജാതി, മത, ദേശ വ്യത്യാസമില്ലാതെ ലോകത്തിൽ അധികം വായിക്കപ്പെടുന്ന ഏക ഗ്രന്ഥം വിശുദ്ധ വേദപുസ്തകമാണ്. എത്ര എതിർപ്പുകളും പീഡനങ്ങളും തൃണവൽക്കരിച്ചുകൊണ്ടു ഒരു പക്ഷെ കാണുന്ന ആകാശവും ഭൂമിയും മാറിപ്പോയാലും മാറ്റമില്ലാത്തതാണ് ദൈവവചനമായ ബൈബിൾ എന്നത് അതിശയോക്തിയല്ല എന്നു ഞാൻ കരുതുന്നു; കാരണം അതു സത്യം തന്നെ.

വിശുദ്ധ ബൈബിൾ ഉപദേശങ്ങളെ മുറുകെ പിടിക്കുന്നവർ വിമോചനത്തിന്റെ സന്തോഷത്തിൽ മാത്രമല്ല നിസീമ ദൈവസ്വഭാവ മുള്ളവരായി സ്നേഹത്തിലും, സാഹോദര്യത്തിലും സ്വാമി വിവേകാനന്ദനെപ്പോലെയും, മഹാത്മജിയെ പോലെയും മദർ തെരേസയെ പോലെയും മാതൃകാപരമായ ജീവിത നിലവാരം പുലർത്തും.




*മദർ തെരേസ*

## മഹാത്മഗാന്ധിയുടെ സാക്ഷ്യം



"മനുഷ്യർക്കു ലഭിച്ചിട്ടുള്ള ഉത്തമ ഗുരുക്കന്മാരിൽ ഒരാളാണ് യേശുക്രിസ്തു. ദൈവത്തോടൊപ്പമുള്ള ക്രിസ്തുവിന്റെ സാനിദ്ധ്യം അവന്റെ ജീവിതം തന്നെ സാധൂകരിക്കുന്നതാണ്. ദൈവത്തിന്റെ സങ്കല്പങ്ങളും പ്രഭാവങ്ങളും യേശു പരസ്യപ്പെടുത്തിയതുപോലെ ആരും ചെയ്തിട്ടില്ല. അതുകൊണ്ടാണ് അവനെ ദൈവപുത്രൻ എന്നു വിളിക്കുന്നത്."

**മഹാത്മഗാന്ധി**

ഒരിക്കൽ ഒരു സായിപ്പ് ഗാന്ധിജിയോട് "നിങ്ങൾ ഇൻഡ്യയ്ക്ക് എങ്ങനെ സ്വാതന്ത്ര്യം നേടികൊടു ക്കുവാൻ സാധിക്കും?'' എന്നു ചോദിച്ചപ്പോൾ സൗമ്യതയോടെ ബൈബിളിലെ മത്തായി എഴുതിയ സുവിശേഷം 5–ാം അദ്ധ്യായം തുറന്നു കാണിച്ചിട്ട് ''സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും" എന്നു നിങ്ങൾ വായിച്ചിട്ടില്ല യോ എന്നു ചോദിച്ചു. ഞാൻ സൗമ്യനായിട്ട് ഇന്ത്യയെ എന്തുകൊണ്ട് സ്വതന്ത്രമാക്കുവാൻ കഴിയുകയില്ല? എന്നു ചോദിച്ചു. അതുപോലെ തന്നെ ക്രിസ്തുവിന്റെ ദിവ്യ ഉപദേശങ്ങൾ അനുസരിച്ച ഗാന്ധിജി അഹിംസയിലൂടെ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നേടിത്തന്നു. അങ്ങനെ ചെയ്തില്ലായിരുന്നു എങ്കിൽ എത്രയോ ദേശഭക്തരുടെ ജീവൻ ബലിദാനമായി തീരുമായിരുന്നു. ഈ കാരണത്താൽ ഗാന്ധിജിയെ ''മഹാത്മാ''എന്ന ബഹുമാനത്തോടെ 'രാഷ്ട്രപിതാവ്' എന്നു വിളിക്കപ്പെടുന്നു. മാത്രമല്ല നമ്മുടെ രൂപ യുടെമേൽ അദ്ദേഹത്തിന്റെ മുഖരൂപം മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ജന്മദിവസം ഇന്ത്യയിൽ മാത്രല്ല ലോകത്തിന്റെ നാനാഭാഗങ്ങളിൽ ആഘോഷിക്കപ്പെടുന്നു. ഗാന്ധിജി വധിക്കപ്പെട്ട പ്പോൾ വിശ്വസംസ്തയുടെ കെട്ടിടത്തിന് മുകളിൽ കെട്ടിയിരുന്ന എല്ലാ രാജ്യത്തിന്റെയും കൊടി താഴ്ത്തികെട്ടി ദുഃഖം രേഖപ്പെടുത്തി. ഈ ആദരവ് ഇതുവരെയും ലോകത്തിൽ ആർക്കും ലഭിച്ചിട്ടില്ല.

## 10. ധനവാന്റെയും ദരിദ്രന്റെയും കഥ

ധനവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ ധൂമ്രവസ്ത്രവും പട്ടും ധരിച്ചു ദിനവും ആഢംബരസുഖത്തിൽ ജീവിച്ചു. ലാസർ എന്നു പേരുള്ള ഒരു ദരിദ്രൻ വ്രണം നിറഞ്ഞവനായി അവന്റെ പടിവാതിൽക്കൽ കിടന്നിരുന്നു. ധനവാന്റെ മേശയിങ്കൽ നിന്നു വീഴുന്ന എച്ചിൽ ഭക്ഷിച്ചു വിശപ്പടക്കിയിരുന്നു. നായ്ക്കൾ അവന്റെ വൃണം നക്കും.



ഇങ്ങനെയിരിക്കെ ഒരുനാൾ ലാസർ (ദരിദ്രൻ) മരിച്ചു. ദരിദ്രൻ മരിച്ച ഉടനെ ദൂതന്മാർ അവനെ പിതാവായ അബ്രഹാമിന്റെ മാർവ്വോടണച്ചു (സ്വർഗ്ഗം). കുറെ നാളുകൾക്കു ശേഷം ധനവാനും മരിച്ചു. അവന്റെ ജീവാത്മാവ് നരകത്തിൽ (പാതാളത്തിൽ) യാതന അനുഭവിക്കുമ്പോൾ മുകളിലേക്കു നോക്കി. ദൂരെ അബ്രഹാമിനെയും അവന്റെ മടിയിൽ ലാസറിനെയും കണ്ടു അവനോട്: "അബ്രഹാം പിതാവേ, എന്നോടു കനിയേണമേ. ലാസറിന്റെ വിരൽ വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണമേ. ഞാൻ ഈ തീ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു'' എന്നു നിലവിളിച്ചു. അതിനു അബ്രഹാം ''മകനെ നീ നിന്റെ ആയുസ്സിൽ ആശിച്ചതൊക്കെയും അനുഭവിച്ചു. അതുപോലെ ലാസർ തിന്മയും അനുഭവിച്ചു എന്നോർക്കുക. നീ ഇപ്പോൾ വേദന അനുഭവിക്കുന്നു. അത്രയുമല്ല ഞങ്ങൾക്കും നിങ്ങൾക്കും മദ്ധ്യേ വലിയോരു പിളർപ്പു ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട് അവിടെ നിന്നു ഇവിടേക്കു വരുവാനോ, ഇവിടെ നിന്നു അവിടേക്കു പോകുവാനോ കഴിയുകയില്ല എന്നു പറഞ്ഞു."

അപ്പോൾ അവൻ: "പിതാവേ, അവനെ എന്റെ അപ്പന്റെ വീട്ടിലേക്കു അയയ്ക്കേണമേ. എന്റെ അഞ്ചു (5) സഹോദരന്മാർ ആരും ഈ യാതന സ്ഥലത്തു വരാതിരിപ്പാൻ അവൻ (ലാസർ) ഇവിടെ കണ്ടതൊക്കെയും അവരോടു പറയട്ടെ" എന്നപേക്ഷിച്ചു. പിതാവു അവനോട് "അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ? അവരുടെ വാക്കുകൾ അവർ കേൾക്കട്ടെ" എന്നു പറഞ്ഞു. അവർ മോശെയുടെയും പ്രവാചകന്മാരുടെയും (ബൈബിൾ) വാക്കു കേൾക്കാതിരുന്നാൽ മരിച്ചവരിൽ നിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കുകയില്ല എന്നു പറഞ്ഞു.

(ലൂക്കോ. 16:19–31)

## 11. ആരാണ് യേശുക്രിസ്തു ? ഇതിനെക്കുറിച്ചുള്ള നിങ്ങളുടെ തീരുമാനം?

എന്റെ പ്രിയ സഹോദരാ/സഹോദരി, നിങ്ങൾ വായിച്ച പേജുകളിൽ നിന്നും ഞാൻ വിവരിച്ച യേശു ആരാകുന്നുവെന്നു നിങ്ങൾ ചിന്തിക്കുന്നു. വഞ്ചകനോ, മാനസികഭ്രമം ഉള്ളവനോ അതോ സത്യദൈവമോ? അവൻ സത്യദൈവമെന്നു നിങ്ങൾ തീരുമാനിച്ചാൽ/വിശ്വസിച്ചാൽ താങ്കൾ മുക്തി പ്രാപിക്കും. മനുഷ്യനുവേണ്ടിയുള്ള ഈ മോക്ഷം ക്ഷണത്തിൽ ലഭ്യമാണ്. അതിനായിട്ട് ആയിരം ജന്മങ്ങൾ എടുക്കേണ്ടതില്ല. ഒരു ദേഹോപദ്രവങ്ങളും ഏൽക്കേണ്ടതില്ല. തീർത്ഥയാത്രകളോ പുണ്യകാര്യങ്ങളോ ചെയ്യേണ്ടതില്ല. സ്ത്രീ, പുരുഷൻ എന്ന വ്യത്യാസമില്ലാതെ എല്ലാ മനുഷ്യ വർഗ്ഗത്തിനും സൗജന്യമായി ലഭിക്കുന്നതാണ് മോക്ഷം. ആകയാൽ എല്ലാ മനുഷ്യനും സത്യം അറിഞ്ഞു മോക്ഷം പ്രാപിക്കേണം എന്നുള്ളത് ദൈവഹിതമാണ് എന്ന് വേദപുസ്തകം പറയുന്നു. ഉദാഹരണമായി യേശുവിന്റെ കൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളൻ ചില നിമിഷങ്ങൾ ക്കുള്ളിൽ മോക്ഷം പൂകിയതായി കാണുന്നു.

**താങ്കൾ മോക്ഷം പ്രാപിക്കുവാൻ ഇച്ഛിക്കുന്നുവെങ്കിൽ താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന വിശ്വാസത്തോടെ പ്രാർത്ഥിക്കുക.**

"കൃപ നിറഞ്ഞ യേശു കർത്താവേ, അവിടുന്നു ഞങ്ങളെ സ്നേഹിച്ചു മോക്ഷം നൽകുവാനായി 2020 വർഷങ്ങൾു മുമ്പ് ലോകത്തിലേക്കു വന്നതിനായിട്ടും അതു ഗ്രഹിക്കുവാൻ ഇന്ന് എനിക്കു ഇടയായതിനും നന്ദി. പരിശുദ്ധനായ അവിടുന്ന് പാപിയായ എന്റെ പാപത്തിന്റെ ശിക്ഷകൾ കുരിശിൽ അനുഭവിച്ചു എന്നു വിശ്വസിക്കുന്നു. അവിടുന്ന് കുരിശിൽ എനിക്കു വേണ്ടി മരിച്ചു, അടക്കം ചെയ്യപ്പെട്ടു, മൂന്നു ദിവസങ്ങൾ കഴിഞ്ഞു മരണത്തെ ജയിച്ചു



ഉയിർത്തെഴുന്നേറ്റു എന്നു എന്റെ ഹൃദയത്തിൽ വിശ്വസിച്ചു വായാൽ ഏറ്റു പറയുന്നു. എന്റെ പേരു മോക്ഷപ്രാപ്തരുടെ പട്ടികയിൽ ചേർത്തതിനായി നന്ദി പറയുന്നു. അവിടുന്ന് എന്നെ മോക്ഷപുരിയിൽ ചേർക്കുവാൻ വീണ്ടും വരുമെന്നു വിശ്വസിച്ചു പ്രത്യാശിക്കുന്നു. നന്ദി." പേജ് 11–ൽ വിവരിച്ചിരിക്കുന്ന സ്വർഗ്ഗപ്രാപ്തി ലഭിച്ച താങ്കൾക്കു അഭിനന്ദനങ്ങൾ. സ്വർഗ്ഗരാജ്യത്തിൽ എന്നെ ഓർക്കുക. നന്ദി.

## 12. യേശു പറഞ്ഞതു എന്തുകൊണ്ടു നിങ്ങൾ വിശ്വസിക്കണം?

യേശു ഒരു സങ്കൽപ്പ വ്യക്തിയല്ല. അവൻ ചരിത്ര പുരുഷൻ എന്നുള്ളതിനു ചരിത്രത്തിൽ അനേകം സാക്ഷികളുണ്ട്. യേശുവിന്റെ രക്തം പുരണ്ട വസ്ത്രം ഇന്നും ലണ്ടനിലെ മ്യൂസിയത്തിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. ഇതു യേശുവിന്റെ തന്നെ രക്തം എന്നു ശാസ്ത്രീയമായി ദൃഢീകരിക്കപ്പെട്ടിരിക്കുന്നു. യേശു നമ്മുടെ ഏഷ്യാഭൂഖണ്ഡത്തിലാണ് ജീവിച്ചത്. അവന്റെ 12 ശിഷ്യന്മാരിൽ രണ്ടുപേർ ഇൻഡ്യയിൽ സുവിശേഷ പ്രചാരണം നടത്തി. മാത്രമല്ല ക്രിസ്തുവിന്റെ ജനനം ലോകചരിത്രത്തെ 'ക്രിസ്തുവിനു മുൻപ്' 'ക്രിസ്തുവർഷം' ഇങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. മാത്രവുമല്ല താഴെ പറയുന്ന കാരണങ്ങളാൽ അവൻ പറഞ്ഞത് സത്യം തന്നെ എന്നു വിശ്വസ്യനീയമാണ്.

1. യേശു പരിശുദ്ധനായിരുന്നു. (പു. 38 കാണുക)
2. യേശുവിന്റെ ഉപദേശം പോലെ ജീവിതവുമായിരുന്നു. അവന്റെ അനുയായികൾ വിശ്വമെങ്ങും നിറഞ്ഞിരിക്കുന്നു. (പു. 41 കാണുക)
3. പ്രകൃതിയിന്മേലും മരണത്തിന്മേലും അധികാരമുള്ളവനായിരുന്നു. അനേകം അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. (പു. 46 കാണുക)

4. യേശുവിന്റെ വാക്കുകളും പ്രവൃത്തികളും അധികാരത്തോടു കൂടിയതായിരുന്നു. അവൻ കുരിശിൽ യാതനകൾ അനുഭവിച്ചു മരിക്കുന്ന സമയത്തും മാനസിക സമനില തെറ്റാതെ 7 മൊഴികൾ വളരെ സ്പഷ്ടമായി സംസാരിച്ചു. അതുകൊണ്ട് മാനസികനില തെറ്റിയവൻ എന്നു പറയുവാൻ സാധ്യമല്ല. (പു. 65 കാണുക)

5. എത്രയോ പീഡനങ്ങളും ഉപദ്രവങ്ങളും നേരിട്ടിട്ടും സുവിശേഷ പ്രവർത്തനം നിന്നിട്ടില്ല. നിൽക്കുകയുമില്ല.

(പു. 66 കാണുക)

6. വിശുദ്ധ വേദപുസ്തകം വിശ്വസിച്ചു അനുസരിച്ചു ജീവിച്ചാൽ ദൈവ പരിജ്ഞാനം ലഭിക്കുന്നു.

(പു. 83 കാണുക)



## 13. ദൈവമായ യേശു പരിശുദ്ധൻ

(05-12-2012 ൽ ശിവമൊഗ്ഗ നഗരത്തിലെ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം)

> “യേശുക്രിസ്തു ദൈവം ആയിരുന്നു. മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ട യേശുവിനെ ദൈവം എന്നു നാം പൂജിക്കണം. ഉന്നതമായ ദൈവ വെളിപ്പാടിനേക്കാൾ ആരാധിക്കുവാൻ ഒന്നുമില്ല. ക്രിസ്തുവിനു അധീതമായി ദൈവമെന്നു ഭാവിക്കുന്നതു സർവത്തിന്റെയും കുലപാതകമാണ്. നിങ്ങൾ യേശുവിനെ ത്യജിച്ചു ദൈവമെന്നു സങ്കൽപ്പിക്കുവാൻ ചെയ്യുന്ന സകല പ്രയത്നങ്ങളും വ്യർത്ഥമാണ്.”
>
> *സ്വാമി വിവേകാനന്ദൻ*
>
> (The complete works of Swamy Vivekananda, vol.8, pg. No. 182)

**മനുഷ്യരുടെ ഇടയിൽ ജീവിച്ച യേശു ക്രിസ്തുവിന്റെ പവിത്രതയെക്കുറിച്ചു വേദപുസ്തകം കൊടുക്കുന്ന സാക്ഷ്യവചനങ്ങൾ.**

യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചു ദൂതന്മാർ കന്യാ മറിയാമിനോടു പറഞ്ഞത്;

1. **“പരിശുദ്ധാത്മാവു നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും.”** (ലൂക്കോ. 1:35)

യേശുക്രിസ്തു പൂർണ്ണ മനുഷ്യനായി ജനിച്ചു നമ്മുടെ ഇടയിൽ മുപ്പത്തിമൂന്നര വർഷങ്ങൾ ജീവിച്ചപ്പോൾ–

2. **“സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനേ– എന്നാൽ പാപം ചെയ്തിട്ടില്ല.”** (എബ്രാ. 4:15)

തന്നെ ചോദ്യം ചെയ്തവരോടു യേശു പറഞ്ഞു–

3. **"നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു?"** (യോഹ. 8:46)

പാപത്തിന്റെ ശമ്പളം മരണം. രക്തം ചൊരിഞ്ഞിട്ടല്ലാതെ പാപവിമോചനം ഇല്ല എന്നു സർവ്വ മതഗ്രന്ഥങ്ങളും പറഞ്ഞിരിക്കയാൽ –

4. **''നാം യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു പാപം അറിയാത്തവനെ നമുക്കുവേണ്ടി പാപം ആക്കി."** (2 കൊരി. 5:21)

കാളക്കിടാക്കളുടെയും കോലട്ടുകൊറ്റന്മാരുടെയും രക്തത്താൽ പാപമോചനം ലഭിക്കുക അസാദ്ധ്യമായതിനാൽ–

5. **''ക്രിസ്തുവിൽ അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പുണ്ട്."** (എഫെ. 1:7)

യേശുവിന്റെ 12 ശിഷ്യന്മാരിൽ ഒരുത്തനായ യൂദ 30 വെള്ളിക്കാശിനു യേശുവിനെ ഒറ്റിക്കൊടുത്തശേഷം കുറ്റബോധ മുണ്ടായിട്ടു പറഞ്ഞത്.

6. **"ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്ത തിനാൽ പാപം ചെയ്തു"** എന്നു പറഞ്ഞു.(മത്താ. 27:4)

റോമാസാമ്രാജ്യത്തിന്റെ ന്യായാധിപതി പീലാത്തോസ് ക്രിസ്തുവിനെ വിചാരണ ചെയ്തപ്പോൾ.

7. **''മഹാപുരോഹിതന്മാരും ന്യായധിപസംഘം ഒക്കെയും യേശുവിനെ കൊല്ലേണ്ടതിനു അവന്റെ നേരെ സാക്ഷ്യം അന്വേഷിച്ചിട്ടും കണ്ടില്ല. അനേകർ അവന്റെ നേരെ കള്ളസ്സാക്ഷ്യം പറഞ്ഞിട്ടും ഒത്തുവന്നില്ല."** (മർക്കൊ. 14: 55,56)



8. പീലാത്തോസ് പറഞ്ഞു: **"ഞാൻ ഇവനെ നിങ്ങളുടെ മുമ്പിൽ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തിയ കുറ്റമൊന്നും ഇവനിൽ കണ്ടില്ല. ഹെരോദാവും കണ്ടില്ല.''** (ലൂക്കോ. 23:14)

9. പീലാത്തോസ് പറഞ്ഞു: **''ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല."** (ലൂക്കോ. 23:4)

10. പീലാത്തോസ് ന്യായാസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ചു, **''ആ നീതിമാന്റെ കാര്യത്തിൽ നീ ഇടപെടരുത്. അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറഞ്ഞു."** (മത്താ. 27:19)

11. യേശുവിനോടു കൂടി ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരിൽ ഒരുവൻ യേശുവിനെ ദുഷിച്ചപ്പോൾ മറ്റവൻ പറഞ്ഞു:

**''നാമോ ന്യായമായി ശിക്ഷ അനുഭവിക്കുന്നു; നാം പ്രവൃത്തിച്ചതിനു യോഗ്യമായതല്ലോ കിട്ടുന്നതു. ഇവനോ അരുതാത്തതൊന്നും ചെയ്തിട്ടില്ല''** എന്നു പറഞ്ഞു. (ലൂക്കോ. 23:41)

12. ന്യായാലയത്തിന്റെ വിധിപ്രകാരം ക്രൂശിച്ച യേശുവിനെ കണ്ട ശതാധിപൻ സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ചുകൊണ്ടു പറഞ്ഞു: **''ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു"** എന്നു പറഞ്ഞു ദൈവത്തെ വാഴ്ത്തി. (ലൂക്കോ. 23:47)

മൂന്നര വർഷങ്ങൾ യേശുവിനോടു ചേർന്നു വേല ചെയ്ത 12 ശിഷ്യന്മാരിൽ ഒരുവനായ പത്രോസ് അവനെക്കുറിച്ചു പറഞ്ഞ സാക്ഷ്യം:

13. **"നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. ക്രിസ്തു പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും**

**ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീക്ഷണം പറയാതെയും ഇരുന്നു.”** (1 പത്രോ. 2: 21,22)

യേശുവിന്റെ ജനനം, ജീവിതം, മരണം, ഉയിർപ്പ് ഇവയെല്ലാം പൂർണ്ണമായും പരിശുദ്ധമായിരുന്നു. അവനിൽ ഇന്നുവരെയും ആരും ഒരു കുറ്റവും കണ്ടുപിടിച്ചിട്ടില്ല. ദൈവം ഇപ്രകാരമല്ലേ ഇരിക്കേണ്ടത്? ദൈവത്തെ ആരുമായി സാമ്യപ്പെടുത്താൻ സാധിക്കും?

~*~*~*~*~

(17-03-2013 ൽ ‘സംയുക്ത കർണ്ണാടക’ എന്ന സംസ്ഥാന ദിനപത്രത്തിൽ വന്ന ലേഖനം.)

## 14. യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിന്റെ സാരാംശം

രാഷ്ട്രപിതാവായ ഗാന്ധിജി രചിച്ച **‘എന്റെ സത്യാന്വേഷണ കഥകൾ’** എന്ന പുസ്തകത്തിൽ അദ്ദേഹം വിശുദ്ധ വേദപുസ്തകം വായിച്ചപ്പോൾ യേശുവിന്റെ ഗിരിപ്രഭാഷണ സമയത്തു ചെയ്ത ഉപദേശങ്ങൾ തന്റെ ഹൃദയത്തെ വളരെ സ്വാധീനിച്ചു എന്നു പറഞ്ഞിരിക്കുന്നു. അവന്റെ ഉപദേശങ്ങൾ ക്രിസ്ത്യാനികൾക്കു മാത്രം ഒതുക്കപ്പെട്ടതല്ല പിന്നെയോ ഓരോ മനുഷ്യനും അത്യാവശ്യമാണ്’ എന്നു എഴുതിയിരിക്കുന്നു.

ഗാന്ധിജിയുടെ അഹിംസ മാർഗ്ഗത്തിനും ആദർശ ജീവിതത്തിനും പ്രേരിപ്പിച്ചതു യേശുക്രിസ്തുവിന്റെ ഗിരി പ്രഭാഷണമാണ്.നന



### *ഭാഗ്യവാന്മാർക്കു എന്താണ് ഭാഗ്യമായി ലഭിക്കുന്നതു?*

*||ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ;*
*സ്വർഗ്ഗരാജ്യം അവർക്കുള്ളതു ||*
*||ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ;*
*അവർക്കു ആശ്വാസം ലഭിക്കും ||*
*||സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ;*
*അവർ ഭൂമിയെ അവകാശമാക്കും ||*
*||നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ;*
*അവർക്കു തൃപ്തിവരും ||*
*||കരുണയുള്ളവർ ഭാഗ്യവാന്മാർ;*
*അവർക്കു കരുണ ലഭിക്കും ||*
*||ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ;*
*അവർ ദൈവത്തെ കാണും ||*
*||സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ;*
*അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും ||*
*||നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ;*
*സ്വർഗ്ഗരാജ്യം അവർക്കുള്ളതു ||*

### മനുഷ്യജീവിതം എങ്ങനെയായിരിക്കണം

**യേശുക്രിസ്തു ഉപദേശിച്ചതു പോലെ തന്നെ ജീവിച്ചു:**

- നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പു കാരമില്ലാതെ പോയാൽ അതിനു എന്തൊന്നുകൊണ്ടു രുചി വരുത്താം?
- നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. വിളക്കു കത്തിച്ചു പറയിൻ കീഴിൽ അല്ല തണ്ടിന്മേലത്രെ വയ്ക്കുന്നതു. അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും വെളിച്ചം കൊടുക്കും. അതുപോലെ നിങ്ങളുടെ വെളിച്ചം മനുഷ്യർക്കു പ്രകാശമായിരിക്കട്ടെ!

- നിന്റെ വലങ്കണ്ണു നിന്നെ പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്നുവെങ്കിൽ അതു തുരന്നെടുത്തു കളയുക. നിന്റെ ശരീരം മുഴുവനും നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്നു നശിക്കുന്നതു നിനക്കു പ്രയോജനമത്രേ.
- നിന്റെ പ്രതിയോഗിയോടുകൂടെ വഴിയിൽ ഉള്ളപ്പോൾ തന്നെ വേഗത്തിൽ അവനോടു ഇണങ്ങിക്കൊൾക. അല്ലെങ്കിൽ പ്രതിയോഗി നിന്നെ ന്യായാധിപനും ന്യായാധിപൻ ചേവകനും ഏൽപ്പിച്ചിട്ടു നീ തടവിൽ ആയിപ്പോകും. നിന്റെ വലത്തെ ചെകിട്ടത്തു അടിക്കുന്നവനു മറ്റെ ചെകിടും കാണിച്ചു കൊടുക്ക.
- നിന്നോടു യാചിക്കുന്നവനു കൊടുക്ക. വായ്പ വാങ്ങുവാൻ വരുന്നവനെ ഒഴിഞ്ഞു കളയരുത്.
- നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. ഇങ്ങനെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ പുത്രന്മാരാകുവിൻ/ പുത്രിമാരാകുവിൻ.
- നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം? ചുങ്കക്കാരും അങ്ങനെ ചെയ്യുന്നുവല്ലോ? ദൈവം ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്നില്ലയോ?
- മനുഷ്യർ കാണേണ്ടതിനു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ. അല്ലാഞ്ഞാൽ ദൈവത്തിങ്കൽ നിന്നും പ്രതിഫലം ലഭിക്കുകയില്ല. നിങ്ങളുടെ വലങ്കൈ ചെയ്യുന്നതു എന്ത് എന്നു ഇടങ്കൈ അറിയരുത്. അതുപോലെ പ്രാർത്ഥിക്കുമ്പോൾ മുറിക്കുള്ളിൽ കടന്നു വാതിൽ അടെച്ചു രഹസ്യമായി ദൈവത്തോടു പ്രാർത്ഥിപ്പിൻ.



- ഭൂമിയിൽ നിങ്ങൾ നിക്ഷേപം കൂട്ടിവയ്ക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം ചേർത്തു കൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ മനസ്സും ഇരിക്കും.
- നിങ്ങൾക്കു ഒരേ സമയത്തു രണ്ടു യജമാനന്മാരെ സേവിക്കുവാൻ സാധ്യമല്ല. നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴിയുകയില്ല. ഗുരുവിനെക്കാൾ ശിഷ്യൻ വലിയവനല്ല. എന്നാൽ അധികം അറിവുള്ളവൻ അവന്റെ ഗുരുവിനെപ്പോലെ ആകേണം.
- കൂട്ടുകാരന് തിന്മ ചെയ്യരുത് (അയൽക്കാരൻ). അവൻ നിന്റെ അയൽക്കാരനാണ്.
- ആരെങ്കിലും നിന്നെ സദ്യയ്ക്കു ക്ഷണിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുത്. പക്ഷെ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം. പിന്നെ നിന്നെ ക്ഷണിച്ചവൻ വന്നു ഇവന് ഇടം കൊടുക്കുക എന്നു നിന്നോടു പറയുമ്പോൾ നീ നാണത്തോടെ അവസാനത്തെ സ്ഥലത്തു പോയി ഇരിക്കേണ്ടി വരും. നിന്നെ വിളിച്ചാൽ അവസാനത്തെ ഇരിപ്പിടത്തിൽ ഇരിക്കുക. നിന്നെ ക്ഷണിച്ചവൻ വന്നു. “സ്നേഹിതാ മുമ്പോട്ടു വന്ന് ഇരിക്കുക എന്നു പറയുവാൻ ഇട വരട്ടെ! അപ്പോൾ പന്തിയിൽ ഇരിക്കുന്നവരുടെ മുമ്പിൽ നിനക്കു മാനം ഉണ്ടാകും. തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.”
- നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിനു വിധിക്കരുത്. കുരുടൻ കുരുടനു വഴി കാണിക്കുവാൻ കഴിയുമോ? അവർ രണ്ടു പേരും കുഴിയിൽ വീഴുകയില്ലയോ? കപടഭക്തനേ, ആദ്യം സ്വന്ത കണ്ണിൽ നിന്നും കോലെടുത്തു കളയുക. പിന്നെ സഹോദരന്റെ കണ്ണിലെ കരടു എടുത്തു കളയുവാൻ ശരിയായി കാണാൻ കഴിയും.

- ക്ഷമിക്കുക. അപ്പോൾ നിങ്ങൾക്കും ക്ഷമ ലഭിക്കും. മനുഷ്യർ നിങ്ങൾക്കു ചെയ്യേണമെന്നു നിങ്ങൾ ഇച്ഛിക്കുന്നതൊക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ.
- എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവൻ ഒരുത്തനുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു.
- വ്യാകുലപ്പെടുന്നതിനാൽ തന്റെ നീളത്തോടു ഒരു മുഴം കൂട്ടുവാൻ നിങ്ങളിൽ ആർക്കു കഴിയും? സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ? ആകാശത്തിലെ പറവകളെ നോക്കുവിൻ. അവ വിതെയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെയ്ക്കുന്നുമില്ല. എങ്കിലും ദൈവം അവയെ പുലർത്തുന്നു. അവയെക്കാൾ നിങ്ങൾ വിശേഷതയുള്ളവരല്ലയോ? അതുകൊണ്ടു മുമ്പെ ദൈവരാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

### നാം എങ്ങനെ പ്രാർത്ഥിക്കണം

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തലെപ്പോലെ ഭൂമിയിലും ആകേണമേ. ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നും വിടുവിക്കേണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതല്ലോ. ആമേൻ!



## 15. യേശുക്രിസ്തു ചെയ്ത 37 പ്രധാന അതിശയങ്ങൾ/ അത്ഭുതങ്ങൾ

(02-04-2013-ൽ ശിവമൊഗ്ഗ പട്ടണത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന "പാവന" ദിനപത്രത്തിൽ വന്ന ലേഖനം)

(യേശുക്രിസ്തു ഏകദേശം 2020 വർഷങ്ങൾക്കു മുമ്പു ഈ ഭൂമിയിൽ പിറന്നു. മുപ്പത്തി മൂന്നര വർഷങ്ങൾ മനുഷ്യരുടെ ഇടയിൽ ജീവിച്ചു. അവന്റെ മൂന്നര വർഷത്തെ പൊതു ശുശ്രൂഷയിൽ അവൻ ചെയ്ത മുഖ്യമായ 37 അത്ഭുതങ്ങൾ വിശുദ്ധ വേദപുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.)

1. കാനാ എന്ന ഗ്രാമത്തിൽ നടന്ന വിവാഹച്ചടങ്ങിൽ വീഞ്ഞു പോരാതെ വന്നപ്പോൾ രണ്ടോ മൂന്നോ പറ വീതം വെള്ളം കൊള്ളുന്ന ആറു കൽപ്പാത്രങ്ങളിലെ വെള്ളത്തെ വീഞ്ഞാക്കി മാറ്റി കുടിപ്പാൻ കൊടുത്തു.
(യോഹ. 2: 1–11)
2. കാനാ ഗ്രാമത്തിൽ രാജാവിന്റെ അരമനയിൽ ജോലി ചെയ്യുന്ന ഭൃത്യന്റെ മകൻ രോഗിയായിരുന്നു. യേശു അവനോടു നിന്റെ മകൻ ജീവിച്ചിരിക്കുന്നു പൊയ്ക്കൊൾക എന്നു പറഞ്ഞ ക്ഷണത്തിൽ തന്നെ മരണാസന്നനായിരുന്ന മകൻ സുഖം പ്രാപിച്ചു.
(യോഹ. 4:43–54)
3. യേശു പള്ളിയിൽ ചെന്നപ്പോൾ അവിടെ അശുദ്ധാത്മാവു ബാധിച്ച ഒരു മനുഷ്യൻ "നസ്രനായ യേശുവേ എന്നെ വിടൂ. ഞങ്ങൾക്കും നിനക്കും തമ്മിൽ എന്ത്? ഞങ്ങളെ നശിപ്പിക്കുവാൻ വന്നിരിക്കുന്നുവോ? നീ ദൈവത്തിന്റെ പരിശുദ്ധൻ എന്നു എനിക്കറിയാം" എന്നു പറഞ്ഞപ്പോൾ യേശു "അവനെ വിട്ടു പോകൂ" എന്നു പറഞ്ഞു ശാസിച്ചു. അപ്പോൾ ആ മനുഷ്യനെ ബാധിച്ചിരുന്ന ഭൂതം അവനെ തള്ളിയിട്ട് കേട് ഒന്നും വരുത്താതെ വിട്ടുപോയി.
(ലൂക്കോ. 4: 31–36)

4. യേശു ശിഷ്യനായ പത്രോസിന്റെ വീട്ടിൽ വന്നപ്പോൾ അവന്റെ അമ്മായിയമ്മ പനി മൂർഛിച്ചു കിടപ്പിലായിരുന്നു. യേശു അവളുടെ കൈയ്ക്കു പിടിച്ചു എഴുന്നേൽപ്പിച്ച ക്ഷണത്തിൽ പനി അവളെ വിട്ടുപോയി, സൗഖ്യം പ്രാപിച്ചു. (മത്താ. 8:14,15)

5. വൈകുന്നേരം ആയപ്പോൾ പല രോഗികളെയും ഭൂതഗ്രസ്ഥരെയും യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അവരെയെല്ലാം സൗഖ്യമാക്കി. (മത്താ. 8: 16,17)

6. മുക്കുവനായ പത്രോസ് രാത്രി മുഴുവനും വലവീശി കഷ്ടപ്പെട്ടിട്ടും ഒരു മീനുപോലും കിട്ടാതെ നിരാശനായപ്പോൾ- യേശു കർത്താവ് അവന്റെ തോണിയിലേറി ഇരുന്നു. ജനത്തെ ഉപദേശിച്ച ശേഷം കർത്താവിന്റെ വാക്കു വിശ്വസിച്ചു വലയിറക്കിയപ്പോൾ വലിയ മീൻകൂട്ടം ലഭിച്ചതായി വായിക്കുന്നു. (ലൂക്കൊ. 5: 1–6)

7. ശരീരമാസകലം കുഷ്ഠം ബാധിച്ച ഒരുവൻ ക്രിസ്തുവിന്റെ പാദത്തിങ്കൽ വീണു ''കർത്താവേ, നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും" എന്ന് അവിടുത്തോട് അപേക്ഷിച്ചു. കർത്താവു "മനസ്സുണ്ടു ശുദ്ധമാകുക" എന്നു പറഞ്ഞപ്പോൾ തന്നെ കുഷ്ഠം അവനെ വിട്ടുമാറി അവനു സൗഖ്യമായി. (ലൂക്കോ. 5: 12,13)

8. ഒരു ശതാധിപൻ കർത്താവിന്റെ അടുത്തു വന്നു; "കർത്താവേ, എന്റെ സേവകൻ പക്ഷവാതം പിടിച്ചു വീട്ടിൽ കിടക്കുന്നു. കർത്താവേ, അങ്ങു എന്റെ പുരയ്ക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല. അങ്ങു ഒരു വാക്കു കൽപ്പിച്ചാൽ എന്റെ വേലക്കാരൻ സൗഖ്യമാകും.'' കർത്താവു അവനോടു–നീ വിശ്വസിച്ചതു പോലെ തന്നെ ഭവിക്കട്ടെ എന്നു പറഞ്ഞ നിമിഷത്തിൽ തന്നെ അവൻ സൗഖ്യമായി. (മത്താ. 8:5–13)



9. കർത്താവിന്റെ അടുത്തു കിടക്കയോടെ എടുത്തുകൊണ്ടു വന്ന പക്ഷവാതക്കാരനെ നോക്കി, നിന്റെ കിടക്ക എടുത്തുകൊണ്ടു വീട്ടിലേക്കു പോകൂ എന്നു കല്പിച്ച ഉടനെ അവൻ സൗഖ്യത്തോടെ വീട്ടിലേക്കു മടങ്ങി. (മത്താ. 9: 2–8)

10. കർത്താവു വരണ്ട ശോഷിച്ച കൈയുള്ളവനെ നോക്കി– "നിന്റെ കൈ നീട്ടുക" എന്നു പറഞ്ഞപ്പോൾ തന്നെ അവർ കൈ നീട്ടി സുഖം പ്രാപിച്ചു. (മർക്കൊ. 3: 1–6)

11. വിധവയായ മാതാവിന്റെ മരിച്ചു പോയ ഏക മകനെ കണ്ടു മനസ്സലിഞ്ഞു– "യൗവനക്കാരാ എഴുന്നേൽക്ക" എന്നു പറഞ്ഞപ്പോൾ തന്നെ, മരിച്ചവൻ എഴുന്നേറ്റിരുന്നു സംസാരിപ്പാൻ തുടങ്ങി. (ലൂക്കോ. 7: 11–17)

12. ഒരിക്കൽ കടലിൽ വലിയ കാറ്റും തിരമാലയും ഉയർന്നു, കടലിൽ മുങ്ങുന്ന ശിഷ്യന്മാർ– "ഗുരുവേ, രക്ഷിക്കേണമേ" എന്നു നിലവിളിച്ചപ്പോൾ, കർത്താവു എഴുന്നേറ്റു കാറ്റിനെയും കടലിനെയും ശാസിച്ചു; ''കടലിനോടു ശാന്തമാകുക" എന്നു കൽപിച്ചപ്പോൾ തൽക്ഷണം കടൽ ശാന്തമായി. (മർക്കൊ. 4:35–41)

13. ഗദരദേശത്തു ഭൂതഗ്രസ്ഥനായ, ബലിഷ്ഠനായ ഒരു മനുഷ്യൻ, കല്ലറകളിൽ വസിച്ചിരുന്നവൻ കർത്താവിനെ കണ്ടു നമസ്ക്കരിച്ചു: ''യേശുവേ, മഹോന്നതനായ ദൈവപുത്രനെ, ഞങ്ങളെ ദണ്ഡിപ്പിക്കരുതേ" എന്നു അലറിക്കരഞ്ഞപ്പോൾ– "ദുഷ്ടാത്മാവേ, ഈ മനുഷ്യനെ വിട്ടു പുറത്തു പോകൂ" എന്നു കൽപ്പിച്ച മാത്രയിൽ അതു അവനെ വിട്ടു പോയി, ആ മനുഷ്യൻ സുബോധമുള്ളവനായി തീർന്നു. (മർക്കൊ. 5: 1–20)

14. പന്ത്രണ്ടു വർഷങ്ങളായി രക്തസ്രാവ രോഗത്താൽ വലഞ്ഞിരുന്ന ഒരു സ്ത്രീ. കർത്താവിന്റെ വസ്ത്രമെങ്കിലും തൊട്ടാൽ ഞാൻ സുഖം പ്രാപിക്കുമെന്നു ഉള്ളിൽ

വിശ്വസിച്ചിട്ടു ജനക്കൂട്ടത്തിന്റെ പുറകിൽ വന്നു അവന്റെ (യേശു) വസ്ത്രം തൊട്ടു. ക്ഷണത്തിൽ അവൾ സുഖം പ്രാപിച്ചു. (മർക്കൊ.5: 25–31)

15. യായിറോസ് എന്നു പേരുള്ള ഒരു പള്ളിപ്രമാണിയുടെ മകൾ അസുഖം പ്രാപിച്ചു അത്യാസന നിലയിലായിരുന്ന വിഷയം അറിഞ്ഞ കർത്താവു അവളുടെ അടുത്തു എത്തുന്നതിനു മുമ്പേ അവൾ മരിച്ചു. കർത്താവു അവളുടെ വീട്ടിൽ ചെന്നു –തലീഥ കൂമി–അതായതു ബാലെ എഴുന്നേൽക്ക എന്നു കൈ പിടിച്ചപ്പോൾ തന്നെ അവൾ എഴുന്നേറ്റു നടന്നു. (മർക്കൊ.5:35–43)

16. രണ്ടു കുരുടർ– ''യേശുവേ, ഞങ്ങളോടു ദയ ഉണ്ടാകണമേ" എന്നു അപേക്ഷിച്ചപ്പോൾ, കർത്താവു അവരുടെ കണ്ണുകൾ തൊട്ടു– നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ഉടനെ അവരുടെ കണ്ണു തുറന്നു. (മത്താ.9:27–30)

17. ചിലർ ഭൂതഗ്രസ്ഥനായ ഒരുവനെ കർത്താവിന്റെ അടുത്തു കൊണ്ടു വന്നപ്പോൾ അവനിൽ ഉണ്ടായിരുന്ന ഭൂതത്തെ യേശു പുറത്താക്കിയ ഉടനെ അവൻ സംസാരിച്ചു. (മത്താ.9: 32–33)

18. ബേഥെസ്ദാ എന്ന കുളക്കടവിൽ 38 വർഷമായി രോഗിയായി കിടന്നിരുന്ന ഒരുവനെ കണ്ട യേശു; "നിനക്കു സൗഖ്യമാകാൻ മനസ്സുണ്ടോ" എന്നു ചോദിച്ച ശേഷം "എഴുന്നേല്ക്ക, നിന്റെ കിടക്കയെടുത്തു നടക്ക" എന്നു പറഞ്ഞ ഉടനെ അവൻ സൗഖ്യമായി കിടക്കയുമെടുത്തു നടന്നു. (യോഹ. 5:1–9)

19. കർത്താവിന്റെ ഉപദേശം കേൾക്കുവാൻ വന്ന അയ്യായിരത്തിലധികം ഉള്ള പുരുഷന്മാരുടെ കൂട്ടത്തിൽ (ഏകദേശം 20000 പേർ) വെറും അഞ്ചു അപ്പവും രണ്ടു മീനും എടുത്തു സ്തോത്രം ചൊല്ലി ജനങ്ങൾക്കു



വിളമ്പിയപ്പോൾ അവരെല്ലാവരും ഭക്ഷിച്ചു തൃപ്തരായ ശേഷം അപ്പവും മീനും 12 കൊട്ടകളിൽ നിറച്ചെടുത്തു. (മത്താ. 14:13–21)

20. കർത്താവിന്റെ ശിഷ്യന്മാർ രാത്രി നാലാം യാമത്തിൽ വഞ്ചി കയറി ഉൾക്കടലിൽ ആയപ്പോൾ ശക്തമായ കൊടുങ്കാറ്റിൽ പെട്ടു മുങ്ങിക്കൊണ്ടിരിക്കുമ്പോൾ യേശു കടലിന്മേൽ നടന്നു അവരുടെ അടുത്തേയ്ക്കു എത്തി വഞ്ചിയിൽ കയറിയപ്പോൾ കടൽ ശാന്തമായി. എല്ലാവരും കർത്താവിനോടു കൂടെ സുരക്ഷിതരായി തീരം ചേർന്നു. (മത്താ. 14: 22–33)

21. യേശുകർത്താവു തന്റെ ശിഷ്യന്മാരുമായി തീരം ചേർന്നപ്പോൾ ജനങ്ങൾ കർത്താവിനെ തിരിച്ചറിയുകയും ചുറ്റമുള്ള എല്ലാ ജനങ്ങളെയും അറിയിച്ചു രോഗികളെയെല്ലാം അവന്റെ അടുക്കൽ കൊണ്ടുവന്നു. അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ മാത്രം തൊടുവാൻ അനുവാദം ചോദിച്ചു. തൊട്ടവരെല്ലാവരും സൗഖ്യം പ്രാപിച്ചു. (മത്താ. 14: 34–36)

22. യേശുകർത്താവു ഒരു ഗ്രാമത്തിലെ ഒരു വീട്ടിൽ ഇരിക്കുമ്പോൾ അന്യമതക്കാരിയായ ഒരു സ്ത്രീ അവന്റെ പാദങ്ങളിൽ വീണു എന്റെ മകൾ ഭൂതഗ്രസ്ഥയായി വിഷമിക്കുന്നു വന്നു വിടുവിക്കേണമേ എന്നപേക്ഷിച്ചു. ''പൊയ്ക്കൊൾക, ഭൂതം നിന്റെ മകളെ വിട്ടു പോയിരിക്കുന്നു" എന്നു പറഞ്ഞു. അവൾ വീട്ടിൽ ചെന്നപ്പോൾ മകൾ കിടക്കമേൽ കിടക്കുന്നതും ഭൂതം വിട്ടു പോയതും കണ്ടു. (മർക്കൊ.7:24–30)

23. അവൻ ഗലീലയിൽ വന്നപ്പോൾ ചെകിടനായ ഒരു വിക്കനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ കർത്താവു അവന്റെ ചെവിയിൽ വിരലിട്ടു, തുപ്പി അവന്റെ നാവിനെ തൊട്ടു; സ്വർഗ്ഗത്തിലേക്കു നോക്കി തുറന്നു

വരിക എന്ന അർത്ഥം വരുന്ന 'എഫഥാ' എന്നു പറഞ്ഞു. ഉടനെ അവന്റെ ചെവി തുറന്നു നാവിന്റെ കെട്ടും അഴിഞ്ഞു. അവൻ ശരിയായി സംസാരിക്കാൻ തുടങ്ങി. (മർക്കൊ. 7: 31–35)

24. മരുഭൂമിയിൽ യേശുവിന്റെ ഉപദേശം ശ്രവിച്ചുകൊണ്ടിരുന്ന ഏകദേശം 4000 (പുരുഷന്മാർ മാത്രം) ലധികം ആളുകളെ നോക്കി മനസ്സലിഞ്ഞു– ഇവരെ പട്ടിണിയായി വിട്ടയപ്പാൻ എനിക്കു മനസ്സില്ല. അവർ വഴിയിൽ വെച്ചു തളർന്നു പോയേക്കും എന്നു പറഞ്ഞു. ശിഷ്യന്മാരുടെ പക്കലുണ്ടായിരുന്ന ഏഴു അപ്പവും കുറെ മീനുമെടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാരുടെ പക്കലും ശിഷ്യന്മാർ ജനക്കൂട്ടത്തിനും വിളമ്പി. എല്ലാവരും തിന്നു തൃപ്തരായി ശേഷിച്ച കഷണം അവർ 7 വട്ടി നിറച്ചെടുത്തു. (മത്താ. 15:32–39)

25.ബേത്ത്ശയിദേയിൽ ഒരു കുരുടനെ കൊണ്ടുവന്നപ്പോൾ യേശുകർത്താവു അവന്റെ കണ്ണിൽ തുപ്പി അവന്റെമേൽ കൈ വെച്ചപ്പോൾ നിഴൽ പോലെ കാണാൻ തുടങ്ങി. പിന്നെയും അവന്റെ കണ്ണിന്മേൽ കൈ വെച്ചപ്പോൾ അവൻ എല്ലാം സ്പഷ്ടമായി കണ്ടു. (മർക്കൊ. 8:22–26)

26. യേശുകർത്താവു വഴിയിൽ നടന്നുപോകുമ്പോൾ ജന്മനാ കുരുടനായ ഒരുവനെ കണ്ടു കർത്താവ് നിലത്തു തുപ്പി, തുപ്പൽകൊണ്ടു ചേറുണ്ടാക്കി, ചേറു അവന്റെ കണ്ണിന്മേൽ പുരട്ടി "നീ ചെന്നു ശിലോഹോം കുളത്തിൽ കഴുകുക എന്നു പറഞ്ഞയച്ചു. അവൻ പോയി കഴുകി കണ്ണു കാണുന്നവനായി മടങ്ങി വന്നു." (യോഹ. 9: 1–7)

27. ഒരിക്കൽ ഒരു മനുഷ്യൻ കർത്താവിന്റെ കാൽക്കൽ വീണു– ''കർത്താവേ, എന്റെ മകനോടു കരുണ ഉണ്ടാകണമേ, അവൻ ചന്ദ്രരോഗത്താൽ പലപ്പോഴും തീയിലും വെള്ളത്തിലും വല്ലാതെ കഷ്ടപ്പെടുന്നു" എന്നു



പറഞ്ഞു. അപ്പോൾ കർത്താവു ആ ബാലനിലുണ്ടായിരുന്ന ഭൂതത്തെ ശാസിച്ചു പുറത്താക്കി. ഉടൻ തന്നെ ബാലനു സൗഖ്യം ഉണ്ടായി. (മത്താ. 17:14–21)

28. യേശു ഒരിക്കൽ തന്റെ ശിഷ്യനായ പത്രൊസിനോട്– "നീ കടലിലേയ്ക്കു ചെന്ന് ചൂണ്ടലിട്ടു ആദ്യം കിട്ടുന്ന മീനിനെ എടുക്ക. അതിന്റെ വായ് തുറക്കുമ്പോൾ ഒരു ചതുർദ്രഹ്മ പണം കാണും. അതു എടുത്തു എനിക്കും നിനക്കും വേണ്ടി കരം കൊടുക്കുവാൻ പറഞ്ഞു." (മത്താ. 17: 24–27)

29. പരീശന്മാർ ഭൂതബാധയാൽ കുരുടനും ഊമനുമായ ഒരുത്തനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. കർത്താവു അവനെ സൗഖ്യമാക്കി. അവൻ കണ്ണു തുറന്നു കാഴ്ച പ്രാപിക്കുകയും സ്പഷ്ടമായി സംസാരിക്കുവാനും ഇടയായി. (മത്താ. 12:22)

30. 18 വർഷങ്ങളായി ദുരാത്മാവു പ്രാപിച്ചിട്ടു ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായ ഒരു സ്ത്രീയെ കണ്ടു അടുത്തു വിളിച്ചു. "സ്ത്രീയേ, നിന്റെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞു അവളുടെ മേൽ കൈ വെച്ചു. അവൾ ക്ഷണത്തിൽ നിവർന്നു ദൈവത്തെ മഹത്വപ്പെടുത്തി." (ലൂക്കോ.13:10–13)

31. യേശു കർത്താവിന്റെ മുമ്പിൽ ഉണ്ടായിരുന്ന മഹോദരമുള്ളൊരു മനുഷ്യനെ കണ്ടിട്ട് യേശു അവനെ തൊട്ടു സൗഖ്യമാക്കി വിട്ടയച്ചു. (ലൂക്കോ. 14:1–4)

32. യേശു ഒരു ഗ്രാമത്തിൽ വന്നപ്പോൾ കുഷ്ഠരോഗികളായ 10 പേർ (പുരുഷന്മാർ) അവനെ എതിർപ്പെട്ടു അകലെ നിന്നുകൊണ്ടു ''യേശുനായകാ ഞങ്ങളോടു കരുണയുണ്ടാകണമേ" എന്നു ഉറക്കെ നിലവിളിച്ചു. കർത്താവു അവരോട്– ''നിങ്ങൾ പോയി

പുരോഹിതന്മാർക്കു നിങ്ങളെത്തന്നെ കാണിപ്പിൻ എന്നു പറഞ്ഞയച്ചു. പോകയിൽ തന്നെ അവർ ശുദ്ധരായി, സൗഖ്യമായി." (ലൂക്കോ. 17:11–19)

33. യേശുവിന്റെ അടുത്ത സ്നേഹിതനായിരുന്ന ലാസർ എന്നു പേരുള്ളവൻ മരിച്ചു നാലു ദിവസം കഴിഞ്ഞിരുന്നു. അവന്റെ സഹോദരിയുടെ നിലവിളി കണ്ട് യേശു കണ്ണീർ പൊഴിച്ചു. അവൻ ലാസറിന്റെ കല്ലറയ്ക്കൽ വന്ന് കല്ലറയുടെ വാതിൽക്കൽ വെച്ചിരുന്ന കല്പലക മാറ്റുവാൻ ആവശ്യപ്പെട്ടു. സ്വർഗ്ഗത്തിലേക്കു നോക്കി പ്രാർത്ഥിച്ച ശേഷം വലിയ ശബ്ദത്തിൽ "ലാസറെ പുറത്തു വരിക" എന്നു വിളിച്ചപ്പോൾ മരിച്ചു പോയിരുന്നവൻ ഉയർത്തെഴുന്നേറ്റു വന്നു. (യോഹ. 11:1–44)

34. യെരിഹോവിലേയ്ക്കുള്ള വഴിയരികിൽ ഭിക്ഷ യാചിച്ചിരുന്ന ബർത്തിമായി എന്ന കുരുടൻ– "യേശുവേ, എന്നോടു കരുണ തോന്നേണമേ" എന്നു നിലവിളിച്ചപ്പോൾ യേശു നിന്ന് അവനെ വിളിക്കുവിൻ, ഞാൻ നിനക്കു എന്തു ചെയ്തുതരണമെന്നു നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചപ്പോൾ– "റബ്ബൂനി എനിക്കു കാഴ്ച പ്രാപിക്കേണം" എന്നു പറഞ്ഞു. യേശു അവനോട്– "പോക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്നു പറഞ്ഞ ഉടനെ തന്നെ അവൻ കാഴ്ച പ്രാപിച്ചു. (മർക്കൊ. 10:46–52)

35. യേശുക്രിസ്തു നടന്നു പോകുന്ന സന്ദർഭത്തിൽ വിശന്നു, വഴിയരികിൽ കണ്ട അത്തിമരത്തിൽ ഫലമുണ്ടായിരിക്കും എന്നുള്ള ആഗ്രഹത്താൽ അടുത്തു ചെന്നപ്പോൾ വെറും ഇലകളല്ലാതെ ഒന്നും കണ്ടില്ല. അപ്പോൾ യേശു– "ഇനി നിന്നിൽ ഒരുനാളും ഫലം ഉണ്ടാകാതെ പോകട്ടെ" എന്നു പറഞ്ഞു. അപ്പോൾ തന്നെ അത്തി ഉണങ്ങിപ്പോയി. (മത്താ.21:18,19)

36. യേശുക്രിസ്തുവിനെ പിടിച്ചു ക്രൂശിക്കുവാനായി



കൊണ്ടുവന്ന മഹാപുരോഹിതന്റെ സേവകനായ മല്ക്കോസിന്റെ വലതുചെവി പത്രൊസ് വാൾകൊണ്ടു അറുത്തപ്പോൾ യേശു പത്രൊസിനോട് "വാൾ ഉറയിൽ ഇടുക, വാളെടുക്കുന്നവൻ വാളാൽ നശിക്കും (മരിക്കും)" എന്നു പറഞ്ഞു ആ സേവകന്റെ കാതു തൊട്ടു സൗഖ്യമാക്കി. (മത്താ. 26:52,53 & ലൂക്കോ. 22: 47–51)

37. യേശുവിനെ ക്രൂശിച്ചതിനു ശേഷം ശിഷ്യന്മാർ തങ്ങളുടെ കുലത്തൊഴിലായ മീൻ പിടിത്തത്തിനായി മടങ്ങിപ്പോയപ്പോൾ അന്നു രാത്രി ഒരു മീനുപോലും കിട്ടിയില്ല. അതിരാവിലെ സമയത്തു കർത്താവു അവർക്കു പ്രത്യക്ഷനായി "മക്കളെ ഭക്ഷിക്കുവാൻ എന്തെങ്കിലും ഉണ്ടോ?" എന്നു ചോദിച്ചതിനു ശേഷം, "നിങ്ങൾ വല തോണിയുടെ വലത്തു ഭാഗത്തു വീശുവിൻ" എന്നു പറഞ്ഞു. അവർ അങ്ങനെ ചെയ്തപ്പോൾ അവരുടെ വല കീറിപ്പോകുന്ന അളവിൽ വലിയ മീൻകൂട്ടം കിട്ടി. (യോഹ. 21 : 1–6)

മാത്രമല്ല, യേശു ചെയ്ത അത്ഭുതങ്ങൾ ഇനിയും അനേകമുണ്ട്. അത് ഓരോന്നോരോന്നായി എഴുതിയാൽ, എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല. (യോഹ. 21:25)

യേശു പറഞ്ഞത്: "സത്യമായി തന്നെ ഞാൻ നിങ്ങളോടു പറയുന്നു ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ടു അതിൽ വലിയതും അവൻ ചെയ്യും. നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതൊക്കെയും പിതാവു പുത്രൻ മഹത്വപ്പെ ടേണ്ടതിനു ഞാൻ ചെയ്തു തരും. (യോഹ. 14:12,13)

ദൈവം സർവ്വശക്തനാകുന്നു, സർവ്വവ്യാപിയാകുന്നു, സർവ്വ ജ്ഞാനിയും ആകുന്നു. അവിടുത്തേക്കു

അസാധ്യമായ ഒരു കാര്യവും ഇല്ല. യേശുക്രിസ്തു എല്ലാവിധ അതിശയങ്ങളും ചെയ്തു. അവിടുത്തെക്കു ഒന്നും അസാദ്ധ്യമല്ലാതിരുന്നതിനാൽ അവിടുന്ന് ചെയ്തു. അവിടുത്തേക്കു മുമ്പിൽ കുമ്പിടാം.

~*~*~*~*~*~

(04-04-2013–ൽ 'വിജയ കർണ്ണാടക' ദിനപത്രത്തിൽ വന്ന വാർത്ത)

## 16. വ്യഭിചാരക്കുറ്റത്തിൽ പിടിക്കപ്പെട്ട ഒരു വേശ്യയെ ശിക്ഷിക്കുന്നതിനായി യേശുക്രിസ്തുവിന്റെ മുൻപിൽ കൊണ്ടുവന്നത്

"എന്നാൽ കടന്നു വന്ന ഈ മഹാപുരുഷനെ കുറിച്ചു കൊൾക; നൂറ്റാണ്ടുകൾ, കാലഘട്ടങ്ങൾ കടന്നു പോയിരിക്കുന്നു, അവൻ ഭൂമുഖത്തു വിട്ടുപോയ ശക്തി പൂർണ്ണ വ്യാപനമായിട്ടില്ല. കാലങ്ങൾ മാറുതോറും അതിന്റെ ശക്തി വർദ്ധിച്ചു വരുന്നു." ''ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, എന്നാൽ മകനിൽക്കൂടി. അതു സത്യമാണ്. പുത്രനിൽ അല്ലാതെ ദൈവത്തെ എവിടെ കാണുവാൻ കഴിയും?"

***സ്വാമി വിവേകാനന്ദൻ***

(The complete works of Swamy Vivekananda, vol.4, pg. No. 136)

യേശു ദൈവാലയത്തിൽ ഉപദേശിച്ചു കൊണ്ടിരിക്കുമ്പോൾ വേശ്യാവൃത്തിയിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ ശാസ്ത്രിമാരും പരീശന്മാരും ചേർന്നു യേശുവിന്റെ മുമ്പിൽ കൊണ്ടു വന്നു നിർത്തി അവനോട്– "ഗുരോ ഈ സ്ത്രീയെ വ്യഭിചാരസമയത്തു പിടി ച്ചിരിക്കുന്നു. ഇങ്ങനെ ഉള്ളവരെ കല്ലെറിയേണം എന്നു മോശെയുടെ ന്യായപ്രമാണത്തിൽ ഞങ്ങളോടു കല്പിച്ചിരിക്കുന്നു" നീ ഇവളെക്കുറിച്ചു എന്തു പറയുന്നു എന്നു ചോദിച്ചു. യേശു



അവരോട്: ''**നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ലെറിയട്ടെ"** എന്നു പറഞ്ഞു. അവർ അതു കേട്ടിട്ടു മനഃസാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും ഇളയവരും ഓരോരുത്തനായി വിട്ടുപോയി. യേശു മാത്രവും നടുവിൽ നിൽക്കുന്ന സ്ത്രീയും ശേഷിച്ചു യേശു നിവർന്നു അവളോട്: "സ്ത്രീയെ, അവർ എവിടെ? നിനക്കു ആരും ശിഷ വിധിച്ചില്ലയോ? എന്നു ചോദിച്ചപ്പോൾ അവൾ: "ഇല്ല കർത്താവേ" എന്നു ഉത്തരം പറഞ്ഞു. കർത്താവു അവളോട് ''ഞാനും നിനക്കു ശിക്ഷ വിധിക്കുന്നില്ല. പോക, ഇനി പാപം ചെയ്യരുത്'' എന്നു പറഞ്ഞയച്ചു. (യോഹ. 8:1–11)



**സന്ദർഭവശാൽ നിങ്ങൾ പരീശന്മാരുടെ കൂട്ടത്തിൽ അവിടെ ഉണ്ടായിരുന്നുവെങ്കിൽ നിങ്ങൾ ആ സ്ത്രീയെ കല്ലെറിയുമായിരുന്നില്ലേ?**

കർത്താവിനു ആ സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലുവാൻ വിധിക്കാമായിരുന്നു. കാരണം, അവിടുന്ന് പരിപൂർണ്ണ പരിശുദ്ധനായിരുന്നു. ബൈബിൾ പറയുന്നു "അവൻ പാപം അറിയാത്തവനായിരുന്നു. അവൻ പാപം ചെയ്തിട്ടില്ല. അവനിൽ യാതൊരു പാപവും ഇല്ലായിരുന്നു". ദൈവം ലോകത്തെ വിമോചിപ്പിക്കുന്ന രക്ഷകനായിട്ടത്രെ യേശുവിനെ ലോകത്തിലേക്കു അയച്ചതു. ശിക്ഷ വിധിക്കുവാനായിട്ടല്ല. യേശു ദുഷ്ടരെ സംഹരിച്ച് ശിഷ്ടരെ രക്ഷിക്കുവാൻ മാത്രമല്ല, അനീതി ഇല്ലായ്മ ചെയ്യുവാനും അത്രേ വന്നത്. അവൻ, നശിച്ചു പോയവരെ (പാപികളെ) തിരഞ്ഞു രക്ഷിപ്പാനത്രെ ലോകത്തിലേക്കു വന്നത്.

സ്വർഗ്ഗരാജ്യത്തിൽ ഒരു അശുദ്ധനും പ്രവേശിക്കുകയില്ല. മ്ലേഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കുകയില്ല (വെളി. 21:27) ഞാൻ പാപിയാകുന്നു. എന്റെ പാപ പരിഹാരത്തിനായിട്ടത്രെ ക്രൂശിൽ ശിക്ഷിതനായി യേശുക്രിസ്തു മരിച്ചത് എന്നു വിശ്വസിച്ച് അവന്റെ രക്തത്താൽ പാപശുദ്ധി പ്രാപിച്ചവരുടെ പേരുകൾ മാത്രം ജീവന്റെ പുസ്തകത്തിൽ (പാപമോക്ഷം) ചേർക്കപ്പെടുകയുള്ളു.

ദൈവം കരുണയും ദയയും ദീർഘക്ഷമയും സ്നേഹിക്കുന്ന വനും വിശ്വസ്തനും ആകുന്നു. അകൃത്യവും അതിക്രമങ്ങളും പാപവും ക്ഷമിക്കുന്നവൻ. എന്നാൽ കുറ്റക്കാരെ വെറുതെ വിടില്ല. കാരണം അവൻ ന്യായമായി വിധി കല്പിക്കുന്നവനാണ്. (പുറ. 34:7)

വിശുദ്ധ വേദപുസ്തകം പറയുന്നു: മനുഷ്യന്റെ ആലോചനകൾ ബാല്യം മുതൽ നീചമായതാണ്; ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നിരിക്കുന്നു. (റോമർ 3:11, 23)

"തന്റെ ലംഘനങ്ങളെ മറച്ചു വെയ്ക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും." (സദൃശ്യ. 28:13)

യേശു കർത്താവു നമ്മുടെ പാപപരിഹാരകനാണ്. നമ്മുടെ പാപങ്ങൾക്കു വേണ്ടി മാത്രമല്ല സർവ്വലോകത്തിന്റെ പാപത്തിനും പ്രായശ്ചിത്തമാകുന്നു (1 യോഹ. 2:2). ദൈവപുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ല. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി



നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. (1 യോഹ. 1:7–9)

പാപത്തിന്റെ ശമ്പളം മരണമാകുന്നു (നിത്യനരകം). രക്തധാര ഇല്ലാതെ പാപത്തിനു പ്രായശ്ചിത്തം ഉണ്ടാകുകയില്ല എന്നു എല്ലാ വേദഗ്രന്ഥങ്ങളും സമ്മതിക്കുന്നു. ആട്ടുകൊറ്റന്മാരുടെയും കോലാട്ടു കൊറ്റന്മാരുടെയും രക്തത്താൽ പാപത്തിനു പരിഹാരം അസാദ്ധ്യ മായതിനാൽ, വ്യഭിചാര കുറ്റം ചുമത്തപ്പെട്ട ആ സ്ത്രീയുടെയും നമ്മുടെ ഓരോരുത്തരുടെയും പാപത്തിന്റെ ശിക്ഷ ദൈവം യേശുവിന്റെ മേൽ ചുമത്തി. ക്രിസ്തു നമ്മുടെ സകല പാപങ്ങളും ക്ഷമിച്ചു നിയമങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവും ആയിരുന്ന കൈയ്യെഴുത്തു (charge sheet) മായിച്ചു ക്രൂശിൽ തറച്ചു നമ്മിൽ നിന്നു നീക്കികളഞ്ഞു (കൊലോ. 2:14)

പരിശുദ്ധനും പരിപൂർണ്ണനുമായ ക്രിസ്തു യാഗത്തിനായി നിയമിക്കപ്പെട്ട കുഞ്ഞാടിനെ പോലെ സ്വരക്തം എടുത്തുകൊണ്ടു ഒരിക്കലായി തന്റെ ദേഹസമർപ്പണം ചെയ്തു. സകല കുല, ഭാഷ, പ്രജാ ജനങ്ങൾക്കു വേണ്ടി 'സകലവും നിവർത്തി'യായി എന്നു പറഞ്ഞു കൊണ്ടു ദൈവഹിതം നിറവേറ്റി (യജ്ഞമായി). മനുഷ്യവർഗ്ഗത്തെ മുഴുവനും ദൈവത്തിനായി സ്വന്തമാക്കിയതു കൊണ്ടു നമ്മൾ പരിശുദ്ധരായിരിക്കുന്നു.

നമ്മുടെ അതിക്രമങ്ങളാൽ അവൻ മുറിവേറ്റും നമ്മുടെ അകൃത്യങ്ങളാൽ അവൻ തകർക്കപ്പെട്ടും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേലായി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.
(എബ്രാ. 9, മത്താ. 10, യെശ. 53: 5,6)

നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ (യേശു) തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി.

അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു (നമുക്കു) സൗഖ്യം വന്നിരിക്കുന്നു. (1 പത്രൊ. 2: 24)

"ദൈവം" സകല മനുഷ്യരും രക്ഷ പ്രാപിക്കുവാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. എന്തുകൊണ്ടെന്നാൽ ദൈവം ഒരുവനത്രെ! ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ ബലി കൊടുത്ത മനഷ്യനായി വന്ന യേശുക്രിസ്തു. (1 തിമൊ. 2: 4,5)

**നാം പാപത്തിൽ നിന്നു വിടുതൽ പ്രാപിച്ചു നരകത്തിൽ നിന്നു വിമോചിതരായി സ്വർഗ്ഗരാജ്യം പ്രാപ്തമാക്കുവാൻ എന്തു ചെയ്യണം?**

കർത്താവായ യേശുവിൽ വിശ്വസിക്കുക. അപ്പോൾ നിനക്കു മോക്ഷം ലഭിക്കും. നിന്റെ കുടുംബവും മുക്തി പ്രാപിക്കും. എങ്ങനെ എന്നാൽ നിങ്ങൾ യേശു മാത്രം കർത്താവു (ദൈവം) എന്നു വായ് കൊണ്ടു ഏറ്റു പറയുകയും ദൈവം യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിച്ചുവെന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ മോക്ഷം പ്രാപിക്കും. യേശു ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുത്തൻ പോലും നിരാശനാകുകയില്ല. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും. (മോക്ഷം പ്രാപിക്കും). (അപ്പൊ. പ്രവൃ. 16:31, റോമർ 10:9–13)

## 17. മരണത്തിനു ശേഷം എന്ത്? വിശുദ്ധ വേദപുസ്തകത്തിൽ ഈ ചോദ്യത്തിന് വ്യക്തമായ മറുപടി

(24-03-2013–ൽ കർണ്ണാടകയിൽ അതിപ്രചാരം പ്രാപിച്ച ഉദയവാണി ദിനപത്രത്തിൽ വന്ന ലേഖനം)

''നിങ്ങൾക്കു മുക്തി വേണമെങ്കിൽ യേശുവിനോട് അടുത്തിരിക്കുക. നിങ്ങളുടെ സകല ഊഹാപോഹങ്ങൾക്ക് അവൻ അധീതനാണ്." *സ്വാമി വിവേകാനന്ദൻ*

(The complete works of Swamy Vivekananda, vol.8, pg. No. 182)



ഈ ലോകം അവസാനിച്ചാലും അവസാനിച്ചില്ലങ്കിലും നാം എല്ലാവരും ഒരുനാൾ മരണപ്പെട്ട് ഈ ലോകം വിട്ടു പോകും, നിശ്ചയം. ആകയാൽ ഞാൻ ആരാണ്? മരണത്തിനു ശേഷം എവിടേയ്ക്കു പോകും? എന്നതിനെ കുറിച്ചുള്ള അറിവ് അത്യന്താപേക്ഷിതമാണ്. ഇതിനെക്കുറിച്ച് വിശുദ്ധ വേദപുസ്തകം എന്തു പറയുന്നുവെന്ന് ഇവിടെ പറഞ്ഞിരിക്കുന്നു.

**ഭൂമി, ആകാശങ്ങളുടെ സൃഷ്ടിയും മനുഷ്യൻ പാപിയായിത്തീർന്നതും.**

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. അതിനു ശേഷം ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു. ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചശേഷം അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. ദൈവം കിഴക്ക് ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി മനുഷ്യനെ അവിടെ ആക്കി. തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കും ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും എന്നു കല്പിച്ചു. മനുഷ്യൻ ഏകനായിരിക്കുന്നതു ശരിയല്ല എന്നു കണ്ട ദൈവം അവന് ഗാഢനിദ്ര വരുത്തിയ ശേഷം അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്തു അതിനെ സ്ത്രീയാക്കി, അവളെ അവനു ഭാര്യയായി കൊടുത്തു. ദൈവം തിന്നരുതെന്നു വിലക്കിയ വൃക്ഷഫലം സ്ത്രീ വഞ്ചിതയായി തിന്നുകയും കൂടെയുണ്ടായിരുന്ന ഭർത്താവിനു കൊടുക്കുകയും ചെയ്തു. അനന്തരം ദൈവം, ബാല്യം മുതൽക്കേ മനുഷ്യന്റെ ഹൃദയ നിരൂപണങ്ങൾ എല്ലായ്പ്പോഴും ദോഷമുള്ളതും ദുഷ്ടതയാൽ നിറഞ്ഞതുമെന്നു മനസ്സിലാക്കി, താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കിയതിൽ ദുഃഖിച്ചു അനുതപിച്ചു. (ഉല്പ. 1 – 6 വരെയുള്ള അദ്ധ്യായം)

## പ്രപഞ്ചത്തിന്റെ അന്ത്യം

ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. ക്ഷാമവും, ഭൂകമ്പവും അവിടവിടെ ഉണ്ടാകും. ജനങ്ങളിൽ വെറുപ്പ് അധീകരിച്ച് കൊല്ലും. കള്ളപ്രവാചകന്മാർ വന്നു അനേകരെ തെററിച്ചു കളയും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുറയ്ക്കും. എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷ പ്രാപിക്കും. സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം സർവ്വജാതികൾക്കും സാക്ഷ്യമായി ലോകമെല്ലാം പ്രസംഗിക്കപ്പെടും. അപ്പോൾ അന്ത്യം (അവസാനം) വരും.

(മത്താ. 24: 7–14)

## ലോകാവസാനം എപ്പോൾ?
## ആ ദിവസം എന്തു സംഭവിക്കും?

''ആ ദിവസമോ (കർത്താവിന്റെ ദിവസം) കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞു പോകും. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും വെന്തുരുകി പോകും. ഭൂമിയും അതിലുള്ള പണിയും കത്തി ചാമ്പലായിത്തീരും.'' (2 പത്രൊ. 3:10)

### 2025 വർഷങ്ങൾക്കു മുമ്പ് യേശുവിന്റെ പ്രിയ ശിഷ്യനായ യോഹന്നാനുണ്ടായ വെളിപ്പാടിനെക്കുറിച്ചു വിശുദ്ധ വേദപുസ്തകത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

''വലിയൊരു ഭൂകമ്പമുണ്ടായി. സൂര്യൻ കരിമ്പടം പോലെ കറുത്തു. ചന്ദ്രൻ മുഴുവനും രക്തതുല്യമായി തീർന്നു. അത്തിവൃക്ഷം കൊടുങ്കാറ്റു കൊണ്ടു ഉലഞ്ഞിട്ട് കായ് ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു. പുസ്തകച്ചുരുൾ ചുരുട്ടും പോലെ ആകാശം മാറിപ്പോയി. എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തുനിന്നും



ഇളകിപ്പോയി. ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ടു മലകളോടും പാറകളോടും ഞങ്ങളുടെ മേൽ വീഴുവിൻ എന്നു പറയും. സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതെവണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതെ വണ്ണവും ഞങ്ങളെ മറെയ്ക്കുവിൻ. അവരുടെ മഹാകോപദിവസം വന്നു. ആർക്കു നിൽക്കുവാൻ കഴിയും?''

(വെളി. 6:12–17)

## ദൈവം നരകം ആർക്കുവേണ്ടി സൃഷ്ടിച്ചു?

''ന്യായവിധി ദിവസത്തിൽ അവന്റെ ഇടത്തുള്ളവരോട് ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേയ്ക്കു പോകുവിൻ. എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നില്ല. അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തു കൊണ്ടില്ല. നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല. രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നില്ല. തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നില്ല. അതിനു നീതിമാന്മാർ അവനോടു: കർത്താവേ, ഞങ്ങൾ എപ്പോൾ നിന്നെ വിശന്നു കണ്ടിട്ടു ഭക്ഷിപ്പാൻ തരികയോ ദാഹിച്ചു കണ്ടിട്ടു കുടിപ്പാൻ തരികയോ ചെയ്തു/നിന്നെ രോഗിയായിട്ടോ തടവിലോ എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ അടുക്കൽ വന്നു എന്നു ചോദിച്ചു. അവൻ അവരോടു എന്റെ ഈ ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്നതുപോലെ എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നുത്തരം പറഞ്ഞു. ആകയാൽ അന്യായക്കാർ നിത്യനരക ശിക്ഷയ്ക്കും നീതിമാന്മാർ നിത്യജീവനും (സ്വർഗ്ഗ) യോഗ്യരാകും.''

(മത്താ. 25:41–46)

## ലോകവസാനം/മരണശേഷം നമുക്കു എന്തു ഭവിക്കും?

"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കേണ്ടതാകുന്നു. മരിച്ചവർ ആബാലവൃദ്ധം സിംഹാസന ത്തിന്റെ മുമ്പിൽ നിൽക്കുന്നതും കണ്ടു. പുസ്തകങ്ങൾ തുറന്നു. ജീവന്റെ പുസ്തകം എന്ന മററൊരു പുസ്തകവും തുറന്നു. ആ പുസ്തകങ്ങളിൽ എഴുതി യിരുന്ന പ്രകാരം ഒരോരുത്തനും അവനവന്റെ പ്രവൃത്തികൾ ക്കടുത്ത ന്യായതീർപ്പുണ്ടായി. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."

(എബ്രാ. 9:27, 2 കൊരി. 5:10, വെളി. 20:12–15)

എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാ രാധികൾ എന്നവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ. അതു രണ്ടാമത്തെ മരണം. അവിടെ കടിക്കുന്ന പുഴു ചാകുന്നില്ല, തീ കെടുന്നതുമില്ല.

(വെളി. 21:8, മർക്കൊ. 9:48)





## നരകത്തിൽ നിന്നും രക്ഷപെട്ടു സ്വർഗ്ഗം ചേരുവാൻ നാം എന്തു ചെയ്യേണം?

1. ദൈവകല്പനകളെ പ്രമാണിച്ചു വന്ന സമ്പന്നനായ ഒരു യൗവനക്കാരൻ കർത്താവിന്റെ അടുക്കൽ വന്നു; ഗുരുവേ, നിത്യജീവനെ പ്രാപിക്കുവാൻ ഞാൻ എന്നു ചെയ്യേണമെന്നു ചോദിച്ചതിനു യേശു അവനോടു– "നിന്നെപ്പോലെ തന്നെ നിന്റെ കൂട്ടുകാരനെ സ്നേഹിക്ക. നീ പോയി നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്നു എന്നെ അനുഗമിക്ക" എന്നു പറഞ്ഞു. അവൻ വളരെ ധനികനായിരുന്നതിനാൽ ഈ വാക്കു കേട്ടിട്ടു ദുഃഖിച്ചു പൊയ്ക്കളഞ്ഞു. യേശു തന്റെ ശിഷ്യന്മാരോട്; ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസം തന്നെ– ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; ദൈവരാജ്യം അങ്ങനെയുള്ളവരുടേത് എന്നു പറഞ്ഞു. (മത്താ. 19:16–26, 5:3)
2. യേശു "ഞാൻ തന്നെ പുനഃരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ എന്നുപറഞ്ഞു." (യോഹ. 11:25,26)
3. മറ്റൊരുത്തനിലും രക്ഷയില്ല. നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല." (അ.പ്ര. 4:12)
4. യേശുവിന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കുമെന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. (അ.പ്ര. 10:43)

(06-04-2012 ശിവമൊഗ്ഗ ജില്ലയിലെ എല്ലാ ദിനപത്രങ്ങളിലും പ്രസിദ്ധീകരിച്ച ലേഖനം)

## 18. യേശുക്രിസ്തു കുരിശിൽ മൊഴിഞ്ഞ ഏഴു മൊഴികൾ (സപ്തവചനങ്ങൾ)

അവനെ നിഷ്ഠൂരമായി നിന്ദിച്ചു പീഡിപ്പിച്ചവരെ നോക്കി :

1. യേശു: **പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്ക കൊണ്ടു ഇവരോടു ക്ഷമിക്കേണമേ** എന്നു പറഞ്ഞു. (ലൂക്കോ. 23:34)

   യേശുവിന്റെ കൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളൻ അവന്റെ പാപങ്ങളെ ഏററു പറഞ്ഞു സ്വർഗ്ഗ പ്രാപ്തിക്കായി അപേക്ഷിച്ചപ്പോൾ, ആ കള്ളനെ നോക്കി :

2. യേശു:''**ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കുമെന്ന് സത്യമായി നിന്നോടു പറയുന്നു**'' എന്നു പറഞ്ഞു. (ലൂക്കോ. 23:43)

   അവന്റെ അമ്മയെയും അടുത്തു നിന്ന യേശുവിന്റെ പ്രിയ ശിഷ്യനെയും നോക്കി :

3. യേശു അമ്മയോട്– **അമ്മേ (സ്ത്രീയേ), ഇതാ നിന്റെ മകൻ എന്നു പറഞ്ഞിട്ട് പിന്നെ ശിഷ്യനോട്, ഇതാ നിന്റെ അമ്മ എന്നു പറഞ്ഞു.** (യോഹ. 19:26,27)

   വിശുദ്ധനായ ദൈവം ലോകത്തിലെ സകലരുടെയും പാപ അകൃത്യങ്ങളെ യേശുവിന്റെ ചുമലിൽ വെച്ചു അവനെ പാപം പേറുന്നവനാക്കിയപ്പോൾ :

4. യേശു:"**എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈ വിട്ടതെന്ത്?** എന്നു അത്യുച്ചത്തിൽ നിലവിളിച്ചു." (മർക്കൊ. 15:34)

തലേ ദിവസം രാത്രി ബന്ധിക്കപ്പെട്ടു അടുത്ത ദിവസം രാവിലെ 9 മണി മുതൽ മദ്ധ്യാഹ്നം 3 മണിവരെ പൊരിയുന്ന വെയിലിൽ കുരിശിൽ രക്തം വാർന്നവനായി കഷ്ടമനുഭവിച്ചപ്പോൾ :



5. തിരുവെഴുത്ത് നിവർത്തിയാകും വണ്ണം **എനിക്കു ദാഹിക്കുന്നു** എന്നു പറഞ്ഞു. (യോഹ. 19:28)

   കുരിശിൽ തന്റെ വേല നിവർത്തിയാക്കിയ ശേഷം :

6. യേശു:"**നിവർത്തിയായി**" എന്നു പറഞ്ഞു. (യോഹ. 19:30)

   പിതാവിന്റെ (ദൈവം) ഇംഗിതം പൂർണ്ണമായി നിർവ്വഹിച്ച ശേഷം–

7. യേശു:''**പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കൈയ്യിൽ ഏല്പിക്കുന്നു**'' എന്നു നിലവിളിച്ചു പറഞ്ഞു. (ലൂക്കോ. 23:46)

ദൈവം സർവ്വലോകരുടെയും പാപങ്ങൾ യേശുവിന്റെ മേൽ ചുമത്തി. ജന്മ–കർമ്മ–പാപം ഇല്ലാത്ത പരിശുദ്ധനായ യേശുക്രിസ്തു നമ്മുടെ പാപം നിമിത്തം പാപസ്വരൂപനായി, നമ്മുടെ പാപങ്ങൾ ചുമന്നുകൊണ്ടു കുരിശിൽ ഏകദേശം ആറു മണിക്കൂർ കഠിനമായ വേദന അനുഭവിച്ചു "നിവർത്തിയായി" എന്നു പറഞ്ഞു പ്രാണനെ വിട്ടു. ആകയാൽ ലോകത്തിന്റെ പാപമോക്ഷ ദിനമായി ഇന്ന് ശുഭവെള്ളിയാഴ്ച (ദുഃഖവെള്ളിയാഴ്ച) യായി ആചരിക്കുന്നു.

(06-12-2015–ൽ ശിവമൊഗ്ഗ നഗരത്തിലെ ദിനപത്രത്തിൽ വന്ന ലേഖനം)

## 19. ഭൂലോകമെല്ലാം പ്രസംഗിക്കപ്പെട്ട യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ

"പരഹിതം ചെയ്യുന്നവനായി നിങ്ങളുടെ ജീവിതം സമർപ്പിക്കുക. വലിയ കർമ്മത്തിനായി ജീവിതത്തെ ബലി അർപ്പിച്ചാൽ മാത്രമേ സാധ്യമാകുകയുള്ളു. ആരു തന്റെ ഹൃദയത്തിലെ നൂൽ കൊണ്ടു വഴി നെയ്തെടുക്കുന്നുവോ അവനാണ് അതിശ്രേഷ്ഠൻ." *സ്വാമി വിവേകാനന്ദൻ*
(വിദ്യുത്വാണി പു. 6, 7)

ഏകദേശം 2020 വർഷങ്ങൾക്കു മുമ്പ് ഭൂമിയിൽ മനുഷ്യനായി ജനിച്ച യേശുക്രിസ്തു മുപ്പത്തിമൂന്നര വർഷങ്ങൾ ജീവിച്ചു. തന്റെ ജീവിതത്തിന്റെ അവസാനത്തെ മൂന്നര വർഷങ്ങൾ ഗ്രാമ പ്രദേശങ്ങളിൽ കാൽനടയായി യാത്ര ചെയ്തു. വിദ്വേഷവും, സ്വാർത്ഥതയും, അസമാധാനത്താലും നിറഞ്ഞ മനുഷ്യജീവിതം ശാശ്വതമല്ല. എന്നാൽ മനുഷ്യജീവിതം എങ്ങനെ ഇരിക്കണം? അവൻ തന്റെ ലോക ജീവിതത്തിനുശേഷം മോക്ഷ പ്രാപ്തനാകുവാൻ എന്തുചെയ്യേണം? എന്നിത്യാദി കാര്യങ്ങൾ ഉപദേശിച്ചു. അവന്റെ ഉപദേശം പോലെ തന്നെ അവൻ ജീവിച്ചു. അതുകൊണ്ടു ആയിരങ്ങൾ അവനെ പിൻഗമിച്ചു.

ഒരിക്കൽ അവൻ മലമുകളിൽ കയറി രാത്രി മുഴുവനും പ്രാർത്ഥിച്ചു. പിറ്റെന്നാൾ 12 പേരെ ശിഷ്യന്മാരായി തിരഞ്ഞെടുത്തു. അവർക്കു അപ്പൊസ്തലന്മാർ (അയക്കപ്പെട്ടവർ) എന്നു പേർ വിളിച്ചു–ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. കാലം സമീപിച്ചിരിക്കുന്നു. ആകയാൽ ഓരോരുത്തനും അവനവന്റെ പാപങ്ങളെ വിട്ടു മാനസാന്തരപ്പെട്ടു മോക്ഷം പ്രാപിക്ക എന്നു പ്രസംഗിക്കുക എന്നു പറഞ്ഞു. “രോഗികളെ സൗഖ്യമാക്കുവിൻ, ഭൂതഗ്രസ്ഥരെ വിടുവിക്കുവിൻ. സൗജന്യമായി നിങ്ങൾക്കു ലഭിച്ചിരിക്കുകയാൽ സൗജന്യമായി കൊടുക്കുവിൻ” എന്നു അവർക്കു കൽപ്പിച്ചയച്ചു. അവർ അപ്രകാരം ചെയ്തു സന്തോഷത്തോടെ കർത്താവിന്റെ അടുക്കൽ മടങ്ങി വന്ന് കർത്താവേ, ഭൂതങ്ങൾ നിന്റെ നാമത്തിൽ ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞപ്പോൾ അവൻ അവരോട് ‘‘ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിനാലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതിൽ അത്രെ സന്തോഷിപ്പിൻ” എന്നു പറഞ്ഞു.

ഗലീലയിലെ യരുശലേമിൽ 12 ശിഷ്യൻമാർക്കു വളരെ സുഖകരമായ ജീവിതം ചെയ്യുവാനുള്ള സകല സൗകര്യങ്ങൾ



ഉണ്ടായിരുന്നിട്ടും ജീവനു അപകടപരമായ വഴി തന്നെ മനസ്സോടെ തിരഞ്ഞെടുത്തു. എങ്ങും അലഞ്ഞു തിരിഞ്ഞു കൊണ്ട് യേശുക്രിസ്തുവിലർപ്പിച്ച സ്നേഹത്തിന്റെയും നിരപ്പിന്റെയും സുവിശേഷം പ്രസംഗിച്ചു. യേശു അവർക്കു തീർച്ചയായും ഒരിക്കലും പ്രതികൂലരഹിതമായ, മനോഹരമായ ഭാവിജീവിതം ഭൂമിയിൽ വാഗ്ദാനം ചെയ്തില്ല.

**യേശുക്രിസ്തു ശിഷ്യന്മാരെ (അപ്പൊസ്തലന്മാർ) തിരഞ്ഞെടുത്തതിനെക്കുറിച്ചുള്ള സംക്ഷിപ്തമായ വിവരണം.** (മത്താ.10:2–4, മർക്കൊ.3:16–19, ലൂക്കൊ.6:14–16)

1. **പത്രോസ്:** മുക്കുവനായ പത്രോസ് യേശുവിന്റെ പ്രിയ ശിഷ്യന്മാരിൽ ഒരുവനായിരുന്നു. ശക്തനായിരുന്നെങ്കിലും അവന്റേതായ ഒരു ബലഹീനതും ഉണ്ടായിരുന്നു. ഈ എളിയവനെ യേശുക്രിസ്തു വിളിച്ചപ്പോൾ കർത്താവേ പാപിയായ എന്നെ വിട്ടു പോകേണമേ എന്നപേക്ഷിച്ചു. വളരെ നേരോടും സ്നേഹത്തോടും ഇടപെടുന്ന വ്യക്തിത്വം. യേശുവിനോട് അവൻ നീ ജീവനുള്ള ദൈവത്തിന്റെ കുമാരൻ, നിത്യജീവന്റെ വചനങ്ങൾ നിന്നിലുണ്ട് എന്നു പ്രഖ്യാപിച്ചവൻ. പത്രോസിനെപ്പോലെ യേശു വേറെ ആരെയും പരിശീലിപ്പില്ല. അവൻ പത്രോസിനെ ശകാരിച്ചതു പോലെ അല്ലെങ്കിൽ ശാസിച്ചതുപോലെ ആരോടും ചെയ്തില്ല. അവൻ വലിയ പണ്ഡിതനല്ലാതിരുന്നിട്ടും യേശുവിന്റെ ഉയിർപ്പിനു ശേഷം ഒറ്റദിവസം അവന്റെ പ്രസംഗത്തിൽ 3000 പേർ ക്രിസ്തുവിലേയ്ക്കു നടത്തപ്പെട്ടു. അവന്റെ നിഴൽ വീണു രോഗികൾ സൗഖ്യം പ്രാപിച്ചു. ക്രിസ്തുവിന്റെ ഉദ്ധാനത്തിനു ശേഷം അതിധൈര്യത്തോടെ പ്രസംഗിച്ചു. റോമാനഗരത്തിൽ അവൻ ക്രൂശിക്കപ്പെടുമ്പോൾ ക്രിസ്തു ക്രൂശിക്കപ്പെട്ടതുപോലെ ക്രൂശിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ലാത്തതിനാൽ തല കീഴായി ക്രൂശിക്കണേ എന്ന അപേക്ഷയാൽ അവർ അങ്ങനെ ചെയ്തു.

(ക്രി. വ. 65 ൽ അവൻ കൊല്ലപ്പെട്ടു)

2. **അന്ത്രയോസ്:** മുൻപ് സ്നാപകയോഹന്നാന്റെ ശിഷ്യനായിരുന്ന ഇവൻ പത്രോസിന്റെ സഹോദരനായിരുന്നു. ഒരിക്കൽ യോഹന്നാൻ യേശുവിനെ നോക്കി ദൈവകുഞ്ഞാടിനെ നോക്കൂ! എന്നു പറഞ്ഞപ്പോൾ ഇവൻ പിന്തുടർന്നു. ക്രിസ്തുവിങ്കലേക്കു പത്രോസിനെ നടത്തിയവൻ ഇവനത്രെ. ഇവൻ യോഹന്നാനാൽ പരിശീലിക്കപ്പെട്ട സമർത്ഥനായ ഒരു നായകനും പത്രോസിന്റെ കൂടെ നട്ടെല്ലായി നിന്നുകൊണ്ട് ആദ്യനൂറ്റാണ്ടിൽ സഭാശുശ്രൂഷാ സേവനത്തിൽ അനേകരെ ക്രിസ്തുവിലേക്കു നടത്തി. ഇവൻ നമുക്കു അനേകർക്കും നല്ല മാതൃക തന്നെ! പത്രോസ് 3000 പേരെ രക്ഷയിലേക്കു നടത്തിയ സ്ഥലത്തു മൃഗീയമായി ചാട്ടവാറിനാൽ അടിക്കപ്പെട്ടു. എക്സ് രൂപത്തിലുള്ള ക്രൂശിൽ രണ്ടു ദിവസം കിടക്കമ്പോഴും മരണ സമയം വരെ സുവിശേഷം പ്രസംഗിച്ചു കൊണ്ടിരുന്നു. **(മരണം ക്രി. വ. 70)**

3. **യാക്കോബ്:** 'യാക്കോബ്' യോഹന്നാന്റെ മൂത്ത സഹോദരനും യേശുവിനെ ബാല്യം മുതൽ അറിഞ്ഞിരുന്ന ദൂരബന്ധുവും ആയിരുന്നു. 'ഇടിമക്കൾ' എന്ന ഇരട്ട പേരോടെ കർത്താവായ യേശുവിന്റെ ശുശ്രൂഷയിൽ ന'പങ്കു ചേർന്നു. മുട്ടിന്മേൽ നിന്നു വളരെ നേരം പ്രാർത്ഥിക്കുന്നവനായിരുന്നതിനാൽ ഒട്ടകത്തിന്റെ മുട്ടുകൾ പോലെ തഴമ്പുള്ളവകൾ ആയിരുന്നു. ഒരിക്കൽ യേശു പത്രോസ്, യാക്കോബ്, യോഹന്നാൻ ഇവരെ പ്രാർത്ഥിപ്പാനായി മലമുകളിൽ കൊണ്ടുപോയപ്പോൾ യേശു അവരുടെ മുമ്പിൽ മറുരൂപമായി–അവന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു; വസ്ത്രം വെട്ടിവിളങ്ങി. ക്രൂശീകരിക്കപ്പെടുവാൻ സമയം അടുത്തപ്പോൾ യേശു പ്രത്യേകമായി പത്രോസിനെയും, യാക്കോബിനെയും, യോഹന്നാനെയും ഗത്സമന തോട്ടത്തിലേക്കു പ്രാർത്ഥിക്കുവാൻ കൊണ്ടുപോയി. സ്പെയിനിലെ



രാജാവായിരുന്ന ഹെറോദ് ക്രിസ്തീയ സഭയിലെ അനേകരെ പീഡിപ്പിക്കുക മാത്രമല്ല വാളിനാൽ ശിരഛേദം ചെയ്തു. യേശുവിനു വേണ്ടി രക്തസാക്ഷിയായ പ്രഥമ അപ്പോസ്തലൻ ഇവൻ തന്നെ. **(മരണം ക്രി.വ. 44–45)**

4. **യോഹന്നാൻ:** യോഹന്നാൻ യാക്കോബിന്റെ സഹോദരനാണ്. ഇവന് (ഇടിമക്കൾ) എന്ന ഇരട്ടപേരുണ്ടായിരുന്നു. യേശുവിന്റെ മാർവിടത്തിലേക്കു എപ്പോഴും ചാരിയിരുന്ന പ്രിയ ശിഷ്യനായിരുന്നു യോഹന്നാൻ. യേശു കുരിശിൽ കിടക്കുമ്പോൾ സമീപമുണ്ടായിരുന്ന അമ്മയായ മറിയയോട് "ഇതാ നിന്റെ മകൻ" എന്നും യോഹന്നാനെ നോക്കി "ഇതാ നിന്റെ അമ്മ" എന്നും പറയുകയുണ്ടായി. അന്നു മുതൽ വളരെ സ്നേഹത്തോടും ആദരവോടും അവളെ അവന്റെ വീട്ടിൽ കൈകൊണ്ടു. അവനുണ്ടായ വലിയ ഭാഗ്യം! എല്ലാ ശിഷ്യന്മാരും ഓടി ഒളിച്ചപ്പോൾ ക്രൂശിന്റെ അടുക്കൽ യോഹന്നാൻ ഉണ്ടായിരുന്നു. ഒരിക്കൽ അവനെ തിളയ്ക്കുന്ന എണ്ണയിൽ ഇട്ടു കൊല്ലുവാൻ ശ്രമിച്ചപ്പോൾ ദൈവം അവനെ രക്ഷിച്ചു. ഒരു ഹാനിയും അവനു ഭവിച്ചില്ല. "ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും". യേശുവിന്റെ ഈ വാക്കുകൾ അവന്റെ ജീവിതത്തിൽ അന്വർത്ഥമായി. അവൻ പത്മോസ് ദ്വീപിൽ കാരാഗ്രഹവാസം ചെയ്യുമ്പോൾ അന്ത്യകാലത്തു സംഭവിപ്പാനുള്ള വെളിപ്പാടുകൾ യേശു അവനു നൽകി. വാർദ്ധ്യക്യത്തിലെത്തിയ ശേഷം സാധാരണ മരണം വരിച്ച ഏക ശിഷ്യൻ ഇവനത്രെ! **(ക്രി.വ. 95)**

5. **ഫിലിപ്പോസ് (ഫിലിപ്പ്):** ഫിലിപ്പോസിനെ കുറിച്ച് പ്രത്യേകമായി യോഹന്നാന്റെ സുവിശേഷത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതു യവന സമൂഹത്തോടുള്ള ബന്ധത്തിൽ യവന ഭാഷക്കാരനും ഗ്രീക്കു പേരും ഉള്ള

ഫിലിപ്പോസ് യവന ഭാഷയിൽ നിപുണനും യവനക്കാരുടെ സമൂഹത്തെ ക്രിസ്തുവിങ്കലേക്ക് നയിക്കുവാനുള്ള ഒരു പാലം പോലെ പ്രവർത്തിച്ചവനും ആയിരുന്നു. ഒടുക്കത്തെ അത്താഴനാളിൽ "കർത്താവേ ഞങ്ങൾക്കു പിതാവിനെ കാണിച്ചു തരിക അതു മതി'' എന്ന് ആവശ്യപ്പെട്ടു. ഈ ആവശ്യത്തിന്റെ മറുപടിയായി യേശുകർത്താവ് പിതാവിനോടുള്ള തന്റെ അഭേദ്യമായ പുത്രബന്ധത്തിന്റെ ഉപദേശ ചുരുൾ അഴിക്കുന്നതായി കാണുന്നു. അപ്പോസ്തലന്മാരിൽ അഞ്ചാമത്തെ ആളായി ഫിലിപ്പോസിനെ നാം പുതിയ നിയമത്തിൽ കാണുന്നു. ഇവനെ ഹീരാപോലീസ് എന്ന നഗരത്തിൽ വച്ച് ശിരഛേദം ചെയ്തതിനാൽ രക്തസാക്ഷിയായി എന്ന് പാരമ്പര്യം പറയുന്നു. അവന്റെ രക്തസാക്ഷിത്വത്തെയും വിശ്വാസത്തെയും കാണിക്കുന്ന ലത്തീൻ കുരിശ് ഇതിനെ സാക്ഷ്യപ്പെടുത്തുന്നു.

ഫിലിപ്പോസിനെ പരിചയപ്പെടുത്തുവാൻ രണ്ടു കുട്ടികൾ, രണ്ടു അപ്പങ്ങളോടു കൂടിയ കുരിശ്, കുന്തത്തോടു കൂടിയ പാത്രയാക്കീസ് കുരിശ്, അളവുകോലുമായി നിൽക്കുന്ന ആശാരി ഇത്യാദി സൂചനകൾ തുർക്കിയിലെ ഡെനിസ്ലിക്ക് സമീപമുള്ള ഹിരാപൊലിസിൽ ജൂലൈ 2011 ൽ ഭൂഗർഭ ഗവേഷകർ ഫിലിപ്പോസിന്റെ എന്നു കരുതപ്പെടുന്ന കുഴിമാടം കണ്ടെടുത്തു. അടുത്ത കാലത്തു ഒരു പള്ളിയിൽ നടത്തിയ ഭൂഗർഭ ഗവേഷണത്തിൽ ഈ ദേവാലയത്തിനുള്ളിൽ നിന്നും ലിഖിതങ്ങളും വിചിത്ര ആകൃതിയിലുള്ള കല്ലറയും വധിക്കപ്പെട്ട അപ്പോസ്തലന്റേതെന്നു സ്ഥിരീകരിക്കുകയുണ്ടായി. ഇതു തുർക്കി മാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെ ചരിത്ര സത്യമെന്ന് സ്ഥിരികരിക്കുകയും റിപ്പോർട്ടുകൾ നൽകുകയും ചെയ്തു. **(മരണം ക്രി. വ. 54)**



6. **ബർത്തലോമിയ (നഥാനിയേൽ):** അവൻ മോശെയുടെ ന്യായപ്രമാണം അഭ്യസിക്കുന്നവനും പ്രവാചകന്മാർ എഴുതിയ മശിഹായ്ക്കു (രക്ഷിതാവായ യേശുക്രിസ്തു) വേണ്ടി കാത്തിരുന്നവനും ആയിരുന്നു. ഫലിപ്പോസ് മുഖാന്തിരം യേശുവിനെ കാണുവാൻ അവന്റെ അടുക്കൽ വന്ന യിസ്രായേല്യനായിരുന്നു അവൻ. യേശു ഇവനെ "കപടമില്ലാത്ത യിസ്രായേല്യൻ" എന്നു വിളിച്ചു. "ഗുരുവേ, നീ ദൈവപുത്രൻ. യിസ്രായേലിന്റെ രാജാവ്" എന്നു പറഞ്ഞു. യേശുവുമായിട്ടുള്ള ഹ്രസ്വ സന്ദർശനം അവനെ യേശുവിന്റെ ശിഷ്യനാക്കി. അവൻ മറ്റു ശിഷ്യഗണത്തോടു ചേർന്നു പ്രവർത്തിക്കുന്ന പ്രാർത്ഥന വീരനായിരുന്നു. അപ്പോസ്തോലിക കാലത്തെ സഭയുടെ സ്ഥാപകരിൽ ഒരുവനായ ഇവൻ ഇന്ത്യയിലും അർമ്മേനിയായിലും സുവിശേഷം പ്രചരിപ്പിച്ചു. അവനെ ക്രൂരമായി ചാട്ടവാറുകൊണ്ട് അടിച്ചു. അതിനു ശേഷം തോലുരിച്ചു ശിരഛേദം ചെയ്തു കൊല്ലപ്പെട്ടു. **(മരണം ക്രി. വ. 70)**

7. **തോമസ്:** ഇവനും മുക്കുവനായിരുന്നു. ഇവന്റെ വിശ്വാസം അന്ധമായിരുന്നില്ല. അവൻ യേശുവിന്റെ പുനഃരുത്ഥാനത്തെ സംശയിച്ചപ്പോൾ, യേശു വീണ്ടും ശിഷ്യന്മാരോടു കൂടെ ഇരുന്നപ്പോൾ, തോമസും കൂടെ ഉണ്ടായിരുന്ന ദിവസം–തോമസിനു ദർശനമായി. പുനഃരുത്ഥാനനായ യേശുവിനെ കാണുവാനും അവന്റെ മഹിമാശരീരത്തെ തൊടുവാനും ഉള്ള ഭാഗ്യം തോമസിനു ലഭിച്ചു. ക്രിസ്തു വർഷം 52–ൽ ഇന്ത്യയിലെ കേരള സംസ്ഥാനത്തു വന്ന് ഏകദേശം പത്തു വർഷങ്ങൾ താമസിച്ചു. അതിനു ശേഷം പത്തു വർഷം ചെന്നൈയിൽ പാർത്തു ഭാരതിയരോട് യേശുവിന്റെ സുവിശേഷം പ്രഘോഷിച്ചു. ക്ഷേത്രപുരോഹിതന്മാർ ഒത്തുചേർന്നു അവനെ കുന്തം കൊണ്ടും കുത്തിയശേഷം തീച്ചൂളയിൽ ഇട്ടു കൊന്നു. ഇന്ത്യയിൽ വധിക്കപ്പെട്ട ക്രിസ്തുവിന്റെ അപ്പോസ്തലനാണ് തോമസ്.

അപ്പോസ്തലന്മാരുടെ കല്ലറയുടെ മേൽ പണിയപ്പെട്ട മൂന്നു (3) പള്ളികൾ ലോകത്തുണ്ട്. വത്തിക്കാൻ സിറ്റിയിൽ ഉള്ള വി. പത്രോസിന്റെ നാമത്തിലുള്ള പള്ളി, സ്പെയിനിലുള്ള വി. യാക്കോബിന്റെ ദേവാലയം, ഇന്ത്യയിലെ ചെന്നൈയിലുള്ള വി. തോമസിന്റെ ദേവാലയം. തോമസിന്റെ സ്മരണാർത്ഥമായി ഭാരത സർക്കാർ രണ്ടു (2) പോസ്റ്റൽ സ്റ്റാമ്പുകൾ പ്രസിദ്ധീകരിച്ചു.




**കൊല്ലപ്പെട്ടത് 21.12.0072. സ്ഥലം: മൈലാപൂർ, ചെന്നൈ, ഇന്ത്യ.**

8. **മത്തായി:** ഇവനൊരു ചുങ്കക്കാരൻ, റോമാ സർക്കാർ ജീവനക്കാരൻ. മത്തായി വിദ്യാഭ്യാസമുള്ളവനും സമ്പന്നനും ആയിരുന്നു. ''എന്നെ പിൻഗമിക്കുക'' എന്നു യേശു വിളിച്ചപ്പോൾ അവൻ തന്റെ ഉദ്യോഗത്തെയും സമ്പത്തും വിട്ടു യേശുവിന്റെ വിളി അനുസരിച്ചു പിൻഗമിച്ചു. യേശുവിനെയും ശിഷ്യന്മാരെയും അവന്റെ വീട്ടിൽ സദ്യയ്ക്കു വിളിച്ചു ബഹുമാനിച്ചു. ആ കൂട്ടത്തിൽ ചില കൂട്ടു ഉദ്യോഗസ്ഥന്മാരും പ്രമാണിമാരായ പാപികളും ഉണ്ടായിരുന്നു. അവർക്കെല്ലാം യേശുവിനെ പരിചയപ്പെടുത്തിയ തിനാൽ അവരും അനുഗ്രഹിക്കപ്പെട്ടു. അവൻ അരാമ്യ, ഗ്രീക്കു, എബ്രായ, ലാറ്റിൻ ഭാഷകളിൽ നിപുണനായിരുന്നു. അവൻ എത്യോപ്യ, പേർഷ്യ, സിറിയ എന്നീ രാജ്യങ്ങളിൽ ശുശ്രൂഷിച്ചു സഭകൾ സ്ഥാപിച്ചു. ക്രിസ്തുവിന്റെ സുവിശേഷം അരാമ്യ ഭാഷയിൽ എഴുതി. അവനെ കുന്തം കൊണ്ടു കുത്തി കൊന്നു.

**(മരണം ക്രി. വ. 60–70)**

9. **അൽഫായുടെ മകനായ യാക്കോബ്:** യേശുവിന്റെ പുനഃരുത്ഥാനത്തിനു ശേഷം സഹോദരനായ മത്തായിയുടെ കൂടെ യേശുവിനെ പിൻഗമിച്ച ശിഷ്യന്മാരിൽ ഒരുവൻ.



അവൻ യരുശലേം സഭയിൽ ശുശ്രൂഷിച്ചു സഭയെ ബലപ്പെടുത്തി. ഒരിക്കൽ മതിലിൽ നിന്നുകൊണ്ടു സുവിശേഷം പ്രസംഗിക്കുമ്പോൾ യാഥാസ്ഥികരായ യഹൂദന്മാർ താഴെയ്ക്കു തള്ളിയിട്ടു കൊല്ലുവാൻ ശ്രമിച്ചു. ഭാഗ്യവശാൽ രക്ഷപെട്ടു. അവൻ മരിച്ചില്ല വന്നു കണ്ടപ്പോൾ കല്ലെറിഞ്ഞും അടിച്ചും അവസാനം മാരകമായി തലയ്ക്കടിച്ചും കൊന്നു. **(കൊല്ലപ്പെട്ടതു ക്രി. വ. 63)**

10. **തദ്ദെയൂസ്:** യാക്കോബിന്റെ മകനായ ഇവനു യൂദാ എന്ന പേരും ഉണ്ട്. ഒരിക്കൽ ഇവൻ യേശുവിനോട് “നിന്നെ ലോകത്തിനു വെളിപ്പെടുത്താതെ നിന്നെത്തന്നെ ഞങ്ങൾക്കു എങ്ങനെ വെളിപ്പെടുത്തും” എന്നു ചോദിച്ചു. അതിനു യേശു പറഞ്ഞ മറുപടി “ആരെങ്കിലും എന്നെ സ്നേഹിക്കുന്നെങ്കിൽ അവൻ എന്റെ കല്പനകളെ പ്രമാണിക്കും; പിതാവു അവനെ സ്നേഹിക്കും മാത്രമല്ല ഞങ്ങൾ അവനിൽ വസിക്കും. നിങ്ങൾക്കു തന്ന വചനം എന്റെ സ്വന്തമല്ല; എന്നെ അയച്ച പിതാവിന്റേതത്രെ” എന്നു പറഞ്ഞു. യെരുശലേമിൽ നിന്നു പുറപ്പെട്ടു പോയി വിദേശത്തു ആദ്യമായി സുവിശേഷം പ്രസംഗിച്ചതു തദ്ദെയൂസാണ്. അവൻ ഉത്തര പേർഷ്യയിലും പേർഷ്യയിലെ മറ്റു പല ഭാഗങ്ങളിലും നിത്യജീവന്റെ സുവിശേഷം പ്രസംഗിച്ചു. അനേകരെ ക്രിസ്തുവിങ്കലേക്കുള്ള വിശ്വാസത്തിൽ നടത്തി. മരത്തടി കൊണ്ടു അടിച്ചു അർമ്മേനിയായിൽ യൂദ കൊല്ലപ്പെട്ടു.

(മരണം ക്രി. വ. 72)

11. **എരിവുകാരനായ ശീമോൻ:** റോമരുടെ മേധാവിത്വത്തെ എതിർക്കുകയും യഹൂദരരെ ദൈവം വാഴേണമെന്നും ആഗ്രഹിച്ചവനിൽ ഒരുവനായിരുന്നു യൂദാ. ദൈവരാജ്യം വാളിന്റെ വായ്ത്തലയാൽ സ്ഥാപിക്കുവാൻ കഴിയുമെന്നു ഒരിക്കൽ ഇവൻ വിശ്വസിച്ചെങ്കിലും യേശുവിന്റെ ശിഷ്യനായതിനു ശേഷം വളരെ എളിമയുള്ളവനായി

സ്നേഹത്തിലും അതു കഴിയും എന്നു മനസിലാക്കി. യേശുവിനെ കാണിച്ചു കൊടുത്ത യൂദയെ പോലെ യേശു യിസ്രായേൽ ജനത്തെ റോമരുടെ മേൽക്കോയ്മയിൽ നിന്നും വിമോചിക്കുമെന്നു അവൻ വിശ്വസിച്ചു. ഇസ്ക്കരിയോത്ത യൂദാ യേശുവിനെ ഒറ്റിക്കൊടുത്തതിനു ശേഷം ആത്മഹത്യ ചെയ്തുവെങ്കിൽ, ശീമോൻ എരിവുള്ള വിശ്വാസിയായി യേശുവിനു വേണ്ടി മരണം വരിച്ചു. ഈ ശിഷ്യൻ ബ്രിട്ടൺ, ഈജിപ്ത്, ആഫ്രിക്ക, ബറൂനി, ലിബിയ മുതലായ രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിച്ചു. എരിവുകാരനായ ശീമോൻ ആയിരങ്ങളോടു ദൈവസ്നേഹം പങ്കു വച്ചു. അവനെ ക്രൂശിച്ചു കൊന്നതിനു ശേഷം അനേകം കഷണങ്ങളാക്കി. **(മരണം/കൊല്ലപ്പെട്ടതു ക്രി. വ. 74)**

12. **ഇസ്ക്കരിയോത്ത് യൂദ:** ഒരിക്കൽ മഗ്ദലനക്കാരത്തി മറിയ വളരെ വിലയുള്ള ഒരു റാത്തൽ സ്വച്ഛജഡമാംസ തൈലം (സുഗന്ധതൈലം) എടുത്ത് യേശുവിന്റെ കാലിൽ പൂശി, അവളുടെ തലമുടി കൊണ്ട് കാൽ തുവർത്തി. തൈലത്തിന്റെ സൗരഭ്യം കൊണ്ടു വീടു നിറഞ്ഞു. ഇതു കണ്ട യൂദ ഇസ്ക്കരിയോത്താവ്, ഇതു 300 വെള്ളിക്കാശിനു വിറ്റ് ദരിദ്രർക്കു കൊടുക്കാതിരുന്നത് എന്ത്? എന്നു പറഞ്ഞു. ഇവനു യേശുവിനേക്കാൾ പണത്തോടുള്ള പ്രിയമാണ് ഇങ്ങനെ പറയുവാൻ പ്രേരിപ്പിച്ചതെന്ന് മനസ്സിലാക്കുന്നു. എല്ലാം അറിയുന്ന കർത്താവ് ഇവനെയും മൂന്നര വർഷം തന്റെ ശിഷ്യനായി കൊണ്ടു നടന്നു എന്നു മാത്രമല്ല മരണം വരെയും അവനെയും സ്നേഹിച്ചു. ക്രിസ്തുവിന്റെ ജീവിതവും, ഉപദേശവും, അത്ഭുതപ്രവൃത്തികളും അനേക പാപികളെയും ദുഷ്ടന്മാരെയും മാനസാന്തരത്തിലേക്കു നടത്തിയെങ്കിലും യൂദയിൽ യാതൊരു രൂപാന്തരവും ഉണ്ടാക്കിയില്ല. “ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും മൂലമായിരിക്കുന്നു” എന്ന ദൈവവചന പ്രകാരം വെറും



മുപ്പതു വെള്ളിക്കാശിന് മഹാമനുഷ്യനും ലോകരക്ഷകനുമായ തന്റെ ഗുരുവിനെ ശത്രുക്കൾക്ക് ഒറ്റിക്കൊടുത്തു. ലോക ചരിത്രത്തിലെ അതിനീച ദ്രോഹിയായി തീർന്നു. അവൻ ചെയ്ത ദുഷ്കർമ്മത്തിന്റെ ഫലമായി മനോവ്യാകുലത്താൽ കുറ്റസമ്മതം നടത്തി ആത്മഹത്യ ചെയ്ത് അമൂല്യമായ ആത്മാവിനെ നഷ്ടപ്പെടുത്തി. അവൻ തക്കസമയത്ത് കർത്താവിന്റെ മുമ്പിൽ പശ്ചാതാപത്തോടെ കുറ്റം ഏറ്റു പറഞ്ഞു ക്ഷമ ചോദിച്ചിരുന്നെങ്കിൽ കർത്താവു തീർച്ചയായും അവനെക്കൂടെ ചേർത്തു കൊള്ളുമായിരുന്നു. വിശുദ്ധ വേദപുസ്തകത്തിലെ വെളിപ്പാടു പുസ്തകത്തിൽ പുതിയ യെരുശലേം (സ്വർക്ഷം) നഗരത്തിന്റെ അടിസ്ഥാനത്തിന്മേൽ എഴുതിയിരിക്കുന്ന 12 അപ്പോസ്തലന്മാരുടെ പേരുകളുടെ കൂട്ടത്തിൽ ഇവന്റെ പേരും ചേർക്കപ്പെടുമായിരുന്നു.

**(ആത്മഹത്യ ചെയ്തത് ക്രി.വ. 33)**

13. **മത്യാസ്:** ആരംഭത്തിൽ തന്നെ ഇവൻ യേശുവിനെ പിൻഗമിച്ചു. യേശു തിരഞ്ഞെടുത്ത എഴുപതു (70) ശിഷ്യന്മാരിൽ ഇവനും ഒരുവനായിരുന്നു. യൂദാ ഗുരുവായ യേശുവിനെ മുപ്പതു (30) വെള്ളിക്കാശിനു ഒറ്റിക്കൊടുത്ത ശേഷം പതിനൊന്നു (11) ശിഷ്യന്മാർ ഒരുമിച്ചു പ്രാർത്ഥനയോടെ ചീട്ടിട്ടു. ശിഷ്യന്മാർക്കെല്ലാം അറിവുള്ള മത്യാസിനു ചീട്ടു വീണു. അവനെ പന്തിരുവരിൽ ഒരുവനായി അംഗീകരിച്ചു. വെളിപ്പാടു പുസ്തകത്തിൽ എഴുതിയിരിക്കുന്ന പ്രകാരം നഗരത്തിന്റെ മതിലിനു 12 അടിസ്ഥാനവും അതിൽ കുഞ്ഞാടിന്റെ 12 അപ്പോസ്തലന്മാരുടെ പന്ത്രണ്ടു പേരും ഉണ്ടു. ഈ പന്ത്രണ്ടു പേരിൽ മത്യാസിന്റെ പേരും ഉണ്ടായിരിക്കും. എത്ര ഭാഗ്യം. അവൻ യരുശലേമിൽ സുവിശേഷം ഘോഷിച്ചു. അവസാനം അവനെ കല്ലെറിഞ്ഞും ശിരഛേദം

ചെയ്തും വധിച്ചു. അവന്റെ ശരീരഭാഗങ്ങൾ ജർമനിയിലെ ട്രൈർ, റോമാ ഭാഗങ്ങളിൽ അടക്കം ചെയ്തു.

**(മരണം ക്രി. വ. 70)**

14. **പൗലോസ്:** പുനഃരുത്ഥാനം ചെയ്ത യേശു പൗലോസിനെ അവന്റെ ശിഷ്യനായി തിരഞ്ഞെടുത്തു. വളരെ വിദ്യാസമ്പന്നൻ ആയിരുന്ന പൗലോസ് സമ്പന്നനും ആയിരുന്നു. ഈ കാലത്തെ 3 PhD. കൾക്കു തുല്യമായിരുന്നു അവന്റെ വിദ്യാഭ്യാസം. സുവിശേഷം പ്രചരിപ്പിക്കുന്നവരെ പീഡിപ്പിക്കുവാനുള്ള മഹാപുരോഹിതന്റെ അധികാര പത്രവും അനുവാദവും അവനുണ്ടായിരുന്നു. എന്നാൽ ദെമെസ്ക്കോസ് പട്ടണത്തിലേ യ്ക്കുള്ള വഴിമദ്ധ്യേ യേശുക്രിസ്തു അവനു അഭിമുഖമായി. അന്യജാതിക്കാർക്കും രാജാക്കന്മാർക്കും യെരുശലേമിലുള്ള വർക്കും സുവിശേഷം പ്രസംഗിക്കുവാൻ നിയോഗിക്കപ്പെട്ടു. അവന്റെ ഈ വിളിയെ വളരെ വിലയേറിയതായി കരുതി എല്ലാറ്റിനെയും കുപ്പയും ചവറുമായി എണ്ണി. ക്രിസ്തുവിന്റെ മഹത്വത്തിനായി ജീവിച്ചു മരിക്കുവാൻ ദൃഢമായി തീരുമാനിച്ചു. ലോകത്തിന്റെ അഞ്ചു വൻകരകളിലും യാത്ര ചെയ്തു സുവിശേഷം പ്രസംഗിച്ച് അനേകം സഭകൾ സ്ഥാപിച്ചു. ദൈവം അവൻ മുഖാന്തിരം അനേക അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു.


അവന്റെ റൂമാലും പുതപ്പും ഇട്ടപ്പോൾ രോഗികൾക്കും ദീനക്കാർക്കും സൗഖ്യം ലഭിച്ചു. അനേകരുടെ ഭൂതങ്ങൾ വിട്ടുമാറി. മരിച്ചവർ ഉയിർത്തെഴുന്നേറ്റു. ഇവ വിശുദ്ധ വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അവൻ എപ്പോഴും യാത്രയിലായിരുന്നു. നദിയിലുള്ള യാത്രയിൽ, കള്ളന്മാരിൽ നിന്നുള്ള ആപത്തുകൾ, അവന്റെ സ്വന്തജനമായ യഹൂദന്മാരിൽ നിന്നുള്ള എതിർപ്പുകൾ



ജാതികളിൽ നിന്നും പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിൽ നിന്നും സമുദായങ്ങളിൽ നിന്നും കള്ള വിശ്വാസികളിൽ നിന്നും ഇങ്ങനെ സർവദിശകളിൽ നിന്നും എതിർപ്പുകൾ പ്രയാസങ്ങൾ അനുഭവിച്ചു. എന്നാൽ ഈ എല്ലാ സാഹചര്യങ്ങളിലും സുവിശേഷ ഘോഷണം നിർത്തിയില്ല. ബൈബിളിലെ 13 ലേഖനങ്ങൾ അവൻ എഴുതി. ആരുടെയും സാമ്പത്തിക സഹായത്തിൽ ആശ്രയിക്കാതെ കൂടാരപ്പണി ചെയ്തുകൊണ്ട് സുവിശേഷ വേല ചെയ്തു. പാവപ്പെട്ടവരെയും ദരിദ്രരെയും സഹായിച്ചു കൊണ്ട് വാടക വീട്ടിൽ പാർത്തു. അവന്റെ അവസാനത്തെ പ്രാർത്ഥന നോക്കുക; "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികെച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നൽകും. എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ". അവനെ കഴുത്തറത്തു കൊല ചെയ്തു എന്ന് ചരിത്രം പറയുന്നു. **(മരണം/കൊല്ലപ്പെട്ടതു: ക്രി. വ. 70)**

ക്രിസ്തുവിന്റെ മേൽപ്പറയപ്പെട്ട ശിഷ്യന്മാർ എല്ലാവരും ക്രിസ്തുവിനോടു കൂടെ മൂന്നര വർഷം ജീവിച്ചു. മാത്രമല്ല ക്രിസ്തുവിന്റെ മഹത്തായ ജീവിതം കണ്ടു, ദൈവീക സ്വഭാവങ്ങൾ അനുഭവിച്ചു, പുനരുത്ഥാനനായ യേശുവിനോടു കൂടെ നാൽപതു (40) ദിവസങ്ങൾ ചിലവഴിച്ചു. അതിനു ശേഷം സ്വർഗ്ഗാരോഹണം ചെയ്യുന്ന യേശുവിന്റെ സാക്ഷ്യം ഏറ്റു വാങ്ങി. അനേകം പീഡനങ്ങൾ സഹിച്ചു ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുവാൻ തങ്ങളുടെ ജീവിതത്തെ സമർപ്പിച്ചു. ക്രിസ്തുവിനു വേണ്ടി അനേകം കഷ്ടങ്ങൾ, നിന്ദകൾ സഹിച്ചു കൊണ്ട് ആ സുവിശേഷത്തിനു വേണ്ടി മരിക്കുവാൻ സന്നദ്ധരായി.

ഡോ. ഗ്രഹാം സ്റ്റെയിൻസ്



യേശുവിന്റെ സുവിശഷം കേവലം ഒരു സുവിശേഷം മാത്രമായിരുന്നില്ല. പിന്നെയോ അതിശയിപ്പിക്കുന്ന അത്ഭുത പ്രവർത്തികളോടു കൂടിയതായിരുന്നു. അവനിൽ ഉള്ള വിശ്വാസത്താൽ അനേകർ രൂപാന്തരം പ്രാപിച്ച് ദൈവസ്വഭാവം ഉള്ളവരായി തീർന്നു. മാത്രമല്ല മനുഷ്യ സമൂഹത്തിനായി ശ്രേഷ്ഠമായ നന്മകൾ നൽകി. ഇതിനു ഉത്തമ ഉദാഹരണമാണ് ദീർഘ വർഷങ്ങൾ ഒറീസ്സയിൽ കുഷ്ഠരോഗികളുടെ നടുവിൽ ആതുര സേവ ചെയ്തു കൊണ്ടിരുന്ന ഡോ. ഗ്രഹാം സ്റ്റെയിൻസ്, മകൻ ഫിലിപ്പ് (10 വയസ്) തിമൊത്തി (6 വയസ്) തങ്ങളുടെ ജീപ്പിൽ ഉറങ്ങി കിടന്നപ്പോൾ (22.01.1999) മൃഗീയമായി ചുട്ടെരിക്കപ്പെട്ടതു. പിതാവിനെ കെട്ടിപ്പിടിച്ച നിലയിൽ കത്തിക്കരിഞ്ഞ പ്രിയമക്കളുടെ അസ്ഥികൂടങ്ങൾ മനുഷ്യ മനഃസാക്ഷിയെ മരവി പ്പിക്കുന്നതായിരുന്നു.

അശര ണരായ ആയിരക്കണ ക്കിനു കുഷ്ഠ രോഗികളെ ആശ്വസിപ്പി ക്കയും ശുശ്രൂഷിക്കുകയും പുനഃരധി വസിപ്പിക്കയും ചെയ്ത ദൈവ സ്നേഹികൾക്കും മനുഷ്യ സ്നേഹികൾക്കും ഇങ്ങനെ ഒരു ശിക്ഷയോ? ഈ ക്രൂരകൃത്യം ചെയ്തവരെ ക്കുറിച്ച് ഭാര്യ ഗ്ലാഡീസ് സ്റ്റെയിൻസിനോടും



മകൾ എസ്ഥേരിനോടും മാധ്യമ പ്രവർത്തകര് ചോദിച്ചപ്പോൾ, “അവരോടു ക്ഷമിക്കുന്നു” എന്നാണ് ഉത്തരം പറഞ്ഞത്. ഇതാണ് യഥാർത്ഥ ദൈവസ്നേഹം. അതെ, ഇപ്രകാരമുള്ള മനോഭാവം എല്ലാ മനുഷ്യരിലും ഉണ്ടായാൽ ഭൂമിയെ നമുക്കു സ്വർഗ്ഗമാക്കുവാൻ സാധിക്കും.

ഡോ. ഗ്രഹാം സ്റ്റെയിൻസിന്റെ കുടുംബത്തിന്റെ ആതുര സേവകളും ത്യാഗവും മാനിച്ച് ഭാരതസർക്കാൻ അവർക്കു പത്മശ്രീ പ്രശസ്തിയും മദർ തെരേസ അന്തർദേശീയ ഓർമ്മ പ്രശസ്തിയും നൽകി ആദരിച്ചു. യേശുക്രിസ്തുവിനെ ക്രൂശിച്ചവരെ നോക്കി, “പിതാവേ, ഇവരോടു ക്ഷമിക്കേണമേ–ഇവർ എന്തു ചെയ്യുന്നു എന്നു ഇവരറിയുന്നില്ല” എന്നു പറഞ്ഞ അവരുടെ ഗുരുവിന്റെ ചുവടുകളെ അവർ പിൻഗമിച്ചു.

ആ സമയം ഭാരതത്തിന്റെ പ്രസിഡന്റായിരുന്ന ഡോ. കെ. ആർ. നാരായണൻ ഇപ്രകാരം പറഞ്ഞു: “ഭാരത മണ്ണിൽ കുഷ്ഠരോഗികളുടെ നടുവിൽ ആതുര സേവ ചെയ്യുവാൻ വന്ന ഇദ്ദേഹത്തോടു നന്ദിയുള്ളവരായി ഇദ്ദേഹത്തിന്റെ മാനദണ്ഡങ്ങളെ അനുകരിക്കുന്നതിനു പകരം ഇദ്ദേഹത്തോടു കാണിച്ച കിരാതവും മൃഗീയവുമായ പ്രവൃത്തി സഹിഷ്ണതയ്ക്കും, അഹിംസയ്ക്കും ലോകത്തിൽ പുകൾപെറ്റ ഭാരതത്തെ കരാളമാക്കി മാറ്റി.

ഇതിനാലത്രെ യേശുവിന്റെ ഉപദേശത്താൽ പിടിക്ക പ്പെട്ടവരായ ആയിരങ്ങൾ അവരുടെ ജീവനെ തൃണവൽക്കരിച്ചു ക്രിസ്തുവിന്റെ സദ്വർത്തമാനം വിളിച്ചറിക്കുവാനായി ജീവിതം ഉഴിഞ്ഞു വച്ചിരിക്കുന്നതു. ഇതു നിമിത്തം അനേകർ ദാരുണമായി രക്തസാക്ഷികളായി തീരുന്നു. എങ്കിൽ തന്നെയും ഈ സുവിശേഷം ദ്രുതഗതിയിൽ ലോകത്തിൽ പ്രചരിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യൻ പരസ്പരം സ്നേഹിക്കുകയും ദയ, കരുണ എന്നീ ദൈവീക സ്വഭാവങ്ങൾ ഉള്ളവരായി പാപമോക്ഷം പ്രാപിക്കുകയും ചെയ്യുക എന്നുള്ളതാണ് ദൈവ ഉദ്ദേശം.

## മദർ തെരേസ



യുഗോസ്ലോവിയായിൽ 26.08.1910–ൽ ആഗ്നസ് എന്നു വിളിപ്പേരുള്ള മദർ തെരേസ ജനിച്ചു. എട്ടു വയസ്സുള്ളപ്പോൾ പിതാവു മരിച്ചു. അമ്മ അവളെ വളർത്തി. ആഗ്നസിനു 18 വയസായപ്പോൾ, ഭാരതത്തിലേക്കു സുവിശേഷ വേല ചെയ്യുവാനുള്ള തീരുമാനത്തോടെ "സിസ്റ്റേഴ്സ് ഓഫ് ലൊറെറ്റോ" മഠത്തിൽ ചേർന്നു. 1929 ൽ ഇന്ത്യയിലെ കൽക്കത്തയിൽ എത്തിയ ആഗ്നസ് 20 വർഷം അദ്ധ്യാപികയായി ജോലി ചെയ്തു. ആ വർഷങ്ങളിൽ ചേരി നിവാസികളുടെ ദുരിത ജീവിതം മനസിലാക്കിയ അവൾ രോഗികളും ദീനരുമായ ഇവരുടെ സേവ ചെയ്വാൻ തീരുമാനിച്ചു. അങ്ങനെ ആഗ്നസ് നേഴ്സിംഗ് വിദ്യാഭ്യാസം തുടങ്ങി. പഠിത്തം പൂർത്തിയാക്കിയ അവൾ രോഗികൾക്കും ദീനർക്കും വേണ്ടി കൈയ്യിലുണ്ടായിരുന്ന അഞ്ചു രൂപ കൊണ്ട് ഒരു അഭയാർത്ഥി കേന്ദ്രം തുടങ്ങി. പാവപ്പെട്ടവരായ രോഗികൾക്കു മരുന്നു വാങ്ങുവാൻ തെരുവു തോറും ഭിഷ യാചിച്ചു. "മിഷനറികൾ കപടികൾ" എന്നു ഒരിക്കൽ ഒരാൾ പറഞ്ഞു. അവളുടെ കൈവെള്ളയിൽ തുപ്പി. അപ്പോൾ അവനോട് "ഈ തുപ്പൽ എനിക്ക്; എന്നാൽ പാവപ്പെട്ടവർക്കു വേണ്ടി വല്ലതും ദാനം നൽകുക" എന്ന് അവൾ ആവശ്യപ്പെട്ടു. കൈവെള്ളയിൽ തുപ്പിയ മനുഷ്യൻ പശ്ചാത്തപിച്ചു അവളോടു ക്ഷമ ചോദിക്കുകയും ധനസഹായം ചെയ്യുകയും ചെയ്തു.

കൽക്കത്തയിലെ കാളി അമ്പലത്തിനു സമീപമായിരുന്നു അവൾ താമസിച്ചിരുന്നതു. സമീപവാസികൾ "ഇവൾ മത പരിവർത്തനം ചെയ്യുന്നു" എന്നു പരാതി നൽകി. പരിശോധനയ്ക്കു വന്ന അധികാരികൾ



അവളുടെ അടുത്തു വന്നപ്പോൾ രോഗികളുടെ വൃണങ്ങളെ കഴുകുന്ന മദർ തെരേസയെയാണ് കണ്ടതു. അധികാരികൾ പരാതിക്കാരെ വിളിച്ചു വരുത്തി ഇങ്ങനെ പറഞ്ഞു. "ഇവർ ചെയ്യുന്ന ഈ പ്രവൃത്തികൾ നിങ്ങളുടെ മാതാക്കളും സഹോദരികളും ചെയ്യുവാൻ മുമ്പോട്ടു വന്നാൽ ഉടൻ തന്നെ ഇവരെ ഇവിടെ നിന്നും ഒഴിപ്പിച്ചു തരാം". ഇതു കേട്ട സമീപവാസികൾ ലജ്ജിച്ചു മടങ്ങപ്പോയി.

2007 ആയപ്പോൾ 123 രാജ്യങ്ങളിലായി 600 രോഗികൾുള്ള ആതുരാലയ കേന്ദ്രങ്ങൾ സ്ഥാപിച്ചു. തെരേസയുടെ ആതുര സേവനത്തിന്റെ ബഹുമാനാർത്ഥം ഇന്ത്യാ ഗവൺമെന്റ് പരമോന്നത പദവിയായ "ഭാരത രത്ന" ബഹുമതി നൽകി ആദരിച്ചു. ലോകം അവർക്കു "നോബൽ ബഹുമതിയും" നൽകി. 05.09.1997 ൽ അവർ മരിക്കുമ്പോൾ രാഷ്ട്ര ബഹുമതിയോടെ ഭാരത സർക്കാർ അവരുടെ പാർത്ഥിവ ശരീരം അടക്കം ചെയ്തു. അതായതു സൈനീക ബഹുമതികളോടെ പാർത്ഥിവ ശരീരം സൈനീക തോക്കു വാഹനത്തിന്റെ അകമ്പടിയോടെ വിലാപ യാത്ര നടത്തി. ഇങ്ങനെയുള്ള വിലാപ യാത്ര രാഷ്ട്രനേതാക്കളായ മഹാത്മ ഗാന്ധിജി, ജവഹർലാൽ നെഹ്റു ഇവർക്കു മാത്രമേ നൽകിയിട്ടുള്ളു. വിദേശ രാഷ്ട്രത്തലവന്മാർ, പ്രധാന മന്ത്രിമാർ, മറ്റ അനേക ദേശങ്ങളിൽ നിന്നുള്ള നേതാക്കന്മാർ ഈ സംസ്ക്കാര ചടങ്ങിൽ പങ്കു ചേർന്നു. ഭാരതീയരായ നമുക്കു ഏവർക്കും പ്രശംസിക്കാവുന്നതു തന്നെ!

**അതുകൊണ്ടു കർത്താവായ യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ പ്രവർത്തിപ്പിക്കുന്ന പുണ്യരെ നമുക്കും ആദരിക്കാം.**

(09-12-2013–ൽ ഷിവമോഗ്ഗ നഗരത്തിലെ വാർത്തയിൽ
പ്രസിദ്ധീകരിച്ചത്)



# 20. ദൈവജ്ഞാനം



"നസ്രയനായ യേശുവിനെ ആരാധിക്കുന്ന ഒരു പൗരസ്ത്യനായിരുന്നെങ്കിൽ എനിക്ക് ശേഷിക്കുന്നതു ഒന്നു മാത്രമേയുള്ളു. അതു അവനെ ദൈവമെന്നു ആരാധിക്കുക അല്ലാതെ മറ്റൊന്നുമില്ല."

*സ്വാമി വിവേകാനന്ദൻ*

(The complete works of Swamy Vivekananda, vol.8, pg. No. 182)

ഏകദേശം 3000 വർഷങ്ങൾക്കു മുമ്പ് ഇസ്രായേൽ രാഷ്ട്രത്തിലെ ശലോമോൻ രാജാവിന്റെ കാലത്തു രണ്ടു സ്ത്രീകൾ തമ്മിൽ കലഹം ഉണ്ടായി. ആ രണ്ടു സ്ത്രീകൾ രാജാവിന്റെ അടുക്കൽ വന്ന് അവന്റെ മുമ്പാകെ നിന്നു. അവരിൽ ഒരുത്തി പറഞ്ഞത്; 'തമ്പുരാനേ, അടിയനും ഇവളും ഒരു വീട്ടിൽ പാർക്കുന്നു. ഞങ്ങൾ പാർക്കുന്ന വീട്ടിൽ വെച്ചു ഞാനൊരു കുഞ്ഞിനെ പ്രസവിച്ചു. ഞാൻ പ്രസവിച്ചതിന്റെ മൂന്നാം ദിവസം ഇവളും പ്രസവിച്ചു. ഞങ്ങൾ ഒന്നിച്ചായിരുന്നു. ഞങ്ങൾ രണ്ടു പേരും ഒഴികെ ആ വീട്ടിൽ മറ്റാരും ഞങ്ങളോടു കൂടെ ഉണ്ടായിരുന്നില്ല. എന്നാൽ രാത്രി ഇവൾ തന്റെ മകന്റെ മേൽ കിടന്നുപോയതുകൊണ്ട് അവൻ മരിച്ചു പോയി. അവൾ അർദ്ധരാത്രി എഴുന്നേറ്റു അടിയൻ ഉറങ്ങുന്ന സമയം അടിയന്റെ അരികെ നിന്നു അടിയന്റെ മകനെ എടുത്തു അവളുടെ പള്ളയ്ക്കലും അവളുടെ മരിച്ച മകനെ എടുത്ത് അടിയന്റെ പള്ളയ്ക്കലും കിടത്തി. രാവിലെ കുഞ്ഞിനെ മുലകൊടുപ്പാൻ അടിയൻ എഴുന്നേറ്റപ്പോൾ അതു മരിച്ചിരിക്കുന്നതു കണ്ടു. വെളിച്ചമായശേഷം അടിയൻ സൂക്ഷിച്ചു നോക്കിയാറെ അതു അടിയൻ പ്രസവിച്ച കുഞ്ഞല്ല. അതിനു മറേ സ്ത്രീ, അങ്ങനെയല്ല ജീവനുള്ളതു എന്റെ



കുഞ്ഞ് മരിച്ചതു നിന്റെ കുഞ്ഞ് എന്നു പറഞ്ഞു. ഇവളോ; മരിച്ചതു നിന്റെ കുഞ്ഞ് ജീവനുള്ളതു എന്റെ കുഞ്ഞ് എന്നു പറഞ്ഞു. ഇങ്ങനെ അവർ രാജാവിന്റെ മുമ്പാകെ തമ്മിൽ വാദിച്ചു.

അപ്പോൾ രാജാവു കൽപ്പിച്ചതു; ജീവനുള്ളത് എന്റെ കുഞ്ഞ് മരിച്ചതു നിന്റെ കുഞ്ഞ് എന്നു ഇവൾ പറയുന്നു. അങ്ങനെയല്ല ജീവനുള്ളതു എന്റെ കുഞ്ഞ് മരിച്ചതു നിന്റെ കുഞ്ഞ് എന്നു മറേറവൾ പറയുന്നു. "ഒരു വാൾ കൊണ്ടു വരുവിൻ" എന്നു രാജാവു കല്പിച്ചു. അവർ ഒരു വാൾ കൊണ്ടു വന്നു. അപ്പോൾ രാജാവു "ജീവനുള്ള കുഞ്ഞിനെ രണ്ടായി പിളർന്നു പാതി ഒരുത്തിക്കും പാതി മറേറവൾക്കും കൊടുപ്പിൻ" എന്നു കല്പിച്ചു. ഉടനെ ജീവനുള്ള കുഞ്ഞിന്റെ അമ്മ തന്റെ കുഞ്ഞിനെക്കുറിച്ച് ഉള്ളു കത്തുകകൊണ്ട് രാജാവിനോട്: "അയ്യോ! എന്റെ തമ്പുരാനേ, ജീവനുള്ള കുഞ്ഞിനെ കൊല്ലരുതേ. അതിനെ അവൾക്കു കൊടുത്തുകൊൾവിൻ'' എന്നു പറഞ്ഞു. മറേറവളോ; എനിക്കും വേണ്ട, നിനക്കും വേണ്ട, അതിനെ പിളർക്കട്ടെ' എന്നു പറഞ്ഞു. അപ്പോൾ രാജാവ്; ജീവനുള്ള കുഞ്ഞിനെ കൊല്ലരുത്. അവൾക്കു കൊടുപ്പിൻ അവൾ തന്നെ അവന്റെ തള്ള എന്നു കല്പിച്ചു. രാജാവ് കല്പിച്ച വിധി യിസ്രായേലൊക്കെയും കേട്ടു. ന്യായപാലനം ചെയ്യുവാൻ ദൈവത്തിന്റെ ജ്ഞാനം രാജാവിന്റെ ഉള്ളിൽ ഉണ്ട് എന്നു കണ്ടു അവനെ ഭയപ്പെട്ടു. (1 രാജാ. 3:16–28)

ദൈവം സകല പ്രാണികളെയും ശരീരവും പ്രാണനും ഉള്ളതായി സൃഷ്ടിച്ചു. എന്നാൽ മനുഷ്യനെയോ ശരീരവും, പ്രാണനും, ആത്മാവും ഉള്ളവനായി സൃഷ്ടിച്ചു. ശരിയായ ജ്ഞാനം ആത്മാവിലാണെന്നു പറയാം. 'ജ്ഞാനഹീനനായ മനുഷ്യൻ നശിച്ചു പോകുന്ന മൃഗങ്ങൾക്കു തുല്യനാകുന്നു – അല്ല മൃഗത്തെക്കാളും അധഃപതിച്ചവനാകുന്നത് എത്ര ദയനീയം. ധനവാന്മാരും, സുന്ദരന്മാരും സമർത്ഥരുമായ

അനേകർ ഇങ്ങനെ ഉള്ളവരാണ്. എന്നാൽ ജ്ഞാനിയായവൻ ഒന്നുമില്ലെങ്കിൽ പോലും തന്റെ ജ്ഞാനത്തിനാൽ എല്ലാവരെയും തന്റെ അധീനത്തിൽ കൊണ്ടുവന്ന് ഉന്നത സ്ഥാനത്തെത്തുന്നു. ബുദ്ധിമാൻ/ജ്ഞാനിയായവൻ ആകാശത്തിലെ നക്ഷത്രങ്ങളെ പോലെ ശോഭിക്കും. കാരണം അവർ അനേകരെ നീതിമാർഗ്ഗത്തിൽ നടത്തുന്നു. ആകയാൽ മനുഷ്യ ജീവിതത്തിൽ ജ്ഞാനത്തെക്കാൾ വലിയ സമ്പത്തു മററൊന്നുമില്ല.

ഈ ലോകത്തിലുള്ള ജ്ഞാന കേന്ദ്രങ്ങളായ സർവ്വകലാശാലകളിൽ പഠിച്ചു ദേശാടനം നടത്തി 'കോശപ്രാപ്തി' നേടി അനുഭവസിദ്ധി പ്രാപിച്ച ബുദ്ധി ജീവികളാകുവാൻ കഴിയും. എന്നാൽ സൃഷ്ടാവിനെ കുറിച്ചുള്ള ദൈവജ്ഞാനം ഇവിടെനിന്നു പ്രാപിക്കുവാൻ കഴിയുകയില്ല. കാരണം **''ലോകജ്ഞാനം ദൈവ മുമ്പാകെ ഭോഷത്വമത്രേ.''** ദൈവജ്ഞാനം അവന്റെ ആത്മാവിനെ കുറിച്ചുള്ള അറിവാണ്. ആത്മാവിന്റെ ഉടയവനായ ആത്മാവായ ദൈവത്തിൽ നിന്നും മാത്രമേ ഈ അറിവു പ്രാപിക്കുവാൻ സാധിക്കുകയുള്ളു. ഇതിനെക്കുറിച്ചു വിശുദ്ധ ബൈബിൾ പറയുന്നു"യഹോവ ഭക്തി (ഭയം) ജ്ഞാനത്തിന്റെ ആരംഭം ആകുന്നു". അവന്റെ കല്പനകളെ പ്രമാണിച്ചു നടക്കുന്നവൻ പരിജ്ഞാനവും വകതിരിവുമുള്ളവനാകുന്നു. ദൈവഭക്തി (ഭയം) എന്നുള്ളതു കേവലം മതപരമായ ആചാരാനുഷ്ഠാനങ്ങളോ ജപതപങ്ങളോ മാത്രമല്ല പിന്നെയോ ഇത് പാപമോക്ഷം പ്രാപിക്കുന്നതും അഹങ്കാരം, ദുഷ്ടത, അഹന്ത, ദുർഭാഷണം ഇവകൾ വെറുക്കുന്നതുമാണ്.

ആകയാൽ ദൈവത്തിന്റെ വചനങ്ങൾ അംഗീകരിച്ചു അവന്റെ കല്പനകളെ നിധിയെപ്പോലെ സൂക്ഷിക്കുക. "നിന്റെ ചെവി ജ്ഞാനത്തിനും ഹൃദയം പരിജ്ഞാനത്തിനും തുറക്കുക. നീ ബോധത്തിനായി വിളിച്ചു വിവേകത്തിനായി ശബ്ദം ഉയർത്തുന്നു എങ്കിൽ അതിനെ വെള്ളിയെപ്പോലെ



അന്വേഷിച്ചു നിക്ഷേപങ്ങളെ പോലെ തിരയുന്നു എങ്കിൽ നീ യഹോവ ഭക്തി ഗ്രഹിക്കുകയും ദൈവപരിജ്ഞാനം കണ്ടെത്തുകയും ചെയ്യും. **യഹോവയല്ലോ (ദൈവം) ജ്ഞാനം നൽകുന്നവൻ''** അവന്റെ വായിൽ നിന്നും പരിജ്ഞാനവും വിവേകവും വരുന്നു. അവൻ നേരുള്ളവർക്കു രക്ഷ സംഗ്രഹിച്ചു വെയ്ക്കുന്നു. നിഷ്കളമായി നടക്കുന്നവർക്കു അവൻ ഒരു പരിച തന്നേ. അവൻ ന്യായത്തിന്റെ പാതകളെ കാക്കുന്നു. തന്റെ വിശുദ്ധന്മാരുടെ വഴിയെ സൂക്ഷിക്കുന്നു. അങ്ങനെ നീ നീതിയും ന്യായവും നേരും സകല സന്മാർഗ്ഗവും ഗ്രഹിക്കും. അതു നിന്നെ ദുഷ്ടന്റെ വഴിയിൽ നിന്നും വികടം പറയുന്നവരുടെ കൂട്ടത്തിൽ നിന്നും വിടുവിക്കും. ജ്ഞാനം നിന്നെ പരസ്ത്രീയുടെ കയ്യിൽ നിന്നും ചക്കരവാക്കു പറയുന്ന അന്യസ്ത്രീയുടെ വശത്തുനിന്നും വിടുവിക്കും. അവളുടെ വീടു മരണത്തിലേയ്ക്കും അവളുടെ പാതകൾ പ്രേതാത്മക്കളുടെ ലോകത്തിലേയ്ക്കും പോകുന്നു. അവളുടെ അടുക്കൽ പോകുന്നവർ ആരും മടങ്ങി വരുകയില്ല. അവർ മോക്ഷമാർഗ്ഗം പ്രാപിക്കുന്നതുമില്ല. അതുകൊണ്ടു നീ സജ്ജനത്തിന്റെ വഴിയിൽ നടന്ന് നീതിമാന്മാരുടെ പാതകളെ പ്രമാണിച്ചു കൊൾക. (സദൃശ. 2:2–20)

ജ്ഞാനം ഒരു ശരണം. ദ്രവ്യവും ഒരു ശരണം. ജ്ഞാനമോ ജ്ഞാനിയുടെ ജീവനെ രക്ഷിക്കുന്നു. ഇതത്രെ പരിജ്ഞാനത്തിന്റെ വിശേഷത (സഭാപ്ര. 7:12). ജ്ഞാനം സമ്പാദിക്കുക, വിവേകം നേടുക. എന്റെ വചനങ്ങളെ വിട്ടു മാറരുത്. അതിനെ ഉപേക്ഷിക്കരുത്. അതു നിന്നെ കാക്കും. അതിൽ പ്രിയം വയ്ക്കുക. അതു നിന്നെ സൂക്ഷിക്കും. ജ്ഞാനം സമ്പാദിക്കുക. നിന്റെ സകല സമ്പാദ്യത്താലും വിവേകം നേടുക. അതിനെ ഉയർത്തുക. അതു നിന്നെ ഉയർത്തും. അതിനെ ആലിംഗനം ചെയ്താൽ അതു നിനക്കു മാനം വരുത്തും. അതു നിന്റെ തലയെ അലങ്കാരമാല അണിയിക്കും. അതു നിന്നെ ഒരു മഹത്വ കിരീടം ചൂടിക്കും.

മുത്തുകളെക്കാൾ ജ്ഞാനം പറയുന്ന അധരങ്ങൾ മനോഹരമായ ആഭരണം. ജ്ഞാനിയായ ഒരു ഭക്തൻ ഇങ്ങനെ പറയുന്നു– "ദൈവമേ, നിന്റെ വിശുദ്ധ പ്രമാണം എനിക്കു എത്രയോ പ്രിയം. ഇടവിടാതെ അതു എന്റെ ധ്യാനമാകുന്നു. നിന്റെ കല്പനകൾ എന്നെ എന്റെ ശത്രുക്കളേക്കാൾ ബുദ്ധിമാനാക്കുന്നു. നിന്റെ വചനങ്ങൾ (സാക്ഷ്യം) എന്റെ ധ്യാനമായിരിക്കയാൽ എന്റെ സകല ഗുരുക്കന്മാരിലും ഞാൻ ബുദ്ധിമാൻ ആകുന്നു." (സങ്കീ. 119:97–100)

## കണ്ടുപിടുത്തങ്ങൾ

ഇതിനു ഉത്തമ ഉദാഹരണങ്ങളാണ് അജ്ഞാനത്തിൽ നിന്നും അന്ധവിശ്വാസത്തിൽ നിന്നും നമ്മെ രക്ഷിച്ചു ജ്ഞാന വിവേകത്തോടു കൂടി ജീവിക്കേണ്ടതിനു അത്യാവശ്യമായ അനേകം കണ്ടുപിടുത്തങ്ങൾ ലോകത്തിനു സമ്മാനിച്ച ദിവ്യ ശാസ്ത്രജ്ഞന്മാർ. ഈ മഹാന്മാരുടെ കണ്ടുപിടുത്തങ്ങൾ മനുഷ്യജീവിതത്തെ സുഗമമാക്കി, രോഗികൾക്കു സൗഖ്യം നൽകി, വിശപ്പിൽ നിന്നും പാപ്പരത്വത്തിൽ നിന്നും മോചനം നൽകി, ജീവിതകാലം ദീർഘമാക്കി, സുരക്ഷയേകി, വിദ്യാഭ്യാസ സൗകര്യം വർദ്ധിച്ചു, വാർത്താവിനിമയം വേഗത്തിലാക്കി, യാത്രാക്ലേശം ഇല്ലാതാക്കി, ജ്ഞാനം വർദ്ധിച്ചു. മനുഷ്യ കണ്ടുപിടുത്തങ്ങളിൽ ചിലതു ചുവടെ ചേർക്കുന്നു. ഇവർ എല്ലാവരും തന്നെ ദൈവ വിശ്വാസികളും സത്യവേദ പുസ്തകം വിശ്വസിക്കുന്നവരും ദൈനംദിന ജീവിതത്തിൽ ധ്യാനിക്കുന്ന വരുമായിരുന്നു. ഈ അനേക കണ്ടുപിടുത്തങ്ങളിൽ ഭൂരിഭാഗം ശാസ്ത്രജ്ഞന്മാരും യഹൂദരും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവരും ആയിരുന്നു. ലോക ജനസംഖ്യയിൽ വെറും 0.19 ശതാമനം മാത്രമുള്ള ഈ വംശജർ 210 നോബൽ പ്രശസ്തികൾ സ്വന്തമാക്കിയിരിക്കുന്നതു ആശ്ചര്യം തന്നെ!



## INVENTIONS

| Sl.No. | Inventions | Inventor | Country | Year |
|---|---|---|---|---|
| 1 | Adding Machine | Blaise Pascal | France | 1642 |
| 2 | Addressograph | J.S. Duncan | U.S | 1893 |
| 3 | Airship (non-rigid) | Henri Giffard | France | 1852 |
| 4 | Airplane & Wilbur Wright Kitty Hawk | Orville Wright North Carolina | U.S | 1903 |
| 5 | Airship (rigid) Zeppelin | Graf Ferdinand von | Germany | 1900 |
| 6 | Antiseptic | Dr. Joseph Lister | England | 1867 |
| 7 | Arc Lamp | C.F. Brush | U.S | 1879 |
| 8 | Argon | Sir William Ramsay and Baron Ray Leigh | Great Britain | 1894 |
| 9 | Aspirin | Dr. Felix Hoffman | Germany | 1899 |
| 10 | Atom Bomb | Julius Robert Oppenheimer | U.S | 1945 |
| 11 | Autogiro | Juan de la Cierva | Spain | 1923 |
| 12 | Automobile (steam) | Nicolas Cugnot | France | 1769 |

മുകളിൽ കാണുന്ന കണ്ടുപിടുത്തങ്ങൾ എല്ലാം ഇസ്രായേൽ ദേശക്കാരുടെതാണ്, അഥവാ യഹൂദന്മാരുടെതാണ്. ദൈവം തിരഞ്ഞെടുത്ത ജനം ആയിരുന്നു. യേശുവും ഒരു യഹൂദൻ ആയിരുന്നു. യഹൂദന്മാർക്ക് ദൈവം പ്രത്യേക ജ്ഞാനം കൊടുത്തിട്ടുണ്ട്. ലോക ജനസംഖ്യയിൽ 0.19 ശതമാനമേ ഉള്ളൂ എങ്കിലും പര്യവേക്ഷണത്തിനും കണ്ടുപിടുത്തങ്ങൾക്കും 213 നോബൽ പ്രശസ്തികൾ അവരുടെതായിട്ടുണ്ട്.

നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവുണ്ട് എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോട് യാചിക്കട്ടെ; അപ്പോൾ അവനു ലഭിക്കും. എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ അപേക്ഷിക്കണം. സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽത്തിരയ്ക്കു സമൻ.. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിൽ നിന്നും വല്ലതും ലഭിക്കും എന്നു നിരൂപിക്കരുതു.

**ദൈവം നിങ്ങളോടു കരുണ കാണിക്കുകയും നിങ്ങൾക്കു മോക്ഷപ്രാപ്തി ലഭിക്കട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.**